# താമരമൊട്ടുകൾ

വാല്യം 25 | മാർച്ച് 2023 | ലക്കം 03 | Price ₹ 20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## March 2023

| | | |
|---|---|---|
| 01 | 09.00 | Maruthomkara |
| | 17.00 | Maruthomkara |
| 02 | 09.00 | Vilangad |
| 03 | 12.00 | Bethania |
| | 18.00 | Thiruvambady |
| 04 | 06.00 | Puthuppady |
| | 10.00 | Thamarassery |
| | 16.00 | Peruvannamoozhi |
| 05 | 07.00 | Peedikapara |
| 07 | 17.00 | Koorachundu |
| 08 | 09.00 | Thiruvambady |
| 09 | | Kozhikode |
| 10 | 07.00 | PMOC |
| | 18.30 | Bethania |
| 11 | 06.30 | Passukadavu |
| | 11.00 | Thamarassery |
| | 18.00 | Kozhikode |
| 12 | 07.00 | Chundathumpoyil |
| 13 | 06.30 | Korangad |
| | 09.00 | Thamarassery |
| 14 | 10.00 | Thamarassery |
| 15 | 09.00 | Koorachundu |
| 16 | 09.00 | Kodanchery |
| 17 | 06.30 | Engapuzha |
| 18 | 06.30 | Sanathana Seminary |
| | 10.30 | Thamarassery |
| 19 | 10.00 | Mankavu |
| | 17.30 | Kattangal |
| 20 | 09.00 | Karuvarakundu |
| 21 | 09.00 | Malappuram |
| 22 | 09.00 | Perinthalmanna |
| 23 | 07.00 | Koomully |
| | 18.00 | Thamarassery |
| 24 | 18.30 | Bethania |
| 25 | 07.00 | Thamarassery |
| | 10.00 | Thiruvambady |
| | 16.00 | Kalkundu |
| 26 | 07.00 | Kalkundu |
| 27 | 09.00 | Thottumukkam |
| 28 | 10.30 | Thamarassery |
| | 17.00 | Chakkittapara |
| 29 | 09.00 | Paroppady |
| 30 | 08.00 | Cathedral |
| | 11.00 | START |
| 31 | | Kulathuvayal |

വാല്യം 25 താമരമൊട്ടുകൾ ഫെബ്രുവരി 2023 ലക്കം 02


# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ജോസഫ് നിദ്രയിൽ നിന്ന് ഉണർന്ന്, കർത്താവിന്റെ
ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു"
(മത്തായി 1:24)


സീറോ – മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ
ചാൻസലറായി നിയമിതനായ
റവ. ഫാ. അബ്രഹാം കാവിൽപ്പുരയിടത്തിൽ അച്ചന്
താമരശ്ശേരി രൂപതയുടെ
അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...



രാഷ്ട്ര ദീപിക ലിമിറ്റഡിന്റെ
മാനേജിംഗ് ഡയറക്ടറായി നിയമിതനായ
റവ. ഫാ. ജോർജ്ജ് മുണ്ടനാട്ട് അച്ചന്
DEEPIKA
താമരശ്ശേരി രൂപതയുടെ
അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 163 |
| 2. | പ്രോഗ്രാം മാർച്ച് 2023 | 165 |
| 3. | മദ്യവിരുദ്ധ ഞായർ | 166 |
| 4. | നോമ്പുകാല സന്ദേശം | 171 |
| 5. | ഇടയലേഖനം 02/2023 | 176 |
| 6. | കച്ചേരിക്കാര്യം | 180 |
| 7. | വിശ്വാസപരിശീലനം | 185 |
| 8. | ആദരാഞ്ജലികൾ | 190 |
| 9. | ചെറുപുഷ്പ മിഷൻലീഗ് | 191 |
| 10. | വൊക്കേഷൻ ബ്യൂറോ | 194 |
| 11. | ലിറ്റർജി കമ്മീഷൻ | 195 |
| 12. | സെമിനാരി വാർത്തകൾ | 196 |
| 13. | വിദ്യാഭ്യാസരംഗം | 197 |
| 14. | സ്റ്റാർട്ട് | 200 |
| 15. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 203 |
| 16. | ആൽഫ മരിയ അക്കാദമി | 204 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 205 |
| 18. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 206 |
| 19. | ഇൻഫാം | 207 |
| 20. | ഫാമിലി അപ്പോസ്തലേറ്റ് | 208 |
| 21. | മാതൃവേദി | 209 |
| 22. | കത്തോലിക്ക കോൺഗ്രസ് | 214 |
| 23. | കെസിവൈഎം-എസ്എംവൈഎം | 219 |
| 24. | കുടുംബ കൂട്ടായ്മ | 224 |
| 25. | ജീസസ് ഫ്രട്ടേണിറ്റി | 225 |
| 26. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 227 |
| 27. | കരിസ്മാറ്റിക് മൂവ്മെന്റ് | 228 |
| 28. | ബഥാനിയ ധ്യാനകേന്ദ്രം | 230 |
| 29. | വികസനവേദി | 232 |
| 30. | യേശുനിധി | 237 |
| 31. | അജപാലനക്കുറിപ്പുകൾ | 238 |

# Greetings

# BIRTH DAY

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachickal Alex | | 3 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Purayidathil George | | 5 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Narivelil George | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidathil Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 19 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |
| Kochuparambil Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

## March 19

Rev. Fathers

Alappattukottayil Joseph
Antheenadu Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Kappil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kottarathil Joseph
Kunnath Joseph
Kuzhikattumyalil Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Panthaladickal Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Puthettupadvil Joseph
Puthanpurakkal Joseph
Pulichamakkal Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph
Vilangupara Joseph



**Mar Remigiose Inchananiyil**

## പ്രോഗ്രാം മാർച്ച് 2023

| | | |
|---|---|---|
| 14 | ചൊവ്വ | വൈദിക സമ്മേളനം |
| 15 | ബുധൻ | പാതിനോമ്പ് |
| 19 | ഞായർ | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 24 | വെള്ളി | **ചരമദിനം: ഫാ. ജോർജ്ജ് പരുത്തപ്പാറ (2011)** |
| 25 | ശനി | മംഗളവാർത്തത്തിരുനാൾ |
| 26 | ഞായർ | **ചരമദിനം: ഫാ. ജോൺ പനയ്ക്കപ്പിള്ളി (2020)** |
| 28 | ചൊവ്വ | വൈദിക സമിതി സമ്മേളനം |
| 29 | ബുധൻ | **ചരമദിനം : ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018)** |
| 31 | വെള്ളി | നാല്പതാം വെള്ളി : കുളത്തുവയൽ തീർത്ഥാടനം |

# മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദീകരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യതിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യുതിക്കും മദ്യപാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുകളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാടാനുറച്ച്കൊണ്ട് ജില്ലാ, താലൂക്കു, പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടുക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി

മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47-പ്രകാരം ദാരിദ്രത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരുടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നടത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലുവയസുകാരി പാമ്പുകടിയേറ്റ് മരണപ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവ

ശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സ്വൈര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിത കാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യവിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism, Friday 22nd June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ് ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ട

രിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെ തിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടിക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലുടേയും പുതിയ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996-ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചു കൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭി

വന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്
(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)


ബിഷപ്പ് ക്രിസ്തുദാസ്. ആർ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

---

N.B.: ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023-ലെ തപസ്സുകാലത്തിലേക്കു നല്കുന്ന സന്ദേശം

**"തപസ്സുകാല അനുതാപവും സിനഡാത്മക സഞ്ചാരവും"**

പ്രിയ സഹോദരീസഹോദരന്മാരേ,

മത്തായിയുടെയും മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങൾ യേശുവിന്റെ രൂപാന്തരണത്തിന്റെ വിവരണം നല്കുന്നു. തന്നെ മനസ്സിലാക്കാൻ പരാജയപ്പെട്ട ശിഷ്യന്മാരോടുള്ള യേശുവിന്റെ പ്രതികരണമാണ് നാം അവിടെ കാണുന്നത്. അതിന് അല്പംമുമ്പായി ഗുരുവും ശിമയോൻ പത്രോസും തമ്മിൽ ഗൗരവമായ ഒരു അഭിപ്രായവ്യത്യാസ പ്രകടനം നടന്നിരുന്നു. യേശുവിനെ ക്രിസ്തുവും ദൈവപുത്രനും ആയി പ്രഖ്യാപിച്ച പത്രോസിന് അവിടത്തെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും പ്രവചനം ഉൾക്കൊള്ളാനായില്ല. അതിനാൽ യേശു പത്രോസിനെ ശക്തമായി ശകാരിച്ചു: "സാത്താനേ, നീ എന്റെ പിന്നിലേക്കു പോകു, നീ എനിക്കു തടസ്സമാണ്. കാരണം, നീ ചിന്തിക്കുന്നത് ദൈവികകാര്യങ്ങളല്ല, മാനുഷിക കാര്യങ്ങളാണ്" (മത്താ 16:23). ഇതിനെ തുടർന്ന്, "യേശു ആറുദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെമാത്രം കൂട്ടിക്കൊണ്ട് ഒരുയർന്ന മലയിലേക്കു പോയി" (മത്താ 17:1).

എല്ലാവർഷവും തപസ്സുകാലത്തിലെ രണ്ടാംഞായറാഴ്ച രൂപാന്തരണത്തിന്റെ സുവിശേഷം വായിച്ചുവരുന്നു. ആരാധനക്രമത്തിലെ ഈ കാലഘട്ടത്തിൽ കർത്താവ് നമ്മെ തന്നോടൊപ്പം വേറൊരു സ്ഥലത്തേക്കു മാറ്റിനിറുത്തുന്നു. നമ്മുടെ സാധാരണയുള്ള ചുമതലകൾ നമ്മെ നാം സാധാരണയായി ആയിരിക്കുന്നിടത്തുതന്നെ നിലകൊള്ളാനും നാം പലപ്പോഴും ആവർത്തിച്ചുചെയ്യുന്നതും വിരസത ഉളവാക്കുന്നതുമായ ദൈനംദിന പ്രവൃത്തികൾ നിർവഹിക്കാനും നിർബന്ധിക്കുമ്പോൾ യേശുവിനോടൊത്ത് "ഒരുയർന്ന മലയിലേക്കു" കയറിപ്പോകാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധ ജനമെന്ന നിലയ്ക്ക് സവിശേഷമായ ഒരു ആധ്യാത്മിക അച്ചടക്കത്തിന്റെ (താപസവൃത്തി – 'അഷേസിസ്' എന്ന് ലത്തീനിൽ) അനുഭവത്തിൽ ജീവിക്കാനുമായി തപസ്സുകാലം നമ്മെ ക്ഷണിക്കുന്നു.

തപസ്സുകാല അനുതാപം എന്നത് നമ്മുടെ വിശ്വാസകുറവിനേയും യേശുവിനെ കുരിശിന്റെ പാതയിൽ അനുഗമിക്കുന്നതിനുള്ള നമ്മുടെ വിമുഖതയെയും

മറികടക്കുന്നതിനുള്ള കൃപാവരങ്ങൾ പരിപോഷിപ്പിക്കപ്പെടുന്ന ഒരു പ്രതിജ്ഞാ ബദ്ധതയാണ്. ഇതുതന്നെയായിരുന്നു പത്രോസും ഇതരശിഷ്യരും ചെയ്യേണ്ടിയിരുന്നത്. ഗുരുവിനെകുറിച്ചുള്ള അറിവ് ആഴപ്പെടുത്താനും, സ്നേഹത്താൽ പ്രചോദിതരായി സമ്പൂർണ സ്വയംദാനംവഴി നേടിയെടുക്കപ്പെട്ട, അവിടത്തെ രക്ഷയുടെ രഹസ്യത്തെ പൂർണമായി മനസ്സിലാക്കാനും അതിനെ ആശ്ലേഷിക്കാനുമായി നമ്മെ അവിടന്നു വേർതിരിച്ചു നിറുത്താനും കേവലസാമാന്യതയിൽ നിന്നും വ്യർഥതയിൽ നിന്നും വേർതിരിക്കപ്പെടാനും നാം നമ്മെത്തന്നെ അനുവദിക്കണം. അതിയായി നാം ഒരു യാത്രയ്ക്കു തയ്യാറാവണം; മലകയറുന്നതുപോലെ മുകളിലേ ക്കുള്ള ഒരു യാത്രയാണിത്; അതിന് പ്രയത്നവും ത്യാഗവും ഏകാഗ്ര തയും ആവശ്യമുണ്ട്. ഒരു സഭ എന്ന നിലയ്ക്ക് ഇന്ന് നാം പ്രതിജ്ഞാ ബദ്ധരായിരിക്കുന്ന സിനഡാത്മക സഞ്ചാരത്തിനും അവ അനിവാര്യ മാണ്. ആകയാൽ, തപസ്സനുഷ്ഠാനവും സിനഡാത്മക അനുഭവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനം വളരെ ഉപകാരപ്രദമാ യിരിക്കും.

താബോർമലയിലേക്കുള്ള തന്റെ 'പിൻവാങ്ങലിൽ' (retreat) യേശു മൂന്ന്ശിഷ്യന്മാരെ കൂടെകൊണ്ടുപോയി; അസാധാരണമായ ആ സംഭവത്തിന് സാക്ഷികളാകാൻ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. എന്നാൽ, കൃപയുടെ ആ അനുഭവം പങ്കുവെയ്ക്കപ്പെടണ മെന്ന് യേശു ആഗ്രഹിക്കുന്നു; അത് അവരുടേത് മാത്രമായി അവശേഷിക്കാൻ പാടില്ല; നമ്മുടെ വിശ്വാസജീവിതം എന്നതുതന്നെ പങ്കുവെയ്ക്കപ്പെടുന്ന ഒരു അനുഭവം ആണല്ലോ! എന്തെന്നാൽ, ഒത്തൊരുമിച്ചാണല്ലോ നാം യേശുവിനെ അനുഗമിക്കുന്നത്. സമയബന്ധിതമായിരിക്കുന്ന ഒരു തീർത്ഥാടക സഭ എന്ന നിലയിൽ നാം ഒരുമിച്ചാണ് ആരാധനാവർഷവും അതിന്റെ ഭാഗമായിരിക്കുന്ന തപസ്സുകാലവും ആചരിക്കുന്നതും അനുഭവിക്കുന്നതും; അതായത്, നമ്മുടെ സഹയാത്രികരോടൊപ്പം, കർത്താവ് നമുക്ക് നൽകിയിട്ടുള്ള വരോടൊപ്പം, നടന്നുകൊണ്ട്. യേശുവിന്റെയും ശിഷ്യന്മാരുടെയും താബോർ മലകയറ്റംപോലെ നമ്മുടെ തപസ്സു കാലസഞ്ചാരവും സിനഡാത്മകം ആണെന്ന് നമുക്ക് പറയാനാകും; കാരണം, അതു നാം ഒരേ ഗുരുവിന്റെ ശിഷ്യർ എന്ന നിലയിൽ ഒരേയൊരു പാതയിൽ ഒരുമിച്ചു നടക്കുന്നതാണ്. എന്തെന്നാൽ, യേശുതന്നെയാണ് 'വഴി' എന്ന് നമുക്കറിയാം. അതിനാൽ, ആരാധനക്രമപരമായ സഞ്ചാര ത്തിലും സിനഡിന്റെ സഞ്ചാരത്തിലും സഭ നടത്തുന്നത് രക്ഷകനായ ക്രിസ്തുവിന്റെ രഹസ്യത്തിലേക്ക് കൂടുതൽ ആഴത്തിലും പൂർണതയിലും പ്രവേശിക്കുക എന്നതിലുപരി മറ്റൊന്നുമല്ല.

അങ്ങനെ നാം അതിന്റെ ഉച്ചസ്ഥാനത്ത് എത്തിച്ചേരുന്നു. യേശു 'അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെ പ്പോലെ വെട്ടിത്തിളങ്ങി;

അവന്റെ വസ്ത്രങ്ങൾ പ്രകാശംപോലെ ധവളമായി' (മത്താ 17:2) എന്ന് സുവിശേഷം പറയുന്നു. സഞ്ചാര ത്തിന്റെ കൊടുമുടി അഥവാ ലക്ഷ്യം ഇതാണ്. തങ്ങളുടെ ആരോഹ ണത്തിന്റെ അവസാനം അവർ ഗിരിശൃംഗത്തിൽ യേശുവിനോടൊപ്പം നിൽക്കുന്നു; അലൗകികമായ പ്രകാശത്തിൽ തിളങ്ങിനിന്ന യേശു വിന്റെ മഹത്വം ദർശിക്കാനുള്ള കൃപാവരം ആ മൂന്ന് ശിഷ്യന്മാർക്ക് ലഭിക്കുകയുണ്ടായി. ആ പ്രകാശം പുറത്തുനിന്ന് വന്നതായിരുന്നില്ല; അത് കർത്താവിൽ നിന്നുതന്നെ പ്രസരിച്ചതാണ്. താബോർ ആരോഹണത്തിനായി ശിഷ്യന്മാർ നടത്തിയ എല്ലാ പ്രയത്നങ്ങൾക്കു മുപരിയായിരുന്നു പ്രസ്തുത ദർശനത്തിന്റെ ദൈവികസൗന്ദര്യം. ശ്രമകരമായ ഏത് പർവതാരോഹണത്തിലും നാം നമ്മുടെ നയന ങ്ങൾ പാതയിൽ ഉറപ്പിച്ചു നിറുത്തേണ്ടതാണ്; എന്നിരുന്നാലും അതിന്റെ അവസാനം ഉരുത്തിരിയുന്ന വിശാലദൃശ്യം നമ്മെ ആശ്ചര്യപ്പെടുത്തുകയും അതിന്റെ മനോഹാരിതയാൽ നമുക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യും. അതുപോലെതന്നെ സിനഡാ ത്മക പ്രക്രിയ പലപ്പോഴും ദുഷ്കരമാണെന്ന് നമുക്ക് തോന്നും; അങ്ങനെ നാം ചിലപ്പോൾ നിരുത്സാഹപ്പെട്ടവരാകും. എന്നാൽ, അവ സാനം നമ്മെ കാത്തിരിക്കുന്നത് നിശ്ചയമായും അത്ഭുതാവഹവും ആശ്ചര്യജനകവുമായ ഒന്നായിരിക്കും; അത് നമ്മെ ദൈവഹിതവും അവിടത്തെ രാജ്യത്തിന്റെ ശുശ്രൂഷയ്ക്കായുള്ള നമ്മുടെ ദൗത്യവും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കുന്നതായിരിക്കും.

നിയമത്തെയും പ്രവാചകരെയും യഥാക്രമം പ്രതിനിധീകരി ക്കുന്ന മോശയും ഏലിയായും യേശുവിന്റെ രൂപാന്തരണവേളയിൽ പ്രത്യക്ഷപ്പെട്ടത് (മത്താ 17:3 കാണുക) മലയിലെ ശിഷ്യന്മാരുടെ അനുഭവത്തെ കൂടുതൽ സമ്പന്നമാക്കി മാറ്റി. ക്രിസ്തുവിന്റെ നവീനത എന്നു പറയുന്നത് പഴയ ഉടമ്പടിയുടെയും വാഗ്ദാനങ്ങളുടെയും പൂർത്തീകരണം എന്നതാണ്; ദൈവം തന്റെ ജനവുമായി ഇടപഴകി യതിന്റെ ചരിത്രത്തിൽനിന്ന് അതിനെ വേർപെടുത്താനാകില്ല; ആ ചരിത്രത്തിന്റെ ആഴമാർന്ന അർഥം അത് വെളിപ്പെടുത്തുന്നു. അതുപോലെതന്നെ, സിഡാത്മക സഞ്ചാരം ഒരേസമയം സഭയുടെ പാരമ്പര്യത്തിൽ ഊന്നി നിൽക്കുന്നതും എന്നാൽ നവീനതയിലേക്ക് തുറന്നിരിക്കുന്നതുമാണ്. പുതിയ വഴികൾ അന്വേഷിക്കുന്നതിന് പ്രചോദനം നൽകുന്ന സ്രോതസ്സാണ് പാരമ്പര്യം; അതിന് എതിർ നിൽക്കുന്ന സ്തംഭനതയുടെ പ്രലോഭനത്തെയും തൽക്ഷണം സൃഷ്ടി നടത്തുന്ന പരീക്ഷണശൈലിയെയും ഒഴിവാക്കാനും പാരമ്പര്യം നമ്മെ സഹായിക്കുന്നു.

തപസ്സുകാല അനുതാപ സഞ്ചാരത്തിന്റെയും സിനിഡാത്മക സഞ്ചാരത്തിന്റെയും ഏകലക്ഷ്യം വ്യക്തിപരവും സഭാപരവുമായ

രൂപാന്തരണമാണ്. ഇവരണ്ടിലും ഉൾച്ചേർന്നിരിക്കുന്ന പരിവർത്തന ത്തിന്റെ മാതൃക യേശുവിന്റെ രൂപാന്തരണം തന്നെയാണ്; അത് സമ്പാദിക്കപ്പെടുന്നത് അവിടത്തെ പെസഹാരഹസ്യത്തിന്റെ കൃപ മൂലമാണ്. യേശുവിനോടൊപ്പം മലകയറാനും അവിടത്തോടൊപ്പം ആയിരിക്കാനും, അങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനും ഞാൻ രണ്ട് പാതകൾ നിർദേശിക്കാൻ ആഗ്രഹിക്കുന്നു.

താബോർമലയിൽവച്ച് രൂപാന്തരപ്പെട്ട യേശുവിനെ ധ്യാനിച്ചു കൊണ്ടിരുന്ന ശിഷ്യന്മാർക്ക് പിതാവായ ദൈവം നൽകിയ നിർദേശ ത്തോട് ചേർന്നുള്ളതാണ് ആദ്യത്തെ പാത. മേഘത്തിൽ നിന്നുള്ള സ്വരം ഇപ്രകാരം പറഞ്ഞു: 'ഇവനെ ശ്രവിക്കുവിൻ' (മത്താ 17:5). ആകയാൽ, ആദ്യനിർദേശം വളരെ വ്യക്തമാണ്. നാം യേശുവിനെ ശ്രവിക്കണം. അവിടന്ന് നമ്മോട് സംസാരിക്കുമ്പോൾ നാം അവിട ത്തെ ശ്രവിക്കുന്ന കൃപയുടെ കാലമാണ് തപസ്സുകാലം. എങ്ങനെ യാണ് അവിടന്ന് നമ്മോട് സംസാരിക്കുന്നത്? ഒന്നാമത്, ആരാധന ക്രമത്തിൽ സഭ നമുക്ക് നൽകുന്ന ദൈവവചനംവഴിയായി. ആ വചനം നമ്മുടെ ബധിരകാതുകളിൽ പതിക്കാതിരിക്കട്ടെ! നമുക്ക് ദിവ്യപൂജ യിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദൈനംദിനമുള്ള ബൈ ബിൾ വായനവഴിയായി ദൈവവചനം പഠനവിഷയമാക്കാം; ഇൻറർ നെറ്റിന്റെ സഹായത്തോടെയും ആകാം അത്. വിശുദ്ധലിഖി തങ്ങൾ ക്ക് പുറമേ, നമ്മുടെ സഹോദരീസഹോദരന്മാരിലൂടെയും കർത്താവ് നമ്മോട് സംസാരിക്കുന്നു-ഏറെ പ്രത്യേകിച്ച് ആവശ്യങ്ങളിൽ ഇരിക്കു ന്നവരുടെ വദനങ്ങളിലൂടെയും അവരുടെ കഥകളിലൂ ടെയും. സിനി ഡാത്മക പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ടതായ മറ്റൊരു കാര്യം കൂടെ ഞാൻ പറയട്ടെ: പലപ്പോഴും ക്രിസ്തുവിനെ ശ്രവിക്കുന്നത് സംഭവിക്കുന്നത് സഭയിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കുന്ന തിലൂടെയാണ്. അപ്രകാരമുള്ള പരസ്പരശ്രവണം ചില ഘട്ടങ്ങളിലെ ആദ്യ ലക്ഷ്യമാണ്; എന്നാൽ അത് സിനഡാത്മക സഭയുടെ രീതിശാ സ്ത്രത്തിന്റെയും ശൈലിയുടെയും അനിവാര്യ ഭാവമായി എപ്പോഴും നിലനില്ക്കുന്നു.

പിതാവിന്റെ സ്വരംകേട്ട "ശിഷ്യന്മാർ കമിഴ്ന്നുവീണു. അവർ അത്യധികം ഭയപ്പെട്ടിരുന്നു. യേശു അവരെ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' അവർ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല" (മത്താ 17: 6-8). തപസ്സുകാലത്തെ സംബന്ധിച്ച രണ്ടാമത്തെ നിർദേശം ഇവിടെയാണ് ഞാൻ കാണുന്നത്: അതാ യത്, യാഥാർഥ്യത്തെയും അതുമായുള്ള ദൈനംദിന പോരാട്ടങ്ങ ളെയും ക്ലേശങ്ങളെയും വൈരുദ്ധ്യങ്ങളെയും അഭിമുഖീകരിക്കു ന്നതിന്റെ ഭയത്തെ മറികടക്കുന്നതിന്റെ ഭാഗമായി അസാധാരണമായ സംഭവങ്ങളിലും നാടകീയമായ അനുഭവങ്ങളിലും ഊന്നിനിൽക്കുന്ന മതാത്മകതയിൽ അഭയം പ്രാപിക്കുന്നത്.

യേശു ശിഷ്യന്മാരെ കാണിച്ചുകൊടുത്ത പ്രകാശം ഉയിർപ്പിന്റെ മഹിമയുടെ ഒരുമുന്നാ സ്വാദനം ആയിരുന്നു. 'അവിടത്തെ മാത്രം' അനുഗമിക്കുന്ന നമുക്ക് അതായിരിക്കണം നമ്മുടെ പ്രയാണത്തിന്റെ ലക്ഷ്യം. തപസ്സുകാലം ഉയിർപ്പുതിരുനാളിലേക്ക് നീങ്ങുന്നതാണ്. 'പിൻവാങ്ങൽ' (retreat) അതിൽത്തന്നെ ഒരുലക്ഷ്യമല്ല; അത് വിശ്വാസത്തിലും സ്നേഹ ത്തിലും പ്രത്യാശയിലും കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അനുഭവത്തിലേക്കും അങ്ങനെ ഉയിർപ്പി ലേക്കും എത്തിച്ചേരാനുമായി നമ്മെ ഒരുക്കുന്ന ഒരു മാർഗമാണ്. സിനഡാത്മക സഞ്ചാരവും അപ്രകാരമുള്ളതാണ്. പ്രസ്തുത പാത യിൽ ദൈവം നമുക്ക് കൂട്ടായ്മയുടേതായ ശക്തമായ അനുഭവങ്ങൾ പ്രധാനംചെയ്യുന്ന കൃപാവരങ്ങൾ നല്കിയാൽത്തന്നെയും നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു എന്ന് കരുതാൻ പാടില്ല; അവിടെ യും കർത്താവ് നമ്മോട് ആവർത്തിക്കുന്നു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' ആകയാൽ, നമുക്ക് താഴേക്ക്, സമതലത്തിലേക്ക്, ഇറ ങ്ങാം; നമുക്ക് അനുഭവവേദ്യമായ കൃപാവരം നമ്മുടെ സമൂഹങ്ങളിൽ സാധാരണജീവിതത്തിലെ 'സിനഡാത്മകതയുടെ ശില്പികളാകാൻ' നമ്മെ ശക്തിപ്പെടുത്തട്ടെ.

പ്രിയ സഹോദരീസഹോദന്മാരേ, ഈ തപസ്സുകാലത്ത് യേശുവി നോടൊത്തു ദൈവാനുഭവത്തിന്റേ മലകയറുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ. അതുവഴി നാം അവിടത്തെ ദൈവികശോഭ അനുഭവിച്ചറിയുകയും അങ്ങനെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട് തന്റെ ജനത്തിന്റെ മഹത്വവും ജനത കളുടെ പ്രകാശവുമായ അവിടത്തോടൊപ്പമുള്ള നമ്മുടെ സഞ്ചാര ത്തിൽ നാം നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാളായ ജനുവരി 25-ാം തീയതി റോമായിലെ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്ക യിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പ**

*ഇടയലേഖനം 01/2023*

# നോമ്പുകാലം

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപത യിലെ വൈദികർക്കും സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

കൃപാവരത്തിന്റെ കതിരൊളി വീശിക്കൊണ്ട് ഒരു നോമ്പുകാലം കൂടി നമ്മെ സമീപിച്ചിരിക്കുകയാണല്ലോ. അനുതാപക്കണ്ണീരിൽ പാപക്കറകൾ കഴുകികളഞ്ഞ്, ഹൃദയം നിർമ്മലമാക്കി, നോമ്പിന്റെയും ഉപവാസത്തിന്റെയും ചൈതന്യത്തിൽ ജീവിതത്തെ നവീകരിക്കാൻ തിരുസ്സഭാ മാതാവ് നമ്മെ ക്ഷണിക്കുകയാണ് ഈ നോമ്പുകാലത്തിൽ.

നോമ്പുകാലം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന പ്രഥമ ചിന്ത ഈശോ യെക്കുറിച്ചുതന്നെയുള്ളതാണ്. ലോകത്തിന്റെ പാപം നീക്കുന്ന ദിവ്യകുഞ്ഞാ ടായ ഈശോ പാപ പരിഹാരാർത്ഥം നമുക്കുവേണ്ടി പീഡകൾ സഹിച്ച് കുരി ശുമരണം വരിച്ച് നമ്മെ രക്ഷിച്ച തിന്റെ പിന്നിലെ സ്നേഹം നമ്മെ പ്രചോദിപ്പി ക്കുന്നു. ഏശയ്യാ പ്രവാചകൻ പ്രവചിച്ചതുപോലെ “നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃ ത്യങ്ങൾക്കുവേണ്ടി ക്ഷതമേല്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു” (ഏശ. 53:4-6). ഈ സത്യം ധ്യാനിക്കാനും കുരിശിലേയ്ക്കു നോക്കി അവിടുത്തെ സ്നേഹം തിരി ച്ചറിയാനും അവിടുന്ന് നമ്മെ ക്ഷണിക്കുകയാണ്.

ഈശോയുടെ കുരിശിനെക്കുറിച്ച് ധ്യാനിക്കുന്ന വ്യക്തി അവിടുത്തെ സ്നേഹത്തെ കണ്ടെത്തുന്നു. ആ സ്നേഹത്തിനുമുൻപിൽ സ്വയം നിർത്തപ്പെടു ന്നു. അപ്പോൾ ആ സ്നേഹത്തെ സ്വീകരിക്കാതിരുന്നതും അതിനെ ധിക്കരി ച്ചതും ആ സ്നേഹത്തിനെതിരായി പ്രവർത്തിച്ചതും മനസ്സിൽ നൊമ്പരമായി മാറും. അതാണ് അനുതാപത്തിന്റെ ആരംഭം. ആകയാൽ പ്രിയ സഹോദരങ്ങ ളേ, ഈ നോമ്പുകാലം ഈശോയുടെ കുരിശിലെ സ്നേഹത്തെ ധ്യാനിച്ചുകൊണ്ട് നമ്മുടെ അവിശ്വസ്തതകളെയോർത്ത് കണ്ണീർ ചിന്താനും മാപ്പപേക്ഷിക്കാനു മുള്ള അവസരമാണ്. പാപിനിയായ സ്ത്രീ ഈശോയുടെ പാദാന്തികത്തില ണഞ്ഞ് കണ്ണീർകൊണ്ട് പാദങ്ങൾ കഴുകി പാപപ്പൊറുതി സ്വീകരിച്ചതുപോലെ ആഴമായ മനസ്താപത്തോടെ ഈശോയെ സമീപിച്ച് കുമ്പസാരത്തിലൂടെ പാപ

മോചനം പ്രാപിച്ച് ജീവിത നവീകരണം സാധിക്കാൻ നമുക്ക് ഏവർക്കും ഇടയാകട്ടെ.

നോമ്പുകാലം ആരംഭിക്കുന്നത് മിശിഹാ നാല്പതുദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിച്ചതിനെക്കുറിച്ചും തുടർന്ന് സാത്താനാൽ പരീക്ഷിക്കപ്പെട്ടതിനെക്കുറിച്ചും ധ്യാനിച്ചുകൊണ്ടാണല്ലോ. ക്രൈസ്തവ ജീവിതം തിന്മയ്ക്കെതിരായ നിരന്തരമായ പോരാട്ടമാണെന്ന സത്യം നാം മറക്കരുത്. നമ്മുടെ ശത്രുവായ സാത്താൻ അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങേണ്ടൂ എന്നു കരുതി നിലയുറപ്പിച്ചിട്ടുണ്ട് എന്നോർക്കുക. അവൻ നമ്മെ വ്യക്തിപരമായി മാത്രമല്ല ആക്രമിക്കുക, നമ്മുടെ കുടുംബത്തെയും ഇടവകാസമൂഹത്തെയും, നമ്മുടെ സഭയെത്തന്നെയും അവൻ ആക്രമിക്കും. അതിന്റെ തെളിവുകൾ നമ്മുടെയും സഭയുടെയും ജീവിതത്തിൽ നാം കാണുന്നുണ്ടല്ലോ. ആകയാൽ, വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നതുപോലെ, സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നില്ക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ... സത്യം കൊണ്ട് അരമുറുക്കി, നീതിയുടെ കവചം ധരിച്ച്, നിങ്ങൾ ഉറച്ചു നില്ക്കുവിൻ. സമാധാനത്തിന്റെ സുവിശേഷത്തിനുള്ള ഒരുക്കമാകുന്ന പാദരക്ഷകൾ ധരിക്കുവിൻ. സർവ്വോപരി, ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ. രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ" (എഫേ. 6:11-17). ഈശോ ഉപവസിച്ച് പ്രാർത്ഥിച്ച് ദൈവരാജ്യ പ്രഘോഷണത്തിന് ഒരുങ്ങിയതുപോലെ ഉപവസിച്ചും പ്രാർത്ഥിച്ചും പരിത്യാഗം അനുഷ്ഠിച്ചും നമുക്ക് ജീവിതത്തെ നവീകരിക്കാം.

വിഭൂതി തിരുനാളോടെ ആരംഭിക്കുന്ന നോമ്പ്, ഈ ലോകജീവിതത്തിന്റെ നശ്വരതയെ ഓർമ്മപ്പെടുത്തുന്നു. "മനുഷ്യാ നീ മണ്ണാകുന്നു; മണ്ണിലേയ്ക്കു മടങ്ങും" എന്ന ചിന്ത ഈ ലോകത്ത് വ്യാപരിക്കുന്ന നമുക്ക് മാർഗ്ഗദർശനമാകട്ടെ. സത്യവും നീതിയും പൂലർ ത്താനും സ്നേഹത്തിൽ പരസ്പരം ശുശ്രൂഷിക്കുന്ന ജീവിതം നയിക്കാനും നമ്മെ ഉദ്ദീപിപ്പിക്കട്ടെ. അതുതന്നെയാണല്ലോ യഥാർത്ഥ ഉപവാസം. ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുൾ ചെയ്യുന്നു. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുന്നതും ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (ഏശ. 58:6-9). പ്രിയ മക്കളേ, ഈ നോമ്പുകാലം നമ്മുടെ ഇടയിലെ പാവങ്ങളെ കൂടുതലായി സഹായിക്കാനും വേദനിക്കുന്നവരെ ആശ്വസിപ്പിക്കാനും കൂടുതൽ കാരുണ്യപ്രവൃത്തികൾ ചെയ്യാനും നമുക്ക് ശ്രദ്ധിക്കാം. അപ്പോൾ നമ്മുടെ ദൈവം നമ്മോട് കരുണ കാണിക്കുകയും നമ്മുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. പ്രഭാഷകഗ്രന്ഥം ഈ വിധം പഠിപ്പിക്കുന്നത് എത്രയോ ശ്രദ്ധേയമാണ് "കരു

ണയ്ക്കു പകരം കരുണ കാണിക്കുന്നത് ധാന്യബലിക്കു തുല്യമാണ്. ഭിക്ഷ കൊടുക്കുന്നവൻ കൃതജ്ഞതാബലി അർപ്പിക്കുന്നു. ദുഷ്ടതയിൽ നിന്ന് ഒഴിയുന്നത് കർത്താവിന് പ്രീതികരമാണ്. അനീതി വർജ്ജിക്കുക പാപ പരിഹാരബലിയാണ്" (പ്രഭാ.35:3-5). മണ്ണിലേക്കു നാം മടങ്ങുമെങ്കിലും നമുക്ക് ഉയിർത്തെഴുന്നേറ്റ മിശിഹായോടുചേർന്ന് ഉത്ഥാനജീവിതമുണ്ടെന്നും, അതിനായി നാം ഒരുങ്ങി കാത്തിരിക്കണമെന്നുള്ള വസ്തുത നമുക്ക് മറക്കാതിരിക്കാം.

ഈ നോമ്പുകാലം നമ്മുടെ വ്യക്തിപരമായ വിശുദ്ധീകരണത്തിനുവേണ്ടി ശ്രമിക്കുന്നതോടൊപ്പം നമുക്ക് നമ്മുടെ സഭയുടെ ഐക്യത്തിനും വിശുദ്ധീകരണത്തിനും വേണ്ടി പ്രാർത്ഥിക്കാനും ശ്രദ്ധിക്കാം. അതോടൊപ്പം, കുടിയേറ്റ ജനത അഭിമുഖീകരിക്കുന്ന ബഫർസോൺ പ്രശ്നത്തിൽ ദൈവം അധികാരികളിലൂടെ ഇടപെടാനും സുരക്ഷിതത്വവും നീതിയും സംലഭ്യമാക്കാനും നമുക്ക് പ്രാർത്ഥിക്കാം. ലോക സമാധാനത്തിനും യുദ്ധക്കെടുതിയിലായരിക്കുന്നവരുടെ സംരക്ഷണത്തിനും വേണ്ടി നമുക്ക് ത്യാഗമെടുത്ത് പ്രാർത്ഥിക്കാൻ കഴിയട്ടെ. മത്സ്യമാംസാദികൾ വർജിച്ചുകൊണ്ട് പരിത്യാഗത്തിന്റെ ജീവിതം നയിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒപ്പം, വിഭൂതി ദിനത്തിലും ദുഃഖവെള്ളിയാഴ്ചയും ഉപവസിച്ച് പ്രാർത്ഥിക്കണമെന്ന കാര്യവും ഓർമ്മപ്പെടുത്തുന്നു. കൂടാതെ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേകം ഒരുനേരം അനുഷ്ഠിച്ച് പ്രാർത്ഥിക്കാൻ കഴിയുന്നവരെല്ലാം അപ്രകാരം ചെയ്യാൻ താല്പര്യപ്പെടുന്നു. ദിവ്യകാരുണ്യ ആരാധനയ്ക്കായി കൂടുതൽ സമയം കണ്ടെത്താനും കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കാനും പ്രത്യേകം ശ്രദ്ധ ചൊലുത്തണം. നമ്മുടെ കുഞ്ഞുങ്ങളും യുവജനങ്ങളും അഭിമുഖീകരിക്കുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രതിസന്ധികൾക്കും, ദൈവഹിതത്തിനു വിരുദ്ധമായ പ്രണയക്കുരുക്കുകളിൽ കുടുങ്ങിയും, ലഹരിക്കടിമപ്പെട്ടും, യുവജനങ്ങൾ നശിക്കുന്നതിനും, സമുദായം നേരിടുന്ന വെല്ലുവിളികൾക്കും പ്രതിവിധിക്കായി നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം അഭയം ഗമിക്കാം. ദൈവം ഒരിക്കലും നമ്മെ കൈവിടുകയില്ല.

നോമ്പുകാലം ദൈവത്തിൽ നിന്ന് കൃപയും പാപമോചനവും പ്രാപിക്കാനുള്ള അവസരം എന്നപോലെതന്നെ നമ്മുടെ സഹോദരങ്ങൾക്ക് ക്ഷമകൊടുക്കാനും അവരോട് ക്ഷമ ചോദിക്കാനുമുള്ള അവസരം കൂടിയാണ്. പരസ്പരം ഭിന്നതകളും ശത്രുതയും മറന്ന് സ്നേഹത്തിലും ക്ഷമയിലും വ്യാപരിക്കാൻ നമുക്കിടയാകട്ടെ. "നിങ്ങളുടെ കടക്കാരോട് നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല" എന്നാണല്ലോ തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ നമ്മെ വേദനിപ്പിച്ച എല്ലാവരോടും ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. നാം കാരണം വേദനിച്ചവരോട് ഹൃദയപൂർവ്വം ക്ഷമയാചിക്കാം. ദൈവസന്നിധിയിൽ സ്വീകാര്യമായ ബലിയും പ്രാർത്ഥനയും അർപ്പിക്കാൻ നമുക്ക് കഴിയട്ടെ.

മാനസാന്തരത്തിനുള്ള ആഹ്വാനം നല്കുന്നതാണ് ഈ നോമ്പുകാലം.

ധൂർത്തപുത്രൻ എഴുന്നേറ്റ് തന്റെ പിതാവിന്റെ ഭവനത്തിലേയ്ക്ക് തിരിച്ചുപോയതുപോലെ ദൈവസന്നിധിയിലേക്ക് പാപവഴികൾ പരിത്യജിച്ച് തിരിച്ചുനടക്കാൻ നമുക്ക് ഇടയാകട്ടെ. ചെറുതും വലുതുമായ പാപ ശീലങ്ങൾ ഉപേക്ഷിച്ച് ഈശോയിൽ മാത്രം ദൃഷ്ടിയുറപ്പിച്ച് ചുവടുവയ്ക്കാൻ നമുക്ക് പരിശ്രമിക്കാം. പരിഹരിക്കേണ്ടവ പരിഹരിക്കാൻ നമുക്ക് പരിശ്രമിക്കാം. "ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു നല്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ ഒന്നിന് മൂന്നിരട്ടിയായി തിരിച്ചുകൊടുക്കുന്നു" എന്ന് തീരുമാനിച്ച സക്കേവൂസിനെപ്പോലെ നമുക്കും നമ്മുടെ കഴിഞ്ഞകാല ജീവിത ചെയ്തികളെ പരിശോധിച്ച് പരിഹാരമനുഷ്ഠിക്കാം. "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു" എന്ന് നമ്മെക്കുറിച്ചും നമ്മുടെ ഭവനത്തെക്കുറിച്ചും ഈശോ അരുൾചെയ്യുന്നതു കേൾക്കാനുള്ള ഭാഗ്യം നമുക്കുണ്ടാകട്ടെ. അനുതപിച്ച് പ്രായ്ശ്ചിത്തമനുഷ്ഠിച്ച നിനവെ നിവാസികളിൽ നിന്ന് ശിക്ഷ ഒഴിവാക്കിയ ദൈവം നമ്മെയും എല്ലാവിധ ശിക്ഷകളും മാറ്റി സംരക്ഷണം നല്കി അനുഗ്രഹിക്കട്ടെ. അനുതാപാർദ്രമായ ഹൃദയത്തോടെ ചുങ്കക്കാരൻ പ്രവർത്തിച്ചതുപോലെ "കർത്തവേ പാപിയായ എന്നിൽ കനിയണമെ" എന്ന് നമുക്കും പ്രാർത്ഥിക്കാം. നമ്മെ നീതികരിക്കുന്ന ദൈവം നമ്മുടെ ഹൃദയം കണ്ട് നമ്മെ നീതീകരിക്കട്ടെ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം വഴി നമ്മുടെ എല്ലാ ആവശ്യങ്ങളിലും നമുക്ക് തിരുക്കുമാരന്റെ പക്കൽ സമർപ്പിക്കാം. നമുക്കായി പ്രാർത്ഥിക്കാനും കൃപാവരം വേഗത്തിൽ വാങ്ങിച്ചുതരാനും നമ്മുടെ അമ്മയ്ക്കു കഴിയും എന്നതിൽ നമുക്ക് പ്രത്യാശിക്കാം. തിരുക്കുടുംബത്തിന്റെ പാലകനായ മാർ യൗസേപ്പിതാവ് കുടിയേറ്റ ജനതയുടെ സങ്കടങ്ങൾ അറിയുന്ന പിതാവാണ്. അവിടുത്തെ മദ്ധ്യസ്ഥതയും യാചിക്കാൻ നാം ശ്രദ്ധിക്കണം. നമ്മുടെ കുടുംബങ്ങളെ അവിടുന്ന് പാലിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം കനിഞ്ഞ് നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ പാപങ്ങളും മുറിവുകളും ഏറ്റെടുത്തവൻ നമുക്ക് സൗഖ്യവും സമാധാനവും നൽകട്ടെ. ദൈവകരുണ സമൃദ്ധമായി അനുഭവിക്കാൻ ഈ നോമ്പുകാലം ഇടയാകട്ടെ.

നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചും പ്രാർത്ഥിച്ചും സാത്താനെ പരാജയപ്പെടുത്തിയ നമ്മുടെ കർത്താവീശോ മിശിഹാ യുടെ കൃപയും ✠ മനുഷ്യവംശത്തെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുവാൻ സ്വപുത്രനെ നല്കി രക്ഷാകര കർമ്മം പൂർത്തിയാക്കിയ പരമപിതാവിന്റെ സ്നേഹവും ✠ അനുദിനം മാനസാന്തരത്തിലേക്കും ജീവിത നവീകരണ ത്തിലേക്കും നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹവാസവും ✠ നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

## 1. New appointments

| | | |
|---|---|---|
| Fr. Mathew Mangalamadathil | : | Notary, Eparchial Tribunal |
| Fr. Johny Antony Ainikal OFM | : | Vicar, Chippilithode |
| Fr. Mathew Thekkinedath CST | : | Asst. Vicar, Vilangad |

### KCYM - Mekhala Directors

| | | |
|---|---|---|
| Fr. Puthenpurackal Joseph | : | Thiruvambady |
| Fr. Srambickal Abraham | : | Paropady |

## 2. ഇടവകകളിലെ കണക്കുകൾ

ഇടവകകളിലെ കണക്കുകൾ ഓൺലൈൻ ആയി നൽകേണ്ടതാണ്. ഇതുവരെയും ഓൺലൈനായി നൽകാത്ത ഇടവകകൾ എത്രയുംവേഗം നൽകേണ്ടതാണ്.

## 3. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷം ഫൊറോന കേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2022-23 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## 4. യേശുനിധി - 2023

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ പതിവനുസരിച്ച് ഓശാനഞായറാഴ്ച വി. കുർബാനമദ്ധ്യേ സമർപ്പിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള കവറുകൾ ഫൊറോനകേന്ദ്രങ്ങളിൽ മാർച്ച് 11-ാം തീയതിയ്ക്കുമുമ്പ് എത്തിക്കുന്നതാണ്. ഈ കവറുകൾ യഥാസമയം ഭവനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**5. വൈദിക സമ്മേളനം - മാർച്ച് 14**

വൈദിക സമ്മേളനം 2023 മാർച്ച് 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണിവരെ രൂപതാഭവനിൽ ചേരുന്നതാണ്. വൈദികരെല്ലാവരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**6. വൈദിക സമിതി സമ്മേളനം - മാർച്ച് 28**

12-ാമത് വൈദിക സമിതിയുടെ രണ്ടാമത് സമ്മേളനം 2023 മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. ബഹു. അംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതാണ്.

**7. വി. യൗസേപ്പിതാവിന്റെ വണക്കമാസം**

മാർച്ച് മാസം യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പി ക്കപ്പെട്ടതാണല്ലോ. ദൈവാലയങ്ങളിൽ വി. യൗസേപ്പിതാവിന്റെ നൊവേനയും പ്രാർത്ഥനകളും ചൊല്ലി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനും, മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ സമുചിതമായി ആചരിക്കുന്നതിനും കുടുംബങ്ങ ളിൽ വണക്കമാസം ചൊല്ലുന്നതിനും ദൈവജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

**8. വലിയനോമ്പ്**

2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച പാതിരാ മുതൽ ഈ വർഷത്തെ വലിയനോമ്പ് ആരംഭിച്ചിരിക്കുകയാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

**9. കുളത്തുവയൽ തീർത്ഥാടനം**

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കുളത്തുവയൽ തീർത്ഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ മാർച്ച് 31-ാം തീയതി നടത്തുന്നതാണ്. 2023 മാർച്ച് 30-ാം തീയതി വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന തീർത്ഥാടനം താമരശ്ശേരി രൂപതയുടെ കുടിയേറ്റ തീർത്ഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രത്തിൽ 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിയോടെ എത്തിച്ചേരുന്നു. തുടർന്ന് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുന്നതാണ്. പങ്കെടുക്കുന്നവർക്ക് നേർച്ചഭക്ഷണവും തിരിച്ച് പോകുന്നതിന് പ്രധാനകേന്ദ്രങ്ങളിലേക്ക് ബസ്സ് സർവ്വീസും ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

### 10. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊതുമാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും 2023 ഏപ്രിൽ 3-ാം തീയതി തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നു. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുകയും തുടർന്ന് കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുകയും ചെയ്യുന്നു. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം രൂപതാഭവനിലാണ് ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നത്. ദൈവാലയങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേകതൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെ തന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

### 11. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2023 ഏപ്രിൽ 3-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30 മണിക്ക് ആരംഭിച്ച് 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി.യിലാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. പെൺകുട്ടികൾക്ക് ഈ വർഷം ദൈവവിളി ക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല. താൽപ്പര്യമുള്ള ആൺകുട്ടികളെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 12. രൂപതാദിനം 2023

37-ാമത് രൂപതാദിനം 2023 ഏപ്രിൽ 28 വെള്ളിയാഴ്ച കോടഞ്ചേരി. ഇടവകയിൽ വെച്ച് നടത്തുന്നു. പതിവുപോലെ കൃതജ്ഞതാബലിയും പ്രതിനിധി സമ്മേളനങ്ങളും പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഇടവകകളിൽ നിന്നുമുള്ള കൈക്കാരന്മാരും പാരിഷ് സെക്രട്ടറിയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും എല്ലാ സംഘടനകളുടെയും മേഖല, രൂപത ഭാരവാഹികളും പ്രതിനിധി സമ്മേളനങ്ങളിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. തുടർന്ന് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെ ആദരിക്കുന്നതാണ്. ഇടവകയിൽ ആദരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ അവരുടെ പേരുകൾ ഏപ്രിൽ 10 ന് മുമ്പായി ബഹു. സെക്രട്ടറിയച്ചനെ അറിയിക്കേണ്ടതാണ്.

### 13. പുതിയ ഫോൺ നമ്പർ

**ബിഷപ്സ് സെക്രട്ടറി : 8078473376**

### 14. നന്ദി, സ്വാഗതം

ചിപ്പിലിത്തോട് ഇടവകയിൽ നീണ്ടവർഷങ്ങൾ സ്തുത്യർഹമായ സേവന മനുഷ്ഠിച്ചശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. തോമസ് കൊച്ചുമണ്ണാറാത്ത് OFM** അച്ചന് എല്ലാവിധ പ്രാർത്ഥാനാശംസകളും നേരുന്നു. പുതിയ കർമ്മമേഖലയിൽ അച്ചന് എല്ലാവിധ ദൈവാനുഗ്രഹവും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

മരുതോങ്കര ഇടവകയിലെ അസി. വികാരിയായി സേവനമനുഷ്ഠിച്ചശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. വർഗീസ് തളിയൻ MSJ** അച്ചന് എല്ലാവിധ പ്രാർത്ഥാനാശംസകളും നേരുന്നു.

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന **ബഹു. ജോണി ആന്റണി ഐനിക്കൽ OFM, ബഹു. മാത്യു തെക്കിനേടത്ത് CST** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

### 15. ആദരാഞ്ജലികൾ

എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിലെ അംഗം **സി. ബിൻസി തോമസ് MSMI (47)** 2023 ഫെബ്രുവരി 14-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കോഴിക്കോട് പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. എം.എസ്.എം.ഐ. സമൂഹാംഗങ്ങളോട് രൂപതയുടെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കു കയും ചെയ്യുന്നു.

### 16. സ്മരണാഞ്ജലി

13-03-1987 – റവ. ഫാ. വർഗ്ഗീസ് സി.എം.ഐ.
17-03-1991 – റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി
**24-03-2011 – റവ. ഫാ ജോർജ് പരുത്തപ്പാറ**
**26-03-2020 – റവ. ഫാ ജോൺ പനയ്ക്കപ്പിള്ളി**
**29-03-2018 – റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



**റവ. ഫാ ജോർജ്**

**പരുത്തപ്പാറ**

**24-03-2011**



**റവ. ഫാ. സെബാസ്റ്റ്യൻ**
**കാഞ്ഞിരക്കാട്ടുകുന്നേൽ**

**29-03-2018**



**റവ. ഫാ ജോൺ**

**പനയ്ക്കപ്പിള്ളി**

**26-03-2020**

# വിശ്വാസപരിശീലനം

“കർത്താവ് എന്റെ പക്ഷത്തുണ്ട്, ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തു ചെയ്യാൻ കഴിയും”. (സങ്കീർത്തനങ്ങൾ 118:06)

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള പതിനഞ്ചാമത്തെ ക്ലാസ് ഫെബ്രുവരി 05-നും (ഞായർ) പതിനാറാമത്തെ ക്ലാസ് ഫെബ്രുവരി 19-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. *‘കേരളസഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ’* എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. തോമസ് പാറൻകുളങ്ങര (ദീപിക, കോഴിക്കോട് സോൺ മാനേജർ) *‘വിശ്വാസത്തെ വെല്ലുവിളിക്കുന്ന വിഘടിത വിഭാഗങ്ങൾ’* എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ (ഡയറക്ടർ, കെ.സി.വൈ.എം താമരശ്ശേരി) എന്നിവർ ക്ലാസെടുത്തു.

## ACC ഓൺലൈൻ ക്ലാസുകൾ മാർച്ച് മാസത്തിൽ

മാർച്ച് 05 - ഞായർ
മാർച്ച് 19 - ഞായർ

## HCC പരീക്ഷ രൂപതാതല വിജയികൾ

### HCC I

1st Prize : സാന്ദ്ര മരിയ സാജു മരോട്ടിക്കൽ (വള്ളിയാട്)
2nd Prize : നേഹ മരിയ പുല്ലാട്ട് (കല്ലുരുട്ടി)
3rd Prize : ഡീന ആന്റണി കണ്ണമ്പള്ളി (ചീരട്ടാമല)

### HCC II

1st Prize : കീർത്തന റോയ് മുള്ളൂർ (കൂടരഞ്ഞി)
2nd Prize : ലിസ് മേരി വിൻസന്റ് പഴൂർ (കൂടരഞ്ഞി)
3rd Prize : ലെന ഷാജി കമുകുംതോട്ടത്തിൽ (കുളിരാമുട്ടി)

## HCC പരീക്ഷയിൽ 100% വിജയം ലഭിച്ച സൺഡേ സ്കൂളുകൾ

*കോടഞ്ചേരി മേഖല*

1. തെയ്യപ്പാറ

### *കൂരാച്ചുണ്ട് മേഖല*

1. ചക്കിട്ടപ്പാറ
2. കരികണ്ടൻപാറ
3. നരിനട
4. പാത്തിപ്പാറ
5. പേരാമ്പ്ര

### *മരുതോങ്കര മേഖല*

1. കരിങ്ങാട്
2. പി. ടി. ചാക്കോ നഗർ
3. പൊയിലോംചാൽ
4. പൂഴിത്തോട്

### *പാറോപ്പടി മേഖല*

1. അമലാപുരി
2. കുണ്ടായിത്തോട്

### *പെരിന്തൽമണ്ണ മേഖല*

1. ഒറവുംപുറം
2. പൊന്ന്യാംകുറിശ്ശി
3. വെട്ടത്തൂർ

### *താമരശ്ശേരി മേഖല*

1. ചമൽ
2. ഈങ്ങാപ്പുഴ
3. കട്ടിപ്പാറ
4. കൂമുള്ളി

### *തോട്ടുമുക്കം മേഖല*

1. വെണ്ടേക്കുംപൊയിൽ

### *വിലങ്ങാട് മേഖല*

1. മഞ്ഞക്കുന്ന്
2. പാലൂർ

### HCC സേ പരീക്ഷ

HCC സേ പരീക്ഷ ഫെബ്രുവരി 19 ഞായറാഴ്ച മേഖലാകേന്ദ്രങ്ങളിൽ വച്ച് നടക്കുകയുണ്ടായി.

### മീഡിയ കാറ്റക്കേസിസ്

പെരിന്തൽമണ്ണ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ചു നടത്തിയ കലാപരിപാടികളുടെ വീഡിയോ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

HCC പരീക്ഷയിൽ രൂപതാതല വിജയികളെ സന്ദർശിച്ച് അവരുമായി ഇന്റർവ്യു നടത്തുകയും തങ്ങളുടെ വിശ്വാസാനുഭവങ്ങൾ കുട്ടികൾ പങ്കുവയ്ക്കുകയും ചെയ്തു.

## ASPCT (Advanced Self Study Program for Catechism Teachers)

മതാധ്യാപക തുടർപരിശീലന പരീക്ഷ ഫെബ്രുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 2.30 വരെ രൂപതയിലെ എല്ലാ ഇടവകകളിലും നടത്തുകയുണ്ടായി.

## ASPCT പരീക്ഷ രൂപതാതലം

ഇടവകയിൽ ഒന്ന് രണ്ട് സ്ഥാനങ്ങൾ ലഭിച്ച അധ്യാപകർക്കുള്ള രൂപതാതല പരീക്ഷ മാർച്ച് 31 വെള്ളിയാഴ്ച കൃത്യം 12.30 മുതൽ 1 മണിവരെ ഗൂഗിൾ ഫോം വഴി നടത്തുന്നതാണ്. രൂപതാതല പരീക്ഷയ്ക്കുള്ള പഠനഭാഗം പേജ് 190-254/ 255-334 വരെയായിരിക്കും. ആദ്യത്തെ പരീക്ഷയിൽ ഉൾപ്പെടുത്തിയ പേജ് 225-334 വരെയുള്ള ഭാഗത്തുനിന്ന് നേരത്തെ നൽകിയ ചോദ്യാവലിയിൽ നിന്നു മാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളു. രൂപതാതല പരീക്ഷയും 30 മാർക്കിലായിരിക്കും. എട്ടു ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നും ആയിരിക്കും.

## പ്രതിഭാസംഗമം - 7-ാം ക്ലാസ്

ഈ അധ്യയന വർഷത്തിലെ ഏഴാം ക്ലാസിലെ കുട്ടികളുടെ രൂപതാതല പ്രതിഭാസംഗമം 2023 ഏപ്രിൽ 21, 22, 23 തിയതികളിൽ (വെള്ളി, ശനി, ഞായർ) തിയതികളിൽ മേരിക്കുന്ന് പി. എം. ഒ. സി. യിൽ വച്ച് നടക്കുന്നതാണ്. ഏപ്രിൽ 20 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് ഏപ്രിൽ 22 ശനിയാഴ്ച ഉച്ചയ്ക്ക് 1.30 ന് സംഗമം അവസാനിക്കുന്നതാണ്. ഇതിനു മുൻപായി മേഖലകളിൽ സംഗമം നടത്തി രണ്ട് ആൺകുട്ടികളുടെയും രണ്ട് പെൺകുട്ടികളുടെയും പേരുവിവരങ്ങൾ രൂപതാ മതബോധന ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

## വിശ്വാസോത്സവം

- ഈ അധ്യയനവർഷത്തെ (2022-2023) വിശ്വാസോത്സവം ഈസ്റ്ററിനുശേഷം വരുന്ന ചൊവ്വ, ബുധൻ, വ്യാഴം (ഏപ്രിൽ 11, 12, 13) ദിവസങ്ങളിൽ ആയിരിക്കും.
- വിശ്വാസോത്സവ ഗ്രൂപ്പുകൾ (ഗ്രൂപ്പ് 1: ക്ലാസ് I, ഗ്രൂപ്പ് 2: ക്ലാസ് II, III, ഗ്രൂപ്പ് 3: ക്ലാസ് IV, ഗ്രൂപ്പ് 4: ക്ലാസ് V, VI, ഗ്രൂപ്പ് 5: ക്ലാസ് VII, VIII, ഗ്രൂപ്പ് 6: ക്ലാസ് IX, X)
- ഓരോ ദിവസവും 6 മണിക്കൂർ വിശ്വാസോത്സവം നടത്തേണ്ടതാണ്. സമയക്രമീകരണം ഓരോ ഇടവകയുടെയും സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനിക്കാവുന്നതാണ്.
- വിശ്വാസോത്സവ വർക്ക് ബുക്കിന്റെ വില 40/- രൂപ. നാലാം ക്ലാസിലെ വർക്ക് ബുക്ക് ആദ്യകുർബാന സ്വീകരണം എന്ന പുസ്തകമായിരിക്കും വില 60/- രൂപ.

## വിശ്വാസോത്സവ പഠനശിബിരം (രൂപതാതലം)

മാർച്ച് 04 (ശനി) താമരശ്ശേരി ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 12.30 വരെ രൂപതാതല പഠനശിബിരം നടത്തുന്നതാണ്. ഓരോ മേഖലയിൽ നിന്നും 5 പേരടങ്ങുന്ന ഗ്രൂപ്പാണ് ഈ പഠനശിബിരത്തിൽ പങ്കെടുക്കേണ്ടത്. (1 വൈദികൻ 4 അത്മായ അധ്യാപകർ). മേഖലാ ഭാരവാഹികൾ അവരുടെ മേഖലയിൽ ഗ്രൂപ്പ് രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയയ്ക്കേണ്ടതാണ്.

## വിശ്വാസോത്സവ പഠനശിബിരം (മേഖലാതലം)

മാർച്ച് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ മേഖലാതല പഠനശിബിരം നടത്തപ്പെടുന്നതാണ്. രൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച് 5 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും മേഖലാതലത്തിൽ ട്രെയിനിംഗ് നൽകുന്നത്. മേഖലാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ അധ്യാപകരും പങ്കെടുക്കേണ്ടതാണ്. മേഖലയിൽ വച്ച് നടക്കുന്ന പ്രോഗ്രാമിൽ ഗ്രൂപ്പ് ലീഡറായ വൈദികന്റെ ആദ്യത്തെ Indroduction Session നു ശേഷം അധ്യാപകരെ പുസ്തകങ്ങളുടെ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ 5 ഗ്രൂപ്പുകളായി തിരിക്കുന്നു. 5 ഗ്രൂപ്പുകൾക്കും രൂപതാതലത്തിൽ ട്രയിനിംഗ് ലഭിച്ച അധ്യാപകർ ക്ലാസെടു ക്കുന്നു. 9, 10 ക്ലാസുകൾ അടങ്ങിയ ഗ്രൂപ്പിന് ട്രെയിനിംഗിൽ പങ്കെടുത്ത വൈദികനായിരിക്കും ക്ലാസ് നൽകുന്നത്.

## മതബോധനം 10-ാം ക്ലാസ്

SSLC പരീക്ഷയോടനുബന്ധിച്ച് 2023 മാർച്ച് 12, 19, 26 തിയതികളിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വേദപാഠ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. ഏപ്രിൽ 11 മുതൽ നടക്കുന്ന വിശ്വാസോത്സവത്തിൽ അവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## ടാലന്റ് ഫെസ്റ്റ്

13-ാം ക്ലാസിൽ നേതൃത്വനിരയിലുള്ള കുട്ടികൾക്കായുള്ള സംഗമം 2023 ഏപ്രിൽ 14 വെള്ളിയാഴ്ച ചേവായൂർ പ്രസന്റേഷൻ ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 4.30 വരെ നടത്തുന്നു. ഓരോ ഇടവകയിലും 13-ാം ക്ലാസിൽ നേതൃത്വ വാസനയുള്ള കുട്ടികളെ കണ്ടെത്തി പ്രോഗ്രാമിൽ പങ്കെടുപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രജിസ് ട്രേഷൻ ഫീസ് 150/- രൂപ.

## വാർഷിക പരീക്ഷ

2022-2023 അധ്യയന വർഷത്തെ വാർഷിക പരീക്ഷ 2023 ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ രൂപതയിലെ എല്ലാ സൺഡേ

സ്കൂളുകളിലും നടത്തുന്നതാണ്. രൂപതാ മതബോധന കമ്മിറ്റിയുടെ നിർദേശാനുസരണം ഈ വർഷം മുതൽ മൂന്നാം ക്ലാസിൽ എഴുത്തു പരീക്ഷയായിരിക്കും. ഉത്തരങ്ങൾ ചോദ്യപേപ്പറിൽ എഴുതുന്ന രീതിയിലായിരിക്കും പരീക്ഷ നടത്തുന്നത്.

**സേ പരീക്ഷ**

പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികൾക്കും പരീക്ഷ എഴുതാത്ത കുട്ടികൾക്കും റീ എക്സാമിനേഷൻ അതാത് ഇടവകകളിൽ ചോദ്യപേപ്പർ തയ്യാറാക്കി നടത്തേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

2022-2023 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ 2023 ഏപ്രിൽ 22 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ 11 മണി വരെ മേഖലാകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

**ഡയറക്ടറച്ചന്റെ സന്ദർശനം**

വിളക്കാംതോട്, പശുക്കടവ് ഇടവകകളിൽ സന്ദർശനം നടത്തി, വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ആദരാഞ്ജലികൾ



## സി. ബിൻസി എം.എസ്.എം.ഐ

"ഞാൻ കർത്താവിന്റെ കരങ്ങളിലാണ്" (സങ്കീ. 3:5)

പുഷ്പഗിരി ഇടവകാംഗമായ, പാറപ്പനാൽ ജോയ് - ഫിലോമിന ദമ്പതികളുടെ നാല് മക്കളിൽ ആദ്യ സന്താനമായി, 1975 ജൂലൈ 22ന് ജനനം. പി.ഡി.സി. പഠനശേഷം, 1996 ജൂൺ 08 ന് എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിന്റെ മേരി മാതാ പ്രൊവിൻസ് അംഗമായി പ്രവേശിച്ചു. 1999 നവംബർ 24 ന് ആദ്യ വ്രതവാഗ്ദാനവും 2005 മെയ് 2 ന് നിത്യവ്രതവാഗ്ദാനവും നടത്തി. നഴ്സറി ട്രെയിനിങ്ങ് പാസ്സായ സിസ്റ്റർ, കേരളത്തിൽ ആയത്തുപടി, കുപ്പായക്കോട്, എരഞ്ഞിപ്പാലം, കൂമ്പാറ, പനംപ്ലാവ്, വാണിയമ്പലം, കുളത്തുവയൽ, നെടുപുഴ, ആന്ധ്രായിലെ കാമവാരപ്പൂക്കോട്ട, പാലക്കോൾ, അംബാജിപേട്ട, കർണാടകയിലെ അഡോള എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. മൂന്നു വർഷത്തോളമായി ക്യാൻസറിന് ചികിത്സയിലായിരുന്ന സിസ്റ്റർ, 2023 ഫെബ്രുവരി 14 ന് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കോഴിക്കോട് പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സി. ബിൻസിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരേ,

ഒരു അധ്യയന വർഷത്തിന്റെ അവസാന ദിവസങ്ങളിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ, കുട്ടികളെ സംബന്ധിച്ച് ഏറെ പ്രാധാന്യത്തോടെയും ശ്രദ്ധയോടെയും അവർ ഒരു പരീക്ഷക്കാലത്തെ നേരിടുവാൻ പോവുകയാണ്. വലിയ നോമ്പിന്റെ തനതായ ചൈതന്യത്തോടെ ത്യാഗത്തിന്റേയും ആത്മാർത്ഥമായ ജീവിതത്തിന്റേയും ഉത്തമ മാതൃകകൾ തീർത്ത് സമൂഹത്തിനും സഭയ്ക്കും നേതൃത്വം നല്കാനുള്ള അനേകം പേർ വളർന്നു വരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരീക്ഷകൾക്കായി പ്രാർത്ഥിച്ച് ഒരുങ്ങി ഏറ്റവും നന്നായി അവയെ അതിജീവിക്കാൻ, വിജയിക്കാൻ എല്ലാ കുഞ്ഞു കൂട്ടുകാർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## കൂരാച്ചുണ്ട് റീജിയണൽ സമ്മേളനം

ഫെബ്രുവരി 11 ന് കൂരാച്ചുണ്ട് റിജിയണൽ സമ്മേളനം മരുതോങ്കര മേഖലയിലെ ചാത്തൻകോട്ടുനട സെന്റ് സോഫിയ ദേവാലയത്തിൽ വച്ച് നടത്തി. രാവിലെ 10.30 ന് ആരംഭിച്ച മീറ്റിങ്ങിൽ. കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട് എന്നീ 3 മേഖലകളിൽ നിന്നുമുള്ള 18 മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മരുതോങ്കര മേഖല വൈസ് ഡയറക്ടർ റവ.സി. ലിസ SH ന്റെ പ്രാർത്ഥനയോടു കൂടി ആരംഭിച്ച യോഗത്തിൽ രൂപത സെക്രട്ടറി ശ്രീ. അനൂപ് C ജോസ് സ്വാഗതം ആശംസിച്ചു. രൂപത പ്രസിഡണ്ട് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷത വഹിക്കുകയും മികച്ച തലങ്ങളിലേയ്ക്ക് വളരാൻ ശാഖകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. പ്രിയേഷ് തേവടിയിൽ മുഖ്യപ്രഭാഷണം നടത്തി. മരുതോങ്കര മേഖല ഡയറക്ടർ റവ. ഫാ. ജിനോയ് പനയ്ക്കൽ മറ്റ് മേഖല രൂപത ഭാരവാഹികൾ എന്നിവർ മേഖല പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. മരുതോങ്കര മേഖല ജോ. സെക്രട്ടറി ശ്രീമതി മരിയ യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് സംസാരിച്ചു. ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിച്ചു.

## പരീക്ഷ ഒരുക്ക ആരാധന

എല്ലാ വർഷവും നടത്തുന്നതുപോലെ, പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേകിച്ച് പത്താം ക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടി മിഷൻലീഗിന്റേയും മതബോധനത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ഇടവകകളിൽ ഫെബ്രുവരി 26 ഞായറാഴ്ച ആരാധന നടത്തി.

## സൗഹൃദം സംസ്ഥാന സമിതിയുടെ രൂപത സന്ദർശനം

മാർച്ച് 11 രണ്ടാം ശനിയാഴ്ച സംസ്ഥാന സമിതി താമരശ്ശേരി രൂപത ഓഫീസിൽ സന്ദർശനം നടത്തുന്നു. രൂപത എക്സിക്യൂട്ടീവ് യോഗവും അതോടൊപ്പം നടത്തുന്നു.

## ഗ്രാന്റ് മാസ്റ്റർ ക്യാമ്പ്

2023 ഏപ്രിൽ 18, 19, 20 തിയ്യതികളിൽ രൂപത തലത്തിൽ 7 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് നടത്തുന്നു. ക്യാമ്പ് ഫീസ് 1500 രൂപയാണ്. ഫെബ്രുവരി 20 നകം പങ്കെടുക്കുവാനാഗ്രഹിക്കുന്ന കുട്ടികൾ 500 രൂപ കൊടുത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേർഫോമൻസ് ലെവലിൽ കുട്ടികളെ വളർത്താൻ ഉതകുന്ന ക്യാമ്പാണ്. ഓരോ മേഖലയിലും പ്രാവീണ്യമുള്ള ട്രെയിനേഴ്സ് ആണ് പരിശീലനം നൽകുന്നത്. ക്യാമ്പിൽ 120 പേർക്കാണ് പ്രവേശനം ഉണ്ടായിരിക്കുക, ശാഖയിൽ നിന്ന് ഈ വർഷത്തെ ലീഡേഴ്സ് ആയിട്ടുള്ള 2 പേർ എങ്കിലും ഇതിൽ പങ്കെടുത്ത് അവരിലൂടെ ശാഖയിലെ മറ്റുള്ളവർക്കും നേതൃത്വ പരിശീലനത്തിന്റെ ഗുണങ്ങൾ സ്വന്തമാക്കാൻ അവരെ പ്രാപ്തരാക്കാൻ ശ്രമിക്കേണ്ടതാണ്.

## രൂപത മാനേജിങ് കമ്മറ്റിയും വൈസ് ഡയറക്ടർ സമ്മേളനവും

ഈ വർഷത്തെ കമ്മറ്റിയും ശാഖവൈസ് ഡയറക്ടർ സമ്മേളനവും ഏപ്രിൽ 27 വ്യാഴാഴ്ച സംഘടിപ്പിക്കുന്നു. മാനേജിങ് കമ്മറ്റിയിലെ എല്ലാവരും ഇതിൽ പങ്കെടുക്കേണ്ടതാണ്. ശാഖ വൈസ് ഡയറക്ടർ സമ്മേളനത്തിൽ എല്ലാ ശാഖ വൈസ് ഡയറക്ടേഴ്സും പങ്കെടുക്കേണ്ടതാണ്. സമയം 10 am -1 pm, സ്ഥലം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ.

## 'മിസ്സിയോ' ദൈവവിളി പ്രസംഗ മത്സരം

മെയ് 6 ന് മുൻപ് എല്ലാ ശാഖകളിലും ദൈവവിളി പ്രസംഗ മത്സരം (MISSIO) നടത്തണമെന്ന് അറിയിക്കുന്നു. തുടർന്ന് മേഖലയിൽ മെയ് 7 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ നടത്തുകയും, അതിൽനിന്ന് തെരെഞ്ഞെടുക്കപ്പെടുന്ന ഒരാൾ രൂപതയിൽ മെയ് 13 രണ്ടാം ശനിയാഴ്ച 9.30 ന് നടത്തപ്പെടുന്ന രൂപത മത്സരത്തിൽ പങ്കെടുക്കുകയും ചെയ്യുക. അതിനു ശേഷം 11 am ന് രൂപത വാർഷികം, കൗൺസിൽ നടത്തുന്നു . ഈ സമ്മേളനത്തിൽ വെച്ചാണ് പ്രവർത്തനവർഷത്തിൽ നടത്തിയ മറ്റ് മത്സരങ്ങളുടേയും സ്കോളർഷിപ്പുകളുടേയും സമ്മാനങ്ങൾ വിതരണം ചെയ്യുക; അതിനാൽ സമ്മാനർഹരായവരും മികച്ച ശാഖ, മേഖല പ്രതിനിധികളുടെ ടീമും നിർബ്ബന്ധമായും പങ്കെടുക്കേണ്ടതാണ്. ഉച്ച ഭക്ഷണത്തോടെ സമ്മേളനം അവസാനിക്കുന്നു. സ്ഥലം മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ.

## പ്രേഷിത വാഹിനി

MST സഭയുടെ മാധ്യമ വിഭാഗമായ സാന്തോം മീഡിയയും ശാലോം ടെലിവിഷനും ചേർന്നൊരുക്കുന്ന സഭാ വിജ്ഞാനീയ ക്വിസ്, പാരമ്പര്യ കലകൾ പ്രോഗ്രാമുകൾ എന്നിവ രൂപതയിലെ തെരെഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ നടത്തുവാൻ രൂപത ഘടകത്തിന്റെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കുന്നു. അതിൽ നടത്തപ്പെടുന്ന ക്വിസ് മത്സരത്തിന് ഒരുങ്ങുന്നതിനായി പ്രേഷിതവാഹിനി ക്വിസ് മത്സര പഠന സഹായി നല്കപ്പെടുന്നതാണ്. വേനപ്പാറ, കോടഞ്ചേരി, താമരശ്ശേരി, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ വെച്ചാണ് പ്രോഗ്രാം നടത്തുന്നത്.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# വൊക്കേഷൻ ബ്യൂറോ

## ദൈവവിളി ക്യാമ്പ്

തിയതി : 2023 ഏപ്രിൽ 3 -ാം തീയതി ഉച്ചകഴിഞ്ഞ് 3.30 മുതൽ 05-ാം തീയതി ഉച്ചക്ക് 2.00 വരെ (തിങ്കൾ, ചൊവ്വ, ബുധൻ). ആൺകുട്ടികൾക്കുള്ള ക്യാമ്പ് PMOC യിൽ വച്ച് നടത്തപെടുന്നു. ഈ വർഷം പെൺകുട്ടികൾക്കുള്ളദൈവവിളി ക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഈ കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേ ണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി വാങ്ങേണ്ടതാണ്
6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപത സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.
7. വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ സന്ദർശിക്കാനുള്ള സമയം ക്യാമ്പിന്റെ സമാപനദിവസമായ അഞ്ചാം തീയതി രാവിലെ 10.00 മുതൽ 11.30 വരെ ആയിരിക്കും.

**ഫാ. ചെറിയാൻ പൊങ്ങൻപാറ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ് 2023

താമരശ്ശേരി രൂപത കലണ്ടർ 2023 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ 'ഫീദെസ് ഫാമിലി ക്വിസ് 2023' എന്ന പേരിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

## പ്രത്യേകതകൾ

താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.

ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.

2023 ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാംഘട്ടത്തിലെ പഠന വിഷയങ്ങൾ.

ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. കലണ്ടറിൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ അയയ്ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടുക. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 9 ഞായറാഴ്ച രാത്രി 12 മണിയാണ്.

പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് രൂപതാ തല രണ്ടാംഘട്ട മത്സരത്തിന് അർഹരാകുന്നത്.

ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2023 ജൂൺ 10 ശനിയാഴ്ച രൂപതാ തലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം : 15,000 രൂപ (CHEM Pharma, Calicut Road, Manjeri)
രണ്ടാം സമ്മാനം : 10000 രൂപ (Fatima Druglines, Manjeri)
മൂന്നാം സമ്മാനം : 5000 രൂപ (Adv. Beena Joseph Palayoor, Manjeri)
പ്രോത്സാഹന സമ്മാനങ്ങൾ (Arabian Dental Lab, Manjeri)

ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

### യാമ പ്രാർത്ഥനകൾ

അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സർക്കുലർ അനുസരിച്ച് (Prot. No.0073/2023) സീറോ മലബാർ സഭയുടെ നവീകരിച്ച യാമപ്രാർത്ഥന ക്രമം 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതൽ ഔദ്യോഗികമായി നിലവിൽ വരുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

## സെമിനാരി വാർത്തകൾ

### എൻട്രൻസ് എക്സാം

വിവിധ മേജർ സെമിനാരികളിലേക്കുള്ള പ്രവേശന പരീക്ഷ മൈനർ സെമിനാരിയിൽ വച്ച് ഫെബ്രുവരി 8-ാം തീയതി നടത്തപ്പെട്ടു. ഈ വർഷം 3 വൈദിക വിദ്യാർത്ഥികളാണ് പരീക്ഷയെഴുതിയത്.

### വിനോദയാത്ര

ഫെബ്രുവരി 8-ാം തീയതി രാത്രിയോടെ ഈ വർഷത്തെ വിനോദയാത്ര ആരംഭിച്ചു. 9-ാം തീയതി രാവിലെ മംഗലപ്പുഴ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ച ശേഷം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പോയി മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ചു. തുടർന്ന് അന്നേ ദിവസം വണ്ടർലായിൽ ചിലവഴിച്ചു. പത്താം തീയതി രാവിലെ സെമിനാരിയിൽ തിരിച്ചെത്തി.

### വേനൽക്കാല ക്യാമ്പുകൾ

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തുന്ന തത്വശാസ്ത്ര - ദൈവശാസ്ത്ര വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ട് 4-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും വ്യക്തിത്വ വികസനം, വിശ്വാസരൂപീകരണം തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ ക്യാമ്പുകളും, ക്ലാസ്സുകളും നടത്താനാഗ്രഹിക്കുന്നു. ബ്രദേഴ്സിന്റെ സേവനം ആവശ്യമുള്ളവർ രൂപത മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# വിദ്യാഭ്യാസരംഗം

## വിദ്യാഭ്യാസ പ്രവർത്തക സംഗമവും യാത്രയയപ്പ് സമ്മേളനവും

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ അധ്യാപക - അനധ്യാപക ജീവനക്കാരുടെ സംഗമവും ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്ന 47 ജീവനക്കാർക്കുള്ള യാത്രയയപ്പ് സമ്മേളനവും 25.02.2023 ന് തിരുവമ്പാടി അനുരാഗ് ഓഡിറ്റോറിയത്തിൽവെച്ച് നടന്നു. 'മാറുന്ന ലോകത്തെ അധ്യാപകന്റെ പ്രസക്തിയും വെല്ലുവിളിയും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിന് കോതമംഗലം രൂപത വികാരി ജനറാൾ മോൺ. പയസ് മലേകണ്ടത്തിൽ നേതൃത്വം നൽകി. തുടർന്ന് നടന്ന യാത്രയയപ്പ് സമ്മേളനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട് അധ്യക്ഷനായിരുന്നു. തിരുവമ്പാടി ഫൊറോന പള്ളി വികാരി ഫാ. തോമസ് നാഗപറമ്പിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ദീർഘകാല സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക - അനധ്യാപക ജീവനക്കാരെ അഭിവന്ദ്യ പിതാവ് അനുമോദിക്കുകയും രൂപതയുടെ പേരിലുള്ള കൃതജ്ഞത അറിയിക്കുകയും ചെയ്തു. വിരമിക്കുന്ന ജീവനക്കാർക്കുള്ള സ്നേഹോപഹാരം അഭിവന്ദ്യ പിതാവ് സമ്മാനിച്ചു. കൊമേഴ്സിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ കൂരാച്ചുണ്ട് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകൻ ശ്രീ. സുജിത്ത് ടോമിനെ തദവസരത്തിൽ അനുമോദിച്ചു. 72 സ്കൂളുകളിൽനിന്നായി 1100 ലേറെ പേർ പരിപാടിയിൽ പങ്കെടുത്തു. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ, വിപിൻ എം. സെബാസ്റ്റ്യൻ, സജി പി. തോമസ്, ജേക്കബ് കോച്ചേരി, സിന്ധു യു.സി., ജോസ് കെ.ജി., മില്ലി അബ്രാഹം വി., ഷാജി ജോൺ, ബോണി ജേക്കബ്, സി. ബീന എസ്.എബിഎസ്, ലിസ സാലസ്, ഫൈസൽ ബാബു എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## സ്കൂൾ കെട്ടിട ഉദ്ഘാടനം

കട്ടിപ്പാറ മുത്തോറ്റിക്കൽ നസ്രത്ത് എൽ.പി. സ്കൂളിനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ആശീർവാദകർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. ടോമി കളത്തൂർ, പ്രധാനധ്യാപകർ, അധ്യാപകർ, ഇടവക ട്രസ്റ്റിമാർ, പി.ടി.എ. ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## അധ്യാപക നിയമനം : എഴുത്തുപരീക്ഷ നടത്തി

കോർപ്പറേറ്റ് സ്കൂളുകളിൽ അധ്യാപകരായി നിയമനം ലഭിക്കുന്നതിന്

അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുള്ള എഴുത്തുപരീക്ഷ 11.02.2023 ന് പുല്ലൂരാംപാറ ഹൈസ്കൂളിൽ വെച്ച് നടന്നു. ആറുവിഭാഗങ്ങളിലായി 544 പേർ പരീക്ഷയിൽ പങ്കെടുത്തു.

## കോർപ്പറേറ്റുതല സ്കോളർഷിപ്പ് പരീക്ഷാഫലം

28.01.2023 ന് വിവിധ കേന്ദ്രങ്ങളിൽവെച്ച് നടത്തിയ വേദപാഠ- സന്മാർഗ്ഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ആദ്യത്തെ മൂന്നു സ്ഥാനക്കാർക്ക് യഥാക്രമം 800, 700, 600 രൂപാ വീതം ക്യാഷ് അവാർഡുകൾ അടുത്ത പ്രധാനധ്യാപക യോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്.

### Catechism

| *Std.* | *Place* | *Name of Student* | *School* |
|---|---|---|---|
| **IV** | I | Levin Sunil | Kodanchery LPS |
| | II | Delna Biju | Koodaranhi LPS |
| | III | Ansella Jils | Kallanode LPS |
| **V** | I | Chris B Francis | Pullurampara UPS |
| | II | Angel Rose | Koorachundu UPS |
| | III | Heleesha Elsa Shibu | Kattippara UPS |
| **VI** | I | Maria Biju | Pariyapuram UPS |
| | II | Tess Mariya Jaise | Pullurampara UPS |
| | III | Ancy Mathew | Kattippara UPS |
| **VII** | I | Lisha Therese Thomas | Kattippara UPS |
| | II | Christy Wilson | Kannoth UPS |
| | III | Sandra Sara Jose | Kodanchery HS |
| **VIII** | I | Alfred Saji | Kallanode HS |
| | II | Sona Theresa Saju | Kodanchery HS |
| | III | Sera Mariya Joseph | Chempanoda HS |
| | III | Tom Joseph Kattakayam | Kunduthode HS |
| **IX** | I | Liya Treesa Sunil | Nellipoyil HS |
| | II | Roslin K M | Kattippara HS |
| | III | Sayanora Rajesh | Kunduthode HS |
| **Moral Science** | | | |
| *Std.* | *Place* | *Name of Student* | *School* |
| **IV** | I | Sanha Fathima K M | Venapara UPS |
| | | | |

| | | | |
|---|---|---|---|
| | II | Adhithya Biju | Koodaranhi LPS |
| | III | Jiya Ann Sebastian | Kodanchery LPS |
| V | I | Ann Maria Robin | Kodanchery HS |
| | II | Zella Fathima | Kodanchery HS |
| | III | Neza Mariya Bennet | Koodaranhi HS |
| VI | I | Kemin Roy | Koodaranhi HS |
| | II | Fathima Fidha P J | Thiruvampady UPS |
| | III | Alona Bijoy | Kodanchery HS |
| VII | I | Nandhana P B | Pullurampara UPS |
| | II | Hevaleena Wilson | Kodanchery HS |
| | III | Neha Baiji | Thiruvampady UPS |
| VIII | I | Fathima Riya | Kannoth HS |
| | II | Ayisha Fargha | Kallanode HS |
| | III | Sona Theresa Saju | Kodanchery HS |
| IX | I | Liya Treesa Sunil | Nellipoyil HS |
| | II | Roslin K M | Kattippara HS |
| | III | Liya Christy | Pullurampara HS |

**ആദരാഞ്ജലികൾ**

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ പ്രൈമറി അധ്യാപികയായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി ലിസി ജോർജ് (52) ഹൃദയാഘാതത്തെ തുടർന്ന് നിര്യാതയായി. ചെമ്പനോട, മുത്തോറ്റിക്കൽ, നീലേശ്വരം എന്നീ സ്കൂളുകളിൽ സേവനം അനുഷ്ഠിച്ച ശേഷം 2008 ലാണ് ടീച്ചർ കൂടരഞ്ഞി സ്കൂളിലേക്ക് സ്ഥലംമാറിയെത്തിയത്. സഹപ്രവർത്തകർക്കും, വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ഏറെ പ്രിയങ്കരിയായിരുന്ന ലിസി ടീച്ചറുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ചങ്ങരോത്ത് യു.പി. സ്കൂളിലെ ആദ്യകാല അധ്യാപികമാരിൽ ഒരാളായിരുന്ന ശ്രീമതി തങ്കം പീടിയേക്കൽ ടീച്ചറും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ദീർഘകാലസേവനത്തിനുശേഷം വിശ്രമജീവിതം നയിക്കുന്ന വേളയിലാണ് ടീച്ചറുടെ വേർപാടുണ്ടായത്. തങ്കം ടീച്ചറിനും പ്രാർത്ഥനാപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഒപ്പം ഈ രണ്ട് അധ്യാപികമാരുടെയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

**ബഹുമാനപ്പെട്ട മോൺ. ആന്റണി കൊഴുവനാൽ അച്ചന്റെ നിസ്വാർത്ഥ സേവനങ്ങൾക്ക് START ന്റെ പ്രണാമം**

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ ആയിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിനൊപ്പം തോളോട് തോൾ ചേർന്ന് സാമൂഹികപ്രതിബദ്ധതയും ഉയർന്ന ധാർമിക ബോധമുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മോൺ.ഡോ. ആന്റണി കൊഴുവനാലച്ചൻ (Founding Director) നൽകിയ നിസ്വാർത്ഥ സേവനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ആകെ തുകയാണ് START.

യുവതലമുറയിൽ നേതൃത്വപാടവവും ആത്മീയതയിൽ ഊന്നിയ വ്യക്തിത്വ വികസനവും നൽകി അവരെ സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്യുന്നവരാക്കി മാറ്റുക എന്ന അച്ചന്റെ ഉൾക്കാഴ്ചയാണ് നാളിതുവരെ 17 ബാച്ചുകളിലൂടെ അനേകം മഹത് വ്യക്തിത്വങ്ങളെ രൂപപ്പെടുത്താനും അവർക്ക് അഖിലേന്ത്യ തലങ്ങളിൽ ഉന്നതനിലവാരം പുലർത്താനും തങ്ങളുടെ കർമ്മമണ്ഡലങ്ങളിൽ പ്രശോഭിക്കാനും പ്രചോദനമായത്.

ദേശീയ തലത്തിൽ നടത്തപ്പെടുന്ന മത്സരപരീക്ഷയ്ക്കായി വിദ്യാർത്ഥികൾക്ക് ചിട്ടയായ പരിശീലനവും പ്രചോദനവും നൽകുവാനുമായി മിനി മാസ്റ്റർ ട്രെയിനിംഗ് ക്യാമ്പുകളും മറ്റനവധി കോഴ്സുകളും ഒപ്പം START ന്റെ പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാന്യമർഹിക്കുന്ന Master Training Course ഉം അച്ചൻ നൽകിയ സംഭാവനകൾ ആണ്. വരും തലമുറയ്ക്കായി അണയാത്ത നിറദീപം ചാർത്തി നൽകിയാണ് അച്ചൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്.

നാളിതുവരെ START കുടുംബത്തിനായി അച്ചൻ നൽകിയ വില യേറിയ സേവനങ്ങൾക്ക് START കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദി അറിയിക്കുന്നു. തന്റെ കർമ്മപദത്തെ ഇത്രയേറെ മനോഹരമാക്കിയ ഞങ്ങളുടെ സ്ഥാപക ഡയറക്ടർക്ക് തുടർന്നും ചുറ്റുമുള്ളവർക്കായി ക്രിസ്തുവിനെ പങ്കുവെച്ചുനല്കിയും അവരെ പ്രചോദിപ്പിച്ചും ജീവിക്കുവാനുള്ള കൃപ നൽകി സർവേശ്വരൻ അനുഗ്രഹിക്കട്ടെ.

**2022 – 2023 MTC Batch വിജയകരമായി സമാപനത്തിലേക്ക്**

വിജ്ഞാന സ്ഫോടനത്തിന്റെ ഈ യുഗത്തിൽ വിദ്യാർത്ഥികളെ അറിവും തിരിച്ചറിവും ഉള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ട് നടത്തിവരു

ന്ന Master's Training Course ന്റെ പതിനേഴാമത്തെ ബാച്ച് വിജയകരമായി സമാപനത്തിലേക്ക് എത്തിനിൽക്കുകയാണ്.

വിവിധ കേന്ദ്രീയ സർവകലാശാല പരീക്ഷകൾ എഴുതുവാൻ വിദ്യാർത്ഥികളെ ഒരുക്കുന്ന ഈ കോഴ്സിലെ 2022-23 ബാച്ചിന്റെ farewell and convocation ceremony മാർച്ച് 29 രാവിലെ 11 മണിക്ക് താമരശ്ശേരി രൂപതാ അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അധ്യക്ഷതയിൽ നടത്തപ്പെടും. ഓരോ വിദ്യാർത്ഥികളുടെയും മാതാപിതാക്കളും ചടങ്ങിൽ പങ്കുചേരും.

ഓരോ വിദ്യാർത്ഥിയിലും ആത്മീയതയും അച്ചടക്കവും ലക്ഷ്യബോധവും വ്യക്തിത്വ വികസനവും വളർത്തി അവരെ മൂല്യബോധവും പൗരബോധവും ഉള്ളവരാക്കി മാറ്റുന്നതിന് START നൽകുന്ന സംഭാവന ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ആധുനിക കാലഘട്ടത്തിലും വ്യത്യസ്തങ്ങളായ കോഴ്സുകൾ ഓരോ വിദ്യാർത്ഥിയെയും അഖിലേന്ത്യ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്നവരാക്കാൻ START ന് കഴിയുന്നു.

## Summer Basic and Advance level English Lessons at START

മത്സരങ്ങളുടെ ലോകത്താണ് നാം ജീവിക്കുന്നത്. മത്സര പരീക്ഷകൾ വഴിയല്ലാതെ ഇന്നത്തെ ലോകത്ത് ഉന്നത വിജയം സാധ്യമല്ല. ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തപ്പെടുന്ന ഓരോ മത്സര പരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും എല്ലാം ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവിണ്യവും യുക്തിവിചാരവും പൊതുവിജ്ഞാനവും ഒഴിച്ചുകൂടാനാവാത്തതാണ്. തഥവസരത്തിൽ ഓരോ വിദ്യാർത്ഥികളെയും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ട് അവതരിപ്പിക്കുന്ന തീവ്ര പരിശീലന കോഴ്സ് 2023 ഏപ്രിൽ 13 വ്യാഴാഴ്ച മുതൽ ഏപ്രിൽ 26 ബുധനാഴ്ച വരെ നടത്തപ്പെടുന്നു . എല്ലാവർഷവും മധ്യവേനലവധിക്ക് നടത്തപ്പെടുന്ന ഈ കോഴ്സിൽ 5,6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി Basic-level ക്ലാസുകളും 8,9,10,11 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി Advance-level ക്ലാസുകളുമാണ് ഒരുക്കുന്നത്. 15 ദിവസം നീണ്ടുനിൽക്കുന്ന ഈ കോഴ്സ് ക്യാമ്പസിൽ താമസിച്ചുകൊണ്ടാണ് നടത്തപ്പെടുന്നത്. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളിൽ പ്രഗൽഭർ നയിക്കുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ ഏപ്രിൽ ഒന്നിന് മുൻപായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുകയോ 9037107843 എന്ന വാട്സ് ആപ്പ് നമ്പറിലേക്ക് മെസ്സേജ് അയക്കുകയോ ചെയ്യുക.

## Intensive Crash Course – CUET

ഉയർന്ന നിലവാരം പുലർത്തുന്ന; പ്രത്യേകിച്ചും കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള സർവ്വകലാശാലകളെ, ഏകോപിപ്പിച്ചു കൊണ്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന അഖി ലേന്ത്യ പരീക്ഷയായ കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (CUET) ൽ വിജയം നേടാൻ പ്ലസ് ടു കഴിഞ്ഞ കുട്ടികളെ ഒരുക്കുന്നതിനുള്ള ഇടക്കാല പഠനം ഏപ്രിൽ മാസം തുടങ്ങുന്നു. മാർച്ചിൽ പ്ലസ് ടു പരീക്ഷയ്ക്കു ശേഷം CUET എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായാണ് ഈ ക്രാഷ് കോഴ്സ് ഒരുങ്ങുന്നത്. ഏപ്രിൽ ആദ്യ ആഴ്ചയിൽ തുടങ്ങുന്ന Comprehensive and Intensive crash course നെ കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ നേടുവാനും ആഗ്രഹിക്കുന്നവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

START ഒരുക്കുന്ന കോഴ്സുകളെ കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ നേടുവാനും ആഗ്രഹിക്കുന്നവർ സ്റ്റാർട്ടുമായി ബന്ധപ്പെടുക:

**Phone Numbers:**
0495 235 7843, 9037 107 843 (Office)
9744 458 111 (Director)
9495 460388 (Assistant Director)
Website: www.startindia.org
Emails: contact@startindia.org, office@startindia.org
director@startindia.org

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

# പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

## ഏകവത്സര ദൈവശാസ്ത്ര കോഴ്സ്

താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര ദൈവശാസ്ത്ര കോഴ്സ് 2022 ഒക്ടോബറിൽ ആരംഭിച്ചു. രൂപതയ്ക്ക് അകത്തും പുറത്തു നിന്നുമായി 90 ഓളം വിദ്യാർത്ഥികൾ ഈ കോഴ്സിൽ സംബന്ധിക്കുന്നു. കോട്ടയത്തുള്ള പൗരസ്ത്യവിദ്യാപീഠവുമായും, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയറുമായും ചേർന്ന് പ്രവർത്തിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ലോകപ്രശസ്തമായ ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്നും ഡോക്ടർ ബിരുദം കരസ്ഥമാക്കിയ പ്രഗൽഭരായ ആളുകൾ ക്ലാസുകൾ എടുക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഓൺലൈനായി രാത്രി 8.30 മുതൽ 9.30 വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. ഈ ദൈവശാസ്ത്ര കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ നൽകിയിരിക്കുന്ന നമ്പറിൽ വിളിക്കേണ്ടതാണ്. പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ഓഫീസ് നമ്പർ : 7907810078.

## പോപ്പ് ബെനഡിക്ട് അനുസ്മരണ സംഗമം

താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര ബൈബിൾ പഠന കേന്ദ്രം അതിന്റെ നാമത്തിന് കാരണഭൂതനായ പോപ്പ് ബെനഡിക്ട് പതിനാറാമനെ പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിക്കുകയും, ദൈവശാസ്ത്ര സംഭാവനകളെക്കുറിച്ചു പഠിക്കുകയും ചെയ്തുകൊണ്ട് 2023 ജനുവരി 26 ന് കോഴിക്കോട് പി എം ഒ സിയിൽ വെച്ച് പോപ്പ് ബെനഡിക്ട് അനുസ്മരണ സമ്മേളനം നടത്തി. ഏകദേശം 150 ഓളം ആളുകൾ ആ സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ റെമിജിയോസ് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും, വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന ദൈവശാസ്ത്ര പഠന ചർച്ചയിൽ റവ. ഡോ. പോൾ പുളിക്കൻ, റവ. ഡോ. ഫ്രാൻസിസ് പിട്ടാപ്പള്ളിൽ , ഡോ. പോൾ കുഞ്ഞാനായിൽ എന്നിവർ വിവിധങ്ങളായ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കുകയും ചെയ്തു.

## ബൈബിൾ ക്ലാസുകൾ

താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര ബൈബിൾ പഠന ക്ലാസുകൾ ഉടൻ ആരംഭിക്കുന്നു. ലോകപ്രശസ്തമായ ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്ന് ബൈബിൾ ഗവേഷണത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ള പ്രശസ്തരായ പണ്ഡിതന്മാർ ക്ലാസ്സുകൾ നയിക്കുന്നു. ക്ലാസുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാണ് നട

ത്തപ്പെടുന്നത്. ആഴ്ചയിൽ ഒരു ക്ലാസ് എന്ന രീതിയിൽ വൈകുന്നേരങ്ങളിൽ 8.30 pm to 9.30 pm വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. കൂടുതൽ അറിയാനും, രജിസ്ട്രേഷനുമായി ബന്ധപ്പെടുക. Mob & whatsup: 790781 0078.

### സുറിയാനി ഭാഷാ ക്ലാസുകൾ

പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര സുറിയാനി ഭാഷാ പഠന ക്ലാസുകൾ ഉടൻ ആരംഭിക്കുന്നു. നമ്മുടെ ആരാധനാ ഭാഷയായ സുറിയാനിയെ പരിചയപ്പെടാനും, നമ്മൾ അനുദിനം അർപ്പിക്കുന്ന വിശുദ്ധ കുർബാനയെ അത് എഴുതപ്പെട്ട ഭാഷയായ സുറിയാനിയിൽ മനസ്സിലാക്കാനും, പഠിക്കുവാനും ഈ ക്ലാസുകൾ അവസരം നൽകുന്നു. സുറിയാനി ഭാഷയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ള പ്രശസ്തരായ പണ്ഡിതൻമാർ ക്ലാസ്സുകൾ നയിക്കുന്നു. ക്ലാസുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാണ് നടത്തപ്പെടുന്നത്. ആഴ്ചയിൽ ഒരു ക്ലാസ് എന്ന രീതിയിൽ വൈകുന്നേരങ്ങളിൽ 8.30 pm to 9.30 pm വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. കൂടുതൽ അറിയാനും, രജിസ്ട്രേഷനുമായി ബന്ധപ്പെടുക. Mob & whatsup 8281346179.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

## ആൽഫ മരിയ അക്കാദമി

### 2023-2024 ട്യൂഷൻ ക്ലാസ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

2023-24 അധ്യയന വർഷത്തെ ഹൈസ്കൂൾ വിഭാഗം (8,9,10) ക്ലാസുകളിലേക്കുള്ള ഹിന്ദി, ഇംഗ്ലീഷ്, കണക്ക്, സയൻസ് ട്യൂഷൻ ക്ലാസുകൾ 2023 ഏപ്രിൽ 3 മുതൽ ആരംഭിക്കുന്നു.

### ആൽഫ മരിയ അക്കാദമിയിൽ ജർമൻ ഭാഷാ പഠനം

തിരുവമ്പാടി ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ഏപ്രിൽ 10 ആരംഭിക്കുന്ന ജർമൻ ഭാഷാ പഠനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ (A1, A2, B1, B2) ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷ പരിശീലനത്തിൽ മികച്ച് നിൽക്കുന്ന സൺറൈസ് താലന്ത് ഭാഷാ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്. ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾക്കനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ് ടു അടിസ്ഥാന യോഗ്യത ഉള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്.

### പി എസ് സി പരിശീലനം

യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, സബ് ഇൻസ്പെക്ടർ, എൽ.ജി.എസ്, $10^{th}$

മെയിൻ വേണ്ടിയുള്ള പിഎസ്സി ക്ലാസുകൾ (ഓൺലൈൻ/ഓഫ്‌ലൈൻ) ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചിരിക്കുന്നു. 100 മണിക്കൂർ പരിശീലനം, ചിട്ടയായ പരീക്ഷ പരീശീലനം, മുൻകാല പരീക്ഷ ചോദ്യപേപ്പറുകളുടെ വിശകലനം, പരിചയ സമ്പന്നരായ അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

## Knowledge Fest (UP & HS)

UP & HS വിദ്യാർത്ഥികൾക്കായുള്ള വെക്കേഷൻ ക്ലാസുകൾ (ഇംഗ്ലീഷ്, കണക്ക്, ഹിന്ദി) ഏപ്രിൽ മൂന്നാം തീയതി ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495-2252180, 7907028758, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ, ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് കോഴ്സുകളും ദിവസേന കൗൺസിലിംഗും നടക്കുന്നു.

## സീനിയർ പ്രീസ്റ്റ്സ് എംപവർമെന്റ് പ്രോഗ്രാം

ജനുവരി 2 നു താമരശ്ശേരി രൂപതയിലെ മുതിർന്ന വൈദികർക്കായുള്ള എംപവർമെന്റ് പ്രോഗ്രാം ജെപിഐ യിൽ വച്ച് നടത്തി. ബഹുമാനപ്പെട്ട വൈദികർ തങ്ങളുടെ ജീവിതാനുഭവങ്ങളും വിസ്മയനീയമായ ദൈവിക പരിപാലനയുടെ ഓർമകളും പങ്കുവച്ചു സംസാരിച്ചതു ഏറെ പ്രചോദനാത്മകമായിരുന്നു.

## PhD Examination

JPI യിൽ Phd in Counseling Psychology ചെയ്യുന്ന വിദ്യാർത്ഥികളുടെ PhD Examination ജനുവരി 14,15 തീയതകിളിൽ JPI യിൽ വച്ച് നടന്നു.

## കോഴ്സുകൾ

എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി (എല്ലാ ഞായറാഴ്ചകളിലും, എല്ലാ രണ്ടാം ശനിയാഴ്ചകളിലും മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ ക്ലാസ്സുകൾ നടക്കുന്നു.)

## ഓൺലൈൻ ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി

ഓൺലൈൻ ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് എന്നീ കോഴ്സുകൾ നടക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു

2023–25 വർഷത്തിലേക്കുള്ള മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ (എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി-ഓഫ്‌ലൈൻ/ഓൺലൈൻ) അഡ്മിഷൻ പുരോഗമിക്കുന്നു. ഡിഗ്രി യോഗ്യതയുള്ളവർക്കു ഈ കോഴ്സിലേക്കു അപേക്ഷിക്കാവുന്നതാണ്. പരിമിതമായ സീറ്റുകൾ മാത്രം അവശേഷിക്കുന്നു. താൽപര്യമുള്ളവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9496575018, 90379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## പ്രോ-ലൈഫ് ദിനാഘോഷവും വാർഷിക സമ്മേളനവും

ആഗോള പ്രോ-ലൈഫ് ദിനമായ 'മംഗളവാർത്ത ദിനം' മാർച്ച് 25 താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് സമുചിതമായി ആഘോഷിക്കുന്നു. തിരുവമ്പാടി ഫോറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സമ്മേളനം താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യും. തദവസരത്തിൽ കുടുംബങ്ങളുടെ വ്യക്തി വിവരങ്ങൾ അടങ്ങുന്ന ഐഡന്റിറ്റി കാർഡ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു നൽകുന്നു. കൂടാതെ ഓരോ കുടുംബത്തിനും പ്രത്യേക സമ്മാനങ്ങൾ നൽകുന്നു. പ്രോ-ലൈഫിൽ പ്രവർത്തിക്കുന്ന അല്മായരുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന 'ജിയാന ചാരിറ്റബിൾ ട്രസ്റ്റി'ന്റെ ഉദ്ഘാടനവും നടക്കുന്നു. നാലും അതിൽ കൂടുതലും മക്കളുള്ള രൂപതയിലെ എല്ലാ വലിയ കുടുംബങ്ങളേയും പ്രസ്തുത മീറ്റിങ്ങിലേക്ക് പറഞ്ഞയക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. രൂപത, ഫൊറോന, ഇടവക ഭാരവാഹികളും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം പുല്ലൂരാംപാറ കാർഷിക ഗ്രാമം

താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിലുള്ള പുല്ലൂരാംപാറ കാർഷിക ഗ്രാമം ഭരണസമിതി നിലവിൽ വന്നു. പുല്ലൂരാംപാറ പള്ളിയങ്കണത്തിൽ ഡയറക്ടർ ഫാദർ ബിനോയ് പുരയിടത്തിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ താമരശ്ശേരി കാർഷിക ജില്ല പ്രസിഡൻറ് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ ഇൻഫാമിന്റെ നാനാവിധമായ പ്രവർത്തന മേഖലകളെക്കുറിച്ചും ഭാവി സാധ്യതകളെക്കുറിച്ചും വിശദമായ ക്ലാസ് നൽകി. സമ്മേളനത്തിൽ പുല്ലൂരാംപാറ കാർഷിക ഗ്രാമം പ്രസിഡണ്ടായി ശ്രീ. പ്രിൻസ് താളനാനിയെയും വൈസ് പ്രസിഡണ്ടായി ജോണി കട്ടിക്കാനായിലിനെയും സെക്രട്ടറിയായി സുബിൻ തയ്യിലിനെയും ജോയിന്റ് സെക്രട്ടറിയായി വിൽസൺ പുതുപ്പറമ്പിലിനെയും ട്രഷറർ ജോസ് മറ്റപ്പള്ളിയേയും എക്സിക്യൂട്ടീവ് അംഗങ്ങളായി ശ്രീ. സണ്ണി താന്നിപ്പൊതിയിൽ, ജോർജ് അലക്സ് പുളിക്കൽ, ഷാജി വാഴപ്പറമ്പിൽ, ജോസ് കട്ടിക്കാന, സോൺസ് കോതമ്പനാനി എന്നിവരെയും തിരഞ്ഞെടുത്തു. സമ്മേളനത്തിൽ അമ്പതിൽപരം കർഷകർ പങ്കെടുത്തു. ഇൻഫാമിന്റെ നവീന പ്രവർത്തനങ്ങൾ കർഷകർക്ക് പുതുജീവൻ നൽകുമെന്ന് പുല്ലൂരാംപാറ കാർഷിക ഗ്രാമം ഡയറക്ടർ ഫാദർ ബിനോയ് പുരയിടത്തിൽ അഭിപ്രായപ്പെട്ടു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# ഫാമിലി അപ്പോസ്തലേറ്റ്

## പ്രീകാന

മാർച്ച് 9,10,11

ഏപ്രിൽ 3,4,5

ഏപ്രിൽ 20,21,22


**ഫാമിലി അപ്പസ്തോലേറ്റ് ഫോൺ നമ്പർ - 8714031056; 0495-2731056**

**നവജീവൻ - ഹോംമിഷൻ:** റൂബിജൂബിലിയോടനുബന്ധിച്ച് നവജീവൻ എല്ലാ ഇടവകകളിലും മൂന്നുവർഷത്തിനുള്ളിലായി സംഘടിപ്പിക്കുന്നു. ഈ വർഷം നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ ഫാമിലി അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**യംങ് കപ്പിൾസ് മീറ്റ്:** 2023 വർഷത്തിലെ യംങ് കപ്പിൾസ് സമ്മേളനങ്ങൾ മാർച്ച് മാസം മുതൽ ആരംഭിക്കുന്നു. ഫോറോനതലത്തിൽ ഞായറാഴ്ച വൈകുന്നേരങ്ങളിൽ യുവദമ്പതികൾ ഒരുമിച്ചുകൂടുന്നു. തോട്ടുമുക്കം ഫൊറോനയിൽ ഔദ്യോഗിക ഉദ്ഘാടനം ക്രമീകരിച്ചിരിക്കുന്നു.

**വിധവകളുടെ സംഗമം:** കെസിബിസി സംഘടിപ്പിച്ച വിധവകളുടെ കൂട്ടായ്മയിൽ രൂപതയിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്



# മാതൃവേദി

## ജനറൽ ബോഡി യോഗവും ഇലക്ഷൻ ക്യാമ്പയിനും

അന്തർദേശീയ സീറോ മലബാർ മാതൃവേദിയുടെ ജനറൽബോഡി യോഗവും ഇലക്ഷൻ ക്യാമ്പയിനും 2023 ജനുവരി 23, 24, തീയതികളിൽ പാലക്കാട് രൂപത യുവക്ഷേത്ര കോളേജിൽ വെച്ച് നടത്തപ്പെട്ടു. രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാദർ ജോസഫ്അന്തീനാട്ടും, ആനിമേറ്ററും, എക്സിക്യൂട്ടീവ് അംഗങ്ങളും, സെനറ്റ് മെമ്പേഴ്സും പങ്കെടുത്തു.

## അഭിനന്ദനങ്ങൾ

പാലക്കാട് യുവക്ഷേത്ര കോളേജിൽ വെച്ച് നടന്ന അന്തർദേശീയ മാതൃവേദി ജനറൽ ബോഡി യോഗത്തിൽ താമരശ്ശേരി രൂപത അംഗവും വാലില്ലാപ്പുഴ ഇടവക അംഗവുമായ ശ്രീമതി സൗമ്യ സേവ്യർ ഓലകുന്നേൽ അന്തർദേശീയ മാതൃവേദിയുടെ ട്രഷറർ ആയി തെര ഞ്ഞെടുക്കപ്പെട്ടു. ശ്രീമതി സൗമ്യ സേവ്യർ ഓലകുന്നേലിന് അഭിനന്ദനങ്ങൾ.

## താമരശ്ശേരി മേഖല

### 1. താമരശ്ശേരി

ക്രിസ്തുമസ് ഫ്രണ്ടിന് ഗിഫ്റ്റ് വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന തുക ചാരിറ്റി ഫണ്ടിലേക്ക് സംഭാവന നൽകുന്നതിനു തീരുമാനിച്ചു. 26.12.2022 ശനിയാഴ്ച മാതൃവേദി അമ്മമാർ യേശുഭവൻ സ്നേഹനിവാസ് സന്ദർശിച്ചു. അവർക്കുവേണ്ടി സമാഹരിച്ച തുകയും കുറച്ചു അത്യാവശ്യ സാധനങ്ങളും സംഭാവനയായി നൽകി.

### 2. പുതുപ്പാടി

നവംബർ മാസത്തിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ 60,000 രൂപയുടെ ചിട്ടി ആരംഭിച്ചു. മാതൃവേദിയും വിൻസെന്റ് ഡി പോൾ സംഘടനയും ചേർന്ന് ഇടവകയിലെ വീട് ഇല്ലാത്ത കുടുംബത്തിന് നിർമിച്ചു നൽകിയ വീടിന്റെ വെഞ്ചിരിപ്പു കർമം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കർമികത്വത്തിൽ നിർവഹിച്ചു. 17.12.2023 ശനിയാഴ്ച ഇടവകയിലെ മുഴുവൻ കിടപ്പു രോഗികളെയും പള്ളിയിൽ കൊണ്ട് വരികയും അവർക്കുവേണ്ടി കുമ്പസാരവും൦, കുർബാനയും ക്രമീകരിക്കുകയും ചെയ്തു. ക്രിസ്തുമസിനു കേക്ക് ഉണ്ടാക്കി വിറ്റു കിട്ടിയ 32,000 രൂപ മാതൃവേദിയുടെ ഫണ്ടിലേക്ക് വകയിരുത്തി. ജനുവരി മാസത്തിൽ അമ്മമാർക്കായി ഒരു വിനോദയാത്ര ഊട്ടിയിലേക്ക് നടത്തി. ഫെബ്രുവരി മാ

സത്തിൽ സമ്പൂർണ ബൈബിൾ മുഴുവനായും വായിക്കുന്നതിനു തീരുമാനം എടുത്തു.

**3. കൂടത്തായി യൂണിറ്റ്**

സുവർണ ജൂബിലിയോടനുബന്ധിച്ചു നടന്ന കലാ കായിക മത്സരങ്ങളിൽ അമ്മമാർ സജീവമായി പങ്കെടുത്തു. ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് അമ്മമാരുടെ ചരിത്ര നാടകം 'ഉദയം' വേദിയിൽ അരങ്ങേറി. കൂടത്തായി ഇടവക സമ്പൂർണ മാതൃവേദി ഇടവക ആയി മാർ റെമിജിയോസ് പിതാവ് പ്രഖ്യാപിച്ചു.

**4. ചിപ്പിലിതോട് യൂണിറ്റ്**

ഡിസംബർ ഒന്നാം തീയതി ആനിമേറ്റർ സിസ്റ്റർ അമലയുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും നേതൃത്വത്തിൽ സോപ്പ്, സോപ്പ് പൊടി നിർമ്മാണം എന്നിവയുടെ പരിശീലനം നടന്നു. ബഹുമാന പ്പെട്ട ജയ്സൺ അച്ചൻ COD അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**5. തലയാട് യൂണിറ്റ്**

തലയാട് സെൻറ് ജോർജ് ചർച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ എല്ലാ ആദ്യ ഞായറാഴ്ചയും അമ്മമാരുടെ ദിവസമായി ആചരിച്ചുവരുന്നു. കാഴ്ച സമർപ്പണത്തിലൂടെ ലഭിക്കുന്ന വസ്തുക്കൾ 'ഹൃദയപൂർവ്വം' പദ്ധതിയിലൂടെ അർഹതപ്പെട്ടവരിലേക്ക് അംഗങ്ങൾ എത്തിക്കുന്നു. നവംബർ മാസത്തിൽ ആരോഗ്യ പ്രവർത്തക ശ്രീമതി സജി ജോർജ് അമ്മമാർക്കായി ബ്രെസ്റ്റ്കാൻസർ ബോധവൽക്കരണ ക്ലാസ് നയിച്ചു. നവംബർ 28 ന് KLM ന്റെ നേതൃത്വത്തിൽ അമ്മമാർക്കായി സോപ്പ്, സോപ്പ് പൗഡർ നിർമ്മാണം, സാരി പെയിൻറിങ് എന്നിവയിൽ വിദഗ്ധപരിശീലനം നൽകി. ഡിസംബർ മാസത്തിൽ ബോധവൽക്കരണ ക്ലാസിന്റെ തുടർച്ചയായിവിദഗ്ധ ചെക്കപ്പ് ആവശ്യമുള്ള അംഗങ്ങൾ രജിസ്റ്റർ ചെയ്ത് അമ്പായത്തോട് പോയി ചെക്കപ്പ് നടത്തി. ഡിസംബർ 17 ന് ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ പുല്ലാഞ്ഞിമേട് വൃദ്ധസദനം സന്ദർശിക്കുകയും അവരോടൊപ്പം ക്രിസ്തുമസ് ആഘോഷം നടത്തുകയും ഭക്ഷണവും സമ്മാനങ്ങളും നൽകുകയും ചെയ്തു.

**6. കട്ടിപ്പാറ യൂണിറ്റ്**

ഡിസംബർ മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച 'മാതാവിനോടൊപ്പം' സെമിനാർ നടത്തി. രൂപത തലത്തിൽ നടന്ന കരോൾ ഗാന മത്സരത്തിൽ താമരശ്ശേരി മേഖലയിലെ തേർഡ് പ്രൈസ് കട്ടിപ്പാറ ഇടവകയിലെ അമ്മമാർ കരസ്ഥമാക്കി.

## കൂരാച്ചുണ്ട് മേഖല

### കല്ലാനോട്

യൂണിറ്റിൽ 2022 ജനുവരി മുതൽ ഡിസംബർ 2022 വരെ നീണ്ടുനിന്ന വചനദീപ്തി (ബൈബിൾ ക്വിസ്) എന്ന ബൈബിൾ പഠനം പരമ്പര നടന്നു. ഡിസംബറിൽ വിജയികൾക്ക് മെമന്റോ നല്കി. എല്ലാ രണ്ടാം ശനിയാഴ്ചകളിലും മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ വയോജനങ്ങൾക്കായികൂട്ടായ്മ സംഘടിപ്പിച്ചു വരുന്നു.കോഴിക്കോട് ഹോം ഓഫ് ലവ് അഗതി മന്ദിരം സന്ദർശിച്ചു ഭക്ഷ്യവസ്തുക്കൾ നല്കി. നവംബർ അവസാന ആഴ്ചയിൽ കൂരാച്ചുണ്ട് സെന്റ് ജോസഫ് ഓൾഡ് ഏയ്ജ് ഹോം  സന്ദർശിച്ചു  ധാന്യവസ്തുകൾ നല്കി. ഡിസംബർ മാസത്തിൽ യൂണിറ്റിലെ കാൻസർ രോഗികളുടെ കുടുംബത്തിന് കിറ്റ്നല്കി.

## വിലങ്ങാട് മേഖല

### വിലങ്ങാട് യൂണിറ്റ്

ഡിസംബർ മാസത്തിൽ സമ്പൂർണ്ണ ബൈബിൾ പാരായണം മാതൃവേദിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. 28 അമ്മമാർ അതിൽ പങ്കെടുക്കുന്നു. മിഷൻ സൺഡേ ഇടവക തിരുനാൾ സ്കൂൾ വാർഷികം എന്നീ സമയങ്ങളിൽ മാതൃവേദിയുടെ നേതൃത്വത്തിൽ സ്റ്റാൾ നടത്തുകയും ജീവകാരുണ്യ ഫണ്ട് സ്വരൂപിക്കുകയും ചെയ്തു. ഡിസംബർ ഒന്നു മുതൽ 25 വരെ ഓരോ ബൈബിൾ വാക്യങ്ങൾ അതാത് ദിവസം വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇടുകയും അത് മനപ്പാഠമാക്കാൻ അമ്മമാർക്ക് നിർദേശം കൊടുക്കുകയും ചെയ്തു.

## കോടഞ്ചേരി മേഖല

1 നവംബർ 3-ാം തിയ്യതി കോടഞ്ചേരി ഇടവക മാതൃദിനം ആഘോഷിച്ചു. വിവിധ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി.

ജനുവരി മാസത്തിൽ തിരുനാളിനോടനുബന്ധിച്ച് അമ്മമാർ 'സ്വർഗ്ഗത്തിന്റെ വാതിൽ' എന്ന സ്കിറ്റ് അവതരിപ്പിച്ചു നല്ലൊരു സന്ദേശം നൽകി. മാതൃവേദിയിലെ ഒരംഗത്തിന് 4000 രൂപയും മറ്റൊരംഗത്തിന് 3350 രൂപയും ചികിൽസാ സഹായ നൽകി.

### കണ്ണോത്ത്

നവംബർ 30 ന് കണ്ണോത്ത് ഇടവക ജൂബിലിയാഘോഷത്തിന്റെ ഭാഗമായി നടന്ന പൊതുപരിപാടിയിൽ മാതൃവേദിയംഗങ്ങൾ 'വിശ്വാസത്തണൽ' എന്ന സ്കിറ്റ് അവതരിപ്പിച്ചു. 15.12.2022 ന് മുഴുവൻ മാതൃവേദിയംഗങ്ങളേയും ഉൾപ്പെടുത്തി ആനിമേറ്റർ സി. ആൻ മരിയയുടെ നേതൃത്തിൽ ഈരൂട് പ്രീസ്റ്റ് ഹോമും , കോൺവെന്റും സന്ദർശിച്ചു.

## തിരുവമ്പാടി മേഖല

### തിരുവമ്പാടി

1. ‘അമ്മ ജീവന്റെ സംരക്ഷക’ എന്ന മാതൃവേദി ആപ്തവാക്യം മുൻനിർത്തി നാലു മക്കളുള്ള ഒരു പാവപ്പെട്ട കുടുംബത്തിന് ഒരു വർഷത്തേക്ക് മാസം 1500 രൂപ നൽകുവാൻ തീരുമാനിച്ചത് നവംബർ മാസം മുതൽ നൽകിവരുന്നു. ഇതുവരെ 6000 രൂപ നൽകി.പ്രോ-ലൈഫ് സംഘടന മുഖേനയാണ് നൽകുന്നത്.

2. ക്രിസ്മസ് കാലത്ത് നോമ്പ് എടുത്ത്, പ്രാർത്ഥിച്ച്, ക്രിസ്മസ് ഫ്രണ്ടിനായി ശേഖരിച്ച തുക (5000) ഇടവകയിലെ പാവപ്പെട്ട ഡയാലിസിസ് ചെയ്യുന്ന ഒരു കിഡ്നി പേഷ്യന്റിന് നൽകി.

3. ‘അമ്മ കുടുംബത്തിന്റെ വിളക്ക്’ എന്ന ആപ്തവാക്യം മുൻനിർത്തി എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ച മാതൃവേദി അംഗങ്ങൾ ഓൺലൈനായി ഒരുമിച്ച്ചേർന്ന് വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ഒരു മുഴുവൻ ജപമാല ചൊല്ലുന്നു.

4. ജനുവരിയിലെ ജനറൽ ബോഡി മീറ്റിങ്ങിൽ ഡോ. സി.ഉദയാ ‘അമ്മ എന്തായിരിക്കണം’ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നൽകി.

### വേനപ്പാറ

സീറോ മലബാർ മാതൃവേദി വേനപ്പാറ യൂണിറ്റിന്റെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാദർ സൈമൺ കിഴക്കേ കുന്നേൽ നടത്തി. ജനുവരി ആറാം തീയതി പെരുന്നാളിന് കൊടിയേറിയ ദിവസം നടന്ന കലാസന്ധ്യയിൽ മാതൃവേദി അമ്മമാരുടെ നൃത്ത സംഗീത ശില്പമുണ്ടായിരുന്നു. എല്ലാ മാസവും പരസ്പര സഹായനിധിയുടെ നറുക്കെടുപ്പ് നടത്തുകയും തുക കൈമാറുകയും ചെയ്യുന്നു.

വിശുദ്ധ ഗ്രന്ഥമായ ബൈബിൾ കത്തിച്ചതിനെതിരെ ഫെബ്രുവരി അഞ്ചാം തീയതി കെസിവൈഎം ന്റെ നേതൃത്വത്തിൽ വേനപ്പാറ പള്ളിയിൽ നിന്നും പെരിവില്ലി കുരിശ് പള്ളിയിലേക്ക് നടത്തിയ പ്രതിഷേധ റാലിയിൽ വേനപ്പാറ മാതൃവേദിയും പങ്കെടുത്തു. മാതൃ വേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ സീനിയർ സിറ്റിസന്റെ ഒരു കൂട്ടായ്മ ഫെബ്രുവരി ഒമ്പതാം തീയതി സംഘടിപ്പിച്ചു . അഭിവന്ദ്യ പിതാവ്, മാതൃവേദിയുടെ രൂപത പ്രസിഡന്റ് ലിസി ടീച്ചർ എന്നിവർ സന്നിഹിതരായിരുന്നു. സീനിയർ സിറ്റിസൻസ് നാടകവും മാതൃവേദി അമ്മമാരുടെ സ്കിറ്റും ഉണ്ടായിരുന്നു.

### മുക്കം

ജനുവരി 8 ന് സാൻജോ ഭവനിലെ ഭിന്നശേഷിക്കുട്ടികളോടൊപ്പം ക്രിസ്മസ് ന്യൂ ഇയർ ആഘോഷം നടത്താൻ മാതൃവേദിക്ക്സാധിച്ചു.

ജനുവരി 8 ന് ഉച്ചക്ക് സാൻജോ ഭവനിലെ 45 കുട്ടികൾക്കും ആയമാർക്കും ഉച്ചഭക്ഷണം നൽകി. ഞായറാഴ്ച 29/1/23 രണ്ടാമത്തെ കുർബ്ബാനക്ക് ലഹരിയെ കുറിച്ചും അതുണ്ടാക്കുന്ന ദൂഷ്യഫലങ്ങളെ കുറിച്ചും ഒരു ക്ലാസ് മാതൃവേദി സംഘടിപ്പിക്കുകയുണ്ടായി.

## പാറോപ്പടി മേഖല

### ദേവഗിരി

ഇടവകയുടെ സുവർണ ജൂബിലിയോടനുബന്ധിച്ച് ഇടവകാംഗവും മാതൃവേദിയുടെ സജീവ പ്രവർത്തകയുമായ ദയാനിക്കു ഇടവക നിർമിച്ചു നൽകിയ വീടിന്റെ വെഞ്ചരിപ്പു കർമത്തിൽ നിരവധി അമ്മമാർ പങ്കെടുത്തു. ഡിസംബർ പത്തിന് മാതൃവേദി പാറോപ്പടി മേഖലാ ക്രിസ്മസ് ആഘോഷം റിജോയ്സ് 2022 ദേവഗിരി സാവിയോ സ്കൂളിൽ വച്ച് നടന്നു. ദേവഗിരി യൂണിറ്റ് അതിന് ആതിഥ്യം വഹിക്കുകയും 31 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. ഫെബ്രുവരി അഞ്ചിന് പള്ളിമുറ്റത്തു നടത്തിയ ഫുഡ് ഫെസ്റ്റലൂടെ ജീവകാരുണ്യ പ്രവർത്തങ്ങൾക്കായി നല്ലൊരു തുക സമാഹരിച്ചു.

### ചേവായൂർ

ഡിസംബർ 17 നു ക്രിസ്തുമസിനോടനുബന്ധിച്ചു മാതൃവേദി അംഗങ്ങൾ കുണ്ടായിത്തോട് ശാന്തിഭവൻ സന്ദർശിക്കുകയും അന്തേ വാസികളോടൊപ്പം കേക്ക് മുറിക്കുകയും ഉച്ചഭക്ഷണം കഴിക്കുകയും കുറെ സമയം അവരോടൊപ്പം ചിലവഴിക്കുകയും ചെയ്തു. അവർക്ക് പഴങ്ങളും പച്ചക്കറികളും കൂടാതെ സംഭാവനയും നൽകി.

## തോട്ടുമുക്കം മേഖല

### തോട്ടു മുക്കം

നവംബർ മാസം മുഴുവൻ ഓൺലൈൻ ആയി ശുദ്ധികരണാത്മക്കൾക്കായി നൊവേന ചൊല്ലി പ്രാർത്ഥിച്ചു. ഇടവകയിൽ നിന്നും മരണമടഞ്ഞവരുടെ വിടുകൾ സന്ദർശിച്ച് കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. നവംബർ 29 ന് വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ കരുണാഭവൻ സന്ദർശിച്ചു. 29000 രൂപ നൽകി. കൂടാതെ 14800 രൂപ നിത്യോപയോഗ സാധനങ്ങൾ വാങ്ങി നല്കുകയും അമ്മമാർ വീടുകളിൽ നിന്നും കൊണ്ടുവന്ന പലവ്യഞ്ജന സാധനങ്ങൾ അവർക്കു നൽകുകയും ചെയ്തു. മുൻ വർഷത്തെ പ്രവർത്തനത്തിനുള്ള മെമന്റോ മാതൃവേദിക്ക് ലഭിച്ചു. ക്രിസ്തുമസിന് അമ്മമാർ കേക്ക് ഉണ്ടാക്കി വില്പന നടത്തിയതിന്റെ ലാഭം കാരുണ്യ പ്രവർത്തനത്തിനായി ഉപയോഗിച്ചു. ഇടവകയിലെ 7 പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി .

### പനംപ്ലാവ്

സ്നേഹ സമ്മാനം എന്ന പേരിൽ ഇടവകയിലെ വിധവകളായ 25 അമ്മമാരുടെ ഭവനങ്ങൾ സന്ദർശിച്ച് കേക്ക് നൽകി ക്രിസ്തുമസ് ആശംസ അറിയിച്ചു.

### മരഞ്ചാട്ടി

താമരശ്ശേരി പുല്ലാഞ്ഞിമേട്ടിൽ വൃദ്ധസദനം സന്ദർശിക്കുകയും അന്തേവാസികൾ എല്ലാവർക്കും സ്റ്റീൽ ബോട്ടിലും ഉച്ചഭക്ഷണവും നൽകി, ഏതാനും മണിക്കൂർ അവരോടൊപ്പം ചെലവഴിച്ചു.'ജോയ് ടു ദി വേൾഡി'ൽ പങ്കെടുക്കുകയും ഇടവകയിലെ നൈസി കുറ്റിക്കാട്ട് രണ്ടാം സ്ഥാനം നേടുകയും ചെയ്തു. ഇടവകയിൽ സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്നവർക്ക് ചികിത്സ സഹായം നൽകി.

**ഫാ. ജോസഫ് അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി

---

## കത്തോലിക്കാ കോൺഗ്രസ്

### CHOSEN & നേതൃത്വ പരിശീലന ശില്പശാല

'സമുദായ നേതൃത്വം സമഗ്രമാറ്റത്തിന്' എന്ന ലക്ഷ്യവുമായി രൂപതയിലെ മുഴുവൻ യൂണിറ്റ് ഭാരവാഹികൾക്കും മേഖലാ ഭാരവാഹികൾക്കും രൂപത പ്രവർത്തകസമിതി നിർവാഹക സമിതി അംഗങ്ങൾക്കും ആയി നേതൃത്വ പരിശീലന ശില്പശാല സംഘടിപ്പിച്ചു.ഫെബ്രുവരി 10, 11 തീയതികളിലായി ബേബി പെരുമാലിൽ നഗറിലാണ് (സ്റ്റാർട്ട്, നേതാജി നഗർ, കോഴിക്കോട്) പരിപാടി നടന്നത്. 120 പേർ പങ്കെടുത്ത 'CHOSEN' എന്ന ഈ ശില്പശാല മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സമുദായംനേരിടുന്ന പ്രതിസന്ധികളെ പൊതുജനമധ്യത്തിൽ എത്തിക്കുവാനും പ്രതിരോധം തീർക്കുവാനും സമുദായ നേതാക്കൾ ശ്രമിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഈ കാലഘട്ടത്തിൽ കത്തോലിക്ക കോൺഗ്രസിന്റെ പ്രസക്തി അദ്ദേഹം എടുത്തു പറഞ്ഞു.

അഡ്വക്കേറ്റ് ജസ്റ്റിൻ പള്ളിവാതുക്കൽ, അമൽ സിറിയക്, ഫാ. നോബിൾ തോമസ് പാറക്കൽ, ഫാ. ജോജോ മണിമല കപ്പുച്ചിൻ, ശ്രീ. ഹേമപാലൻ, ഡോ. ചാക്കോ കാളംപറമ്പിൽ, ഫാ. മാത്യു തൂമുള്ളിൽ എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

ഭരണഘടന ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനുവേണ്ടി നൽകിയ അവകാശങ്ങൾ ക്രൈസ്തവരിൽ നിന്നും തട്ടിയെടുക്കുന്ന പ്രവണതകളെ യോഗം അപലപിച്ചു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ശ്രീ. രാജീവ് കൊച്ചുപറമ്പിൽ, രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര, രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ എന്നിവർ ശില്പശാലയുടെ സമാപന യോഗത്തിൽ പ്രസംഗിച്ചു.

മാതൃവേദി ഗ്ലോബൽ ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി സൗമ്യ സൈബു, എസ്എംവൈഎം സംസ്ഥാന പ്രസിഡൻറ് വിശാഖ് തോമസ്, കെസിവൈഎം രൂപത പ്രസിഡൻറ് അഭിലാഷ് കുടിപ്പാറ, എന്നിവരെയും പതിറ്റാണ്ടുകളായി സഭാ സേവനം ചെയ്തുവരുന്ന ശ്രീ. സണ്ണി കോക്കപ്പിള്ളിലിനെയും ശില്പശാലയിൽ വച്ച് ആദരിച്ചു.

ശ്രീ. ബേബി കിഴക്കേഭാഗം, ഡോ. അൽഫോൻസാ മാത്യു, ശ്രീ. ജോയ് നെല്ലിക്കുന്നേൽ, ശ്രീ. പ്രിൻസ് തിനംപറമ്പിൽ, ശ്രീ. സജി കരോട്ട്, ശ്രീ. സണ്ണി കൊക്കപ്പിള്ളിൽ, ശ്രീമതി ട്രീസാ ഞരളക്കാട്ട്, ശ്രീ. ജോസഫ് മൂത്തേടം, ശ്രീ. ഷാജി കണ്ടത്തിൽ തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

### വി. ബൈബിൾ കത്തിച്ചതിനെതിരെ പ്രതിഷേധ റാലി

വിശുദ്ധ ഗ്രന്ഥമായ ബൈബിൾ കത്തിച്ചതിനെതിരെ കോടഞ്ചേരി, പാറോപ്പടി, വേനപ്പാറ, വിളക്കാംതോട് തുടങ്ങിയ സ്ഥലങ്ങളിൽ ശക്തമായി പ്രതിഷേധിക്കുകയും റാലി നടത്തുകയും ചെയ്തു.

### നികുതി വർദ്ധനക്കെതിരെ പ്രതിഷേധം

സമഗ്ര മേഖലയിലും വിലക്കയറ്റത്തിന് വഴിതെളിക്കുന്ന പുതിയ കേരള ബജറ്റിൽ കത്തോലിക്ക കോൺഗ്രസ് പ്രതിഷേധിച്ചു. കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, വന്യമൃഗാക്രമണം, തുടങ്ങി കർഷകർ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കാതെ സകലമേഖലയിലും നികുതി വർധിപ്പിച്ചിരിക്കുന്നതിനെ കത്തോലിക്ക കോൺഗ്രസ് രൂപത സമിതി ശക്തമായി അപലപിച്ചു. നിലവിൽ കടത്തിൽ ആയ കർഷകരുടെ തലയിൽ വലിയൊരു ഭാരം കൂടി എടുത്തുവയ്ക്കുന്ന രീതിയിലാണ് പുതിയ നികുതി നിർദേശം എന്ന് യോഗം വിലയിരുത്തി. യോഗത്തിൽ രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ , പ്രസിഡൻറ് ഡോ. ചാക്കോ കാളംപറമ്പിൽ, സെക്രട്ടറി ശ്രീ. അനീഷ് വടക്കേൽ , ബേബി കിഴക്കേഭാഗം, ഷാജി കണ്ടത്തിൽ, ജോയ് നെല്ലിക്കുന്നേൽ, സണ്ണി കോക്കപ്പിള്ളിൽ, പ്രിൻസ് തിനംപറമ്പിൽ, ട്രീസാ ഞരളക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

## ഐക്യദാർഢ്യം പ്രഖ്യാപിച്ചു

കേരളത്തിൽ ഒരു സ്ത്രീയും അനുഭവിക്കാത്ത തരത്തിൽ വലിയ മനുഷ്യാവകാശ ലംഘനത്തിന് ഇരയായ സിസ്റ്റർ സ്റ്റെഫിക്ക് കത്തോലിക്ക കോൺഗ്രസ് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

## പ്രത്യേക അറിയിപ്പ്

### കർഷക കട ദുരിതാശ്വാസ കമ്മീഷന് അപേക്ഷ സമർപ്പിക്കുവാൻ സമയമായി

കർഷക കടാശ്വാസ കമ്മീഷൻ സഹകരണ ബാങ്കിൽ നിന്നുള്ള കർഷകരുടെ കടങ്ങൾക്ക് സർക്കാർ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. 31.3.2016 ന് മുൻപ് കടമെടുത്തിരിക്കുന്നവർക്കാണ് ഇപ്പോൾ ആനുകൂല്യത്തിനായി അപേ ക്ഷിക്കാവുന്നത്.

**കർഷക കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുന്നവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ:**

1. അപേക്ഷകന്റെ (കുടുബത്തിന്റെ) മുഖ്യ വരുമാനം കൃഷി ആയിരിക്കണം. അല്ലെങ്കിൽ അയാൾ കർഷകത്തൊഴിലാളി ആയിരിക്കണം. (ഭൂമിയിൽ പണിയെടുത്ത് ജീവിക്കുന്ന ആളാണ് കർഷകത്തൊഴിലാളി)

   കൃഷിക്കാവശ്യമായ വസ്തു ഇല്ലാത്തവർ കർഷകത്തൊഴിലാളി എന്ന് വേണം അപേക്ഷയിൽ എഴുതാൻ.

   കൃഷി ചെയ്യുന്ന ഭൂമി സ്വന്തം ആയിരിക്കണമെന്നില്ല. പാട്ടത്തിനോ, കരാറിനോ ആയിരുന്നാൽ മതി.

2. ഒരു കുടുബത്തെ (ഒരു റേഷൻകാർഡിൽ പെട്ടവരെ) ഒരു യുണിറ്റ് ആയി കണക്കാക്കും. അങ്ങനെയുള്ള ഒരു കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയരുത്. വിവാഹം കഴിച്ചു പോയ പെൺമക്കളെ റേഷൻകാർഡിൽ നിന്ന് നീക്കം ചെയ്യണം. കൃഷിയല്ലാതെ മറ്റുജോലിയുള്ളവരായ മക്കൾ മാറിതാമസിച്ചിട്ടുണ്ടെങ്കിൽ അവരെയും നീക്കി പുതിയ കാർഡ് വേണം.

   വിദേശത്ത് ജോലിയുള്ള മക്കളുണ്ടെങ്കിൽ ആനുകൂല്യം കിട്ടുകയില്ല.

3. നാലു (4) ഹെക്ടറിൽ കൂടുതൽ വസ്തു സ്വന്തമായോ, അല്ലാതെയേ കൈവശം ഉണ്ടെങ്കിൽ ആനുകൂല്യം കിട്ടുകയില്ല.

4. സാധാരണ ഗതിയിൽ കടം എടുക്കുമ്പോളും അപേക്ഷ നൽകു മ്പോളും കടമെടുത്തയാൾ കർഷകരായിരിക്കണം.

5. കടമെടുത്തയാൾ മരിച്ചു പോയാൽ അനന്തരാവകാശികൾക്ക് അപേക്ഷിക്കാം.

6. ജാമ്യക്കാരന് അപേക്ഷ നൽകാനാവില്ല.

7. 31.3.2016 വരെ എടുത്ത കടത്തിനാണ് കോഴിക്കോട് മലപ്പുറം ജില്ലകളിൽ ആനുകൂല്യം കിട്ടുക.

   അതിനു മുമ്പ് എടുത്തിട്ട് പിന്നീട് പുതുക്കി വരുന്ന തുകയാണെങ്കിലും ആനുകൂല്യം ലഭിക്കും. എന്നാൽ കടം തീർത്ത് ഒരു മാസത്തിനുള്ളിൽ പുതുക്കിയിരിക്കണം.

   31.3.2016 നുശേഷം അധികത്തുക കടമായി എടുത്തിട്ടുണ്ടെങ്കിൽ ആ അധിക തുക ഒഴിവാക്കി ബാക്കി തുകയ്ക്കു മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളു.

   കൊടുത്തുപോയ പലിശയ്ക്കോ മുതലിനോ പരിഗണന ലഭിക്കില്ല. കടം നിലവിലുണ്ടായിരിക്കണം.

8. റേഷൻ കാർഡിൽ കൂലി എന്നുമാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ അയാൾ കർഷകത്തൊഴിലാളിയാണെന്ന് തെളിയിക്കണം. (ചുമട്ടുതൊഴിലാളി, കർഷകത്തൊഴിലാളി മുതലായവർക്ക് കിട്ടില്ല).

9. മക്കളുടെ വിദ്യാഭ്യാസം, വിവാഹം, പുരപണി, ചികിത്സ എന്നിവക്കെല്ലാം എടുത്ത കടത്തിന് ആനുകൂല്യം കിട്ടും.

*എന്നാൽ താഴെപ്പറയുന്ന കടങ്ങൾക്ക് ആനുകൂല്യം ലഭിക്കില്ല.*

a. ആർഭാടത്തിന് എടുത്തത്.

b. കച്ചവടത്തിന് എടുത്തത്.

c. വസ്തു വാങ്ങാൻ.

10. സഹകരണ സ്ഥാപനത്തിൽ നിന്നെടുത്ത കടം ആയിരിക്കണം.

    മറ്റു ബാങ്ക് (ഗവ. ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, മുതലായവ) കളിൽ നിന്നെടുത്ത തുകയ്ക്ക് ആനുകൂല്യം കിട്ടില്ല.

11. ആനുകൂല്യം ലഭിക്കാൻ :

മുതലിന്റെ ഇരട്ടിയിൽ കൂടുതൽ ആണ് അടക്കാനുള്ളതെങ്കിൽ മുതലിന്റെ ഇരട്ടിയായി കടം നിജപ്പെടുത്തും. അപ്രകാരം നിജപ്പെടുത്തിയ തുക 50000, അല്ലെങ്കിൽ അതിന് താഴെ ആണെങ്കിൽ 75% ആനുകൂല്യം കിട്ടും.

25% അപേക്ഷകൻ കൊടുത്താൽ മതി. 50000 നു മുകളിൽ ആണെ ങ്കിൽ 50% ആനുകൂല്യം കിട്ടും. അപേക്ഷകന് കടം കൊടുക്കാൻ ന്യായമായ കാലയളവ് കിട്ടും. ഈ കാലയളവിൽ പലിശ നൽകേണ്ടതില്ല. കൊടുക്കാനുള്ളത് ഒന്നിച്ചോ ഗഡുക്കളായോ കൊടുക്കാം. ഒരു കുടുംബത്തിന് ജീവിതത്തിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം കിട്ടുകയുള്ളു. ഒരിക്കൽ കിട്ടിയവർ വീണ്ടും അപേക്ഷിക്കരുത്.

*അപേക്ഷയോടോപ്പം താഴെപ്പറയുന്ന രേഖകൾ ഹാജരാക്കണം*

1. റേഷൻ കാർഡിന്റെ കോപ്പി (ആദ്യപേജ്, അംഗങ്ങളുടെ പേര്, തൊഴിൽ, വരുമാനം കാണിക്കുന്ന പേജ്)
2. വസ്തു വിവരം കാണിക്കാൻ നികുതി കൊടുത്ത രസീതിന്റെ കോപ്പി.
3. വില്ലേജിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ്
4. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്. (കർഷകൻ, അല്ലെങ്കിൽ കർഷകത്തൊഴിലാളി ആണെന്നു കാണിക്കണം)
5. കടമെടുത്തയാൾ മരിച്ചുപോയെങ്കിൽ മരണ സർട്ടിഫിക്കറ്റ്.

അപേക്ഷയിൽ അപേക്ഷകന്റെ പൂർണ വിലാസം, മെമ്പർഷിപ്പ് നമ്പർ, മൊബൈൽ നമ്പർ, എന്നിവയും മറ്റ് ചോദിച്ചിരിക്കുന്ന എല്ലാ വിശദാംശങ്ങളും ഉണ്ടായിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**AIDER FOUNDATION HELPLINE: 94467 88884**
**CATHOLIC CONGRESS OFFICE: 8075027119**

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## ലഹരി വിരുദ്ധ സന്ദേശ യാത്രക്ക് സ്വീകരണം

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കാസർകോട് മുതൽ തിരുവനന്തപുരം വരെ നടത്തിയ ലഹരിവിരുദ്ധ സന്ദേശ യാത്രക്ക് ജനുവരി 17 ന് കോഴിക്കോട് വെള്ളിമാടുകുന്നിൽ വച്ച് സ്വീകരണം നൽകി. കോഴിക്കോട് രൂപതയും താമരശ്ശേരി രൂപതയും സംയുക്തമായാണ് സംസ്ഥാന സമിതിയെ സ്വീകരിച്ചത്. വെള്ളിമാടുകുന്ന് വച്ച് നടന്ന ലഹരി വിരുദ്ധ സമ്മേളനത്തിലും ലഹരി വിരുദ്ധ പ്രതിജ്ഞയിലും യുവജന പ്രതിനിധികൾ പങ്കെടുത്തു. പ്രസിഡണ്ട് ശ്രീ. അഭിലാഷ് കുടിപ്പാറ, ജനറൽ സെക്രട്ടറി ശ്രീ. ജസ്റ്റിൻ സൈമൺ പാറോപ്പടി മേഖല അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## കെ വൈ സി എം യൂത്ത് കോൺഫറൻസ്

കെ.സി.വൈ.എം സംസ്ഥാന സമിതി തൃശ്ശൂർ അതിരൂപത ചിയ്യാരം വിജയമാതാ ദേവാലയത്തിൽ വെച്ച് ജനുവരി 20 മുതൽ 23 വരെ സംഘടിപ്പിച്ച കെ.വൈ.സി യിൽ രൂപതയെ പ്രതിനിധീകരിച്ച് 3 യുവജനങ്ങൾ പങ്കെടുത്തു.

## LEAD 2.0 നേതൃത്വ പരിശീലന ശിൽപശാല മേഖല ഭാരവാഹികൾ

LEAD 2.0 മേഖല ഭാരവാഹികൾക്കായുള്ള നേതൃപരിശീലന ശില്പശാല കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് എച്ച്. എസ്.എസിൽ വച്ച് ഫെബ്രുവരി 10, 11 തീയതികളിൽ നടന്നു. കൂടരഞ്ഞി ഇടവക വികാരി ഫാ. റോയി തേക്കുംകാട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. 35 മേഖല ഭാരവാഹികൾ പങ്കെടുത്ത ക്യാമ്പിൽ ശ്രീ. അനീഷ് ഓാമക്കര, ശ്രീ. ബെർനാർഡ്, ഫാ. അമൽ പുരയിടത്തിൽ, ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പ്രസംഗ പരിശീലനം, നിയമാവലി പഠനം, ആത്മീയ പരിശീലനം, നേതൃപരിശീലനം, കർമ്മ പദ്ധതി അവലോകനം എന്നിങ്ങനെ വിവിധ സെഷനുകൾ ഉൾച്ചേർന്നതായിരുന്നു പരിപാടി. ചടങ്ങിൽ വികാരി ജനറാൾ മോൺ. ജോൺ ഒറവുംകര യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. കെസിവൈഎം രൂപത അസിസ്റ്റന്റ് ഡയറക്ടറായി ചുമതലേറ്റ ഫാ. അമൽ പുരയിടത്തിനും, തിരുവമ്പാടി മേഖല ഡയറക്ടറായി ചുമതലയേറ്റ ഫാ. ജോസഫ് പുത്തൻപുരയ്ക്കലിനും ഔദ്യോഗികമായ സ്വീകരണം നൽകി.

## കർമ്മ വീഥിയിൽ: രൂപത കർമ്മ പദ്ധതി പ്രകാശനം

താമരശ്ശേരി രൂപതയുടെ 2023 വർഷത്തെ കർമ്മപദ്ധതി പ്രകാശനം ഫെബ്രു

വരി പതിനൊന്നാം തീയതി ലീഡ് നേതൃപരിശീല ശില്പശാലയിൽ വെച്ച് മോൺ. ജോൺ ഒറവുംകര നിർവഹിച്ചു. 'കർമ്മവീഥിയിൽ' എന്ന പേരിൽ പ്രസിദ്ധീകരിച്ച കൈപുസ്തകം മേഖലകൾക്ക് വിതരണം ചെയ്തു.

### മറ്റു പരിപാടികൾ

1. ജനുവരി 25ന് സീറോ മലബാർ സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ ചാൻസലർ ആയി നിയമതനായ ബഹുമാനപ്പെട്ട അബ്രഹാം കാവിൽപുരയിടത്തിൽ അച്ചന് പ്രാർത്ഥനാശംസകൾ അറിയിച്ചു.
2. കെ.സി.വൈ.എം - എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ ഫാ. അമൽ പുരയിടത്തിലിനെ രൂപത കുടുംബത്തിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്തു.
3. ജനുവരി 31 ന് കാസർഗോഡ് സ്വദേശി വിശുദ്ധ ബൈബിൾ കത്തിച്ചു സാമൂഹ്യ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തിയ സംഭവത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

### ഹൃദയപൂർവ്വം നന്ദി

പാറോപ്പടി മേഖലയുടെ ഡയറക്ടറായി കഴിഞ്ഞ നാലുവർഷത്തിലധികം സ്തുത്യർഹമായി സേവനം ചെയ്ത് യുവജനങ്ങളെ വളർത്തിയ ബഹുമാനപ്പെട്ട സായി പാറൻകുളങ്ങര അച്ചന് കെ സി വൈ എം കുടുംബത്തിന്റെ ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു.

### ഹൃദ്യമായ സ്വാഗതം

പാറോപ്പടി മേഖലയുടെ ഡയറക്ടറായി നിയമതനായിരിക്കുന്ന തേഞ്ഞിപ്പലം ഇടവക വികാരി കൂടിയായ ഫാ. ആൽബിൻ സ്രാമ്പിക്കലച്ചന് കെസിവൈഎം കുടുംബത്തിലേക്ക് സ്വാഗതം. വിലങ്ങാട് മേഖല ആനിമേറ്ററായി കർമ്മവീഥിയിലേക്ക് എത്തിയ സി. ആഗ്നസ് എസ്എബിഎസിനും സ്വാഗതം.

### അറിയിപ്പുകൾ

#### 1. ഹോളി കാരവൻ - തിരുശേഷിപ്പ് പ്രയാണം

2026 താമരശ്ശേരി രൂപത റൂബി ജൂബിലി പദ്ധതികളുടെ ഭാഗമായി കെ സി വൈ എം - എസ് എം വൈ എം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ രൂപതയിലെ മുഴുവൻ ഇടവകകളിലേക്കും എത്തിച്ചേരുന്ന ഹോളി കാരവൻ - തിരിശേഷിപ്പ് പ്രയാണം ക്രമീകരിക്കുകയാണ്. മാർച്ച് 1 ന് വിലങ്ങാട് സെന്റ് ജോർജ്ജ് ഫൊറോന ദൈവാലയത്തിൽ തുടങ്ങി ജൂലൈ 5 ന് പാറോപ്പടി ഫൊറോനയിൽ അവസാനിക്കുന്ന തരത്തിലാണ് തീർത്ഥയാത്ര ക്രമീകരിച്ചിരിക്കുന്നത്. വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടു

മുക്കം, കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം, പാറോപ്പടി എന്നീ ക്രമത്തിലായിരിക്കും പ്രയാണം മുന്നോട്ട് പോവുക. ഇടവകകളുടെ ക്രമം മേഖല ഡയറക്ടർമാർ വഴി അറിയിക്കുന്നതാണ്.

നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും വിശുദ്ധിയിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനും 'വിശുദ്ധജീവിതം നമുക്കും സാധിക്കും' എന്ന് ബോധ്യപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ട്, നിരവധി വിശുദ്ധാത്മാക്കളുടെ തിരുശേഷിപ്പുകൾ സംവഹിക്കുന്ന മൂന്ന് മാസത്തോളം തുടരുന്ന തീർത്ഥയാത്രയാണ് ഇത്. യുവജനങ്ങൾക്ക് മാതൃകയായി 21-ാം നൂറ്റാണ്ടിൽ ഈശോയ്ക്ക് സാക്ഷ്യം വഹിച്ച വാ. കാർലോ അകിറ്റസ്, വിശുദ്ധ കൊച്ചുത്രേസ്യ, കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ എന്നിവരുടെയും വി. അൽഫോൻസാമ്മയുടെയും മറ്റ് വിശുദ്ധരുടെയും തിരുശേഷിപ്പുകളാണ് സംവഹിക്കുക. വിശുദ്ധാത്മാക്കളുടെ ജീവചരിത്ര - എക്സിബിഷൻ, വി. കുർബാന, ആരാധന, ഡോക്യുമെന്ററി പ്രദർശനം, സ്പിരിചൽ ടോക്ക്, തിരുശേഷിപ്പ് വന്ദനം എന്നിവയാണ് ക്രമീകരിക്കാൻ ആഗ്രഹിക്കുന്നത്. ഈ വിശുദ്ധയാത്രക്ക് ബഹു. വികാരിയച്ചൻമാരുടെ പിന്തുണയും എല്ലാ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

## ഇടവകയിലെ കർമ്മങ്ങളുടെ ക്രമീകരണങ്ങൾ

1. ഒരു ദിവസം മുഴുവൻ ഒരു ഇടവകയിൽ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നു. വൈകിട്ട് 5 മണിയോടുകൂടെ ഇടവക ദേവാലയത്തിലേക്ക് ഹോളി കാരവൻ യുവജനങ്ങളുടെ നേതൃത്വത്തിൽ എത്തിക്കുന്നു. ആഘോഷമായി തിരുശേഷിപ്പ് ദേവാലയത്തിൽ സ്വീകരിച്ചശേഷം തിരുശേഷിപ്പ് പ്രതിഷ്ഠ നടത്തുന്നു.
2. 5. 30 ന് ആഘോഷമായ വി. കുർബാന അർപ്പണം. (ബഹു. വികാരിയച്ചനോ, മേഖല ഡയറക്ടറച്ചനോ വിശുദ്ധകുർബാന അർപ്പിക്കുന്നു). വിശുദ്ധ കുർബാന മധ്യേ വിശുദ്ധ ജീവിതത്തെ സംബന്ധിച്ച് സന്ദേശം നൽകുന്നത് നന്നായിരിക്കും.
3. 7 മുതൽ 7. 30 വരെ ഡോക്യുമെന്ററി പ്രദർശനം - വാ. കാർലോ അകിറ്റസ്, മറ്റ് വിശുദ്ധർ, രക്തസാക്ഷികളായ വിശുദ്ധർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഡോക്യുമെന്ററി പ്രകാശനം
4. 7.30 ന് 'ഈ നൂറ്റാണ്ടിനും വിശുദ്ധരെ വേണം' എന്ന വിഷയത്തെക്കുറിച്ച് അരമണിക്കൂർ ദൈർഘ്യമുള്ള സ്പിരിചൽ ടോക്. (മേഖല ഡയറക്ടറച്ചനോ മറ്റ് വൈദികരോ അൽമായരോ നടത്തുന്നു)
5. തുടർന്ന് 8.00 മുതൽ 8.45 വരെ ദിവ്യകാരുണ്യ ആരാധന, തിരുശേഷിപ്പ്

സാനിധ്യത്തിൽ- പാപരഹിത ജീവിതം- പുണ്യജീവിത മാർഗ്ഗങ്ങൾ- പ്രാർത്ഥ നാജീവിതം- കൗദാശിക ജീവിതം എന്നിവ ആരാധനാ മധ്യേ ദൈവജന ത്തിന് വ്യാഖ്യാനിച്ച് നൽകുന്നു. ആരാധനയുടെ അവസാനം വിശുദ്ധ ജീവിത പ്രതിജ്ഞ എല്ലാവരും ഏറ്റു ചൊല്ലുന്നു.

6. 8. 45 ന് തിരുശേഷിപ്പ് വന്ദനം, നിയോഗ സമർപ്പണം, നേർച്ച സമർപ്പണം, വിശുദ്ധരുടെ ലുത്തിനിയ

7. 9. 00 ന്- തിരുശേഷിപ്പുകൊണ്ടുള്ള സമാപന ആശിർവാദം. (കൂടുതൽ വൈദി കരുണ്ടെങ്കിൽ മറ്റ് തിരുശേഷിപ്പുകളുടെ ആശിർവാദവും നൽകാവുന്നതാണ്). ദേവാലയ കർമ്മങ്ങളുടെ സമാപനം

8. തുടർന്ന് വിശുദ്ധജീവിതങ്ങൾ - എക്സിബിഷൻ - പള്ളിക്ക് പുറത്ത് ക്രമീ കരിക്കുന്നു.

9. പിറ്റേദിവസം രാവിലെ ദേവാലയത്തിലെ സാധാരണയുള്ള വി. കുർബാ നക്ക് ശേഷം തിരുശേഷിപ്പ് വന്ദനത്തിനുള്ള അവസരം നൽകുന്നത് നന്നാ യിരിക്കും. പകൽ സമയം ആളുകൾക്ക് വന്ന് പ്രാർത്ഥിക്കാനും നിയോഗ ങ്ങൾ സമർപ്പിക്കാനും അവസരം നൽകുന്നതും ഉചിതമായിരിക്കും. കൂടു തൽ വിപുലമായി ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പകൽ സമയം വിവിധ സംഘടനകൾക്കോ, യൂണിറ്റുകൾക്കോ വന്ന് പ്രാർത്ഥിക്കാനും ആരാ ധിക്കാനുമുള്ള ക്രമീകരണവും ചെയ്യാവുന്നതാണ്. പകൽസമയം മുഴുവൻ എക്സിബിഷൻ കാണുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്.

10. വൈകിട്ട് നാല് മണിക്ക് വിശുദ്ധരുടെ ലുത്തിനിയ ചൊല്ലി ആഘോഷമായി ഹോളി കാരവനിൽ തിരുശേഷിപ്പ് യുവജനങ്ങളുടെയും വാഹനങ്ങളുടെയും അകമ്പടിയോടുകൂടെ അടുത്ത ഇടവകയിലേക്ക് എത്തിച്ചു കൊടുക്കുന്നു.

## മുൻകൂട്ടി ചെയ്യേണ്ടവ

1. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും കുട്ടികളെയും അവരുടെ മാതാ പിതാക്കളെയും ഇടവകാംഗങ്ങളെല്ലാവരെയും അന്നേദിവസം പള്ളിയിൽ വരാൻ രണ്ടാഴ്ച മുൻകൂട്ടി നിർദ്ദേശം നൽകുക.

2. യുവജനങ്ങളുടെ മീറ്റിങ് ചേർന്ന് ക്രമീകരണങ്ങൾ നടത്താൻ നിർദ്ദേശം നൽകുക.

3. തിരുക്കർമ്മങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക.

4. തിരുശേഷിപ്പ് സ്വീകരിക്കാനും അടുത്ത ഇടവകകളിൽ എത്തിക്കാനും ആവ ശ്യമായ ക്രമീകരണം ചെയ്യുക.

5. വേദപാഠം പഠിക്കുന്ന കുട്ടികളെ എല്ലാവരെയും അവരുടെ മാതാപിതാക്ക ളെയും ഈ പരിപാടികളിലേക്ക് വരാൻ ആവശ്യപ്പെടുമല്ലോ. വിശുദ്ധിയെ

സംബന്ധിച്ചുള്ള ചിന്തകളും കാഴ്ചകളും ഇളം മനസുകളിൽ വേരുപാകാൻ ഇടയാകേണ്ടതിനും മാതാപിതാക്കൾക്ക് വിശുദ്ധിയിൽ മക്കളെ വളർത്തേണ്ടതിനെക്കുറിച്ച് ബോധ്യം നൽകുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം പരമാവധി മാതാപിതാക്കളെയും മുതിർന്നവരും സായാഹനപരിപാടിയിൽ വരുന്നതിന് ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

6. മാർച്ച് 10 മുതൽ 30 വരെ പത്ത്, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ നടക്കുന്നതിനാൽ പരീക്ഷയെഴുതുന്ന കുട്ടികളോട് ആ ദിവസത്തെ പരീക്ഷക്ക് ശേഷമോ പകൽ സമയത്തോ വൈകിട്ട് അടുത്ത ഇടവകയിലേക്കുള്ള തീർത്ഥയാത്രയിലോ പങ്കെടുക്കാൻ ആവശ്യപ്പെടുമല്ലോ.

### എക്സിബിഷൻ

തിരുശേഷിപ്പുമായി വരുന്ന വാഹനത്തോട് അനുബന്ധിച്ച് ആളുകൾക്ക് നടന്ന് കാണുവാനും വായിക്കുവാനും തക്കവിധം എക്സി ബിഷൻ ക്രമീകരിക്കുന്നു. അതിന് ആവശ്യമായ വസ്തുക്കൾ കൊണ്ടുവരുന്നതാണ്. പള്ളിമുറ്റത്തോ പള്ളിയോട് ചേർന്ന ഇടങ്ങളിലോ ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു. എക്സിബിഷന് ആവശ്യമായ വൈദ്യുതി നൽകുമല്ലോ. 365 ദിവസത്തെ വിശുദ്ധൻമാരുടെ ജീവചരിത്രവും ചിത്രങ്ങളും, വിശുദ്ധൻമരുടെ പുണ്യവചസുകൾ, വലിയ ചിത്രങ്ങൾ, രക്തസാക്ഷികളുടെ ജീവിതസാക്ഷ്യങ്ങൾ തുടങ്ങിവ ഉൾപ്പെടുത്തിയാണ് എക്സിബിഷൻ ക്രമീകരിക്കുക.

എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

### 2. പരീക്ഷ ഒരുക്ക പ്രാർത്ഥന സെമിനാറുകൾ

വിവിധ മേഖലകളുടെ നേതൃത്വത്തിൽ പരീക്ഷ സെമിനാറുകൾ ക്രമീകരിക്കുന്നു. സാധിക്കുന്ന യൂണിറ്റുകളിലും പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക ആശിർവാദ പ്രാർത്ഥനകളും ക്ലാസുകളും സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 3. Y- Talks നോമ്പുകാല വിചിന്തനങ്ങൾ

യുവജനങ്ങൾക്ക് നല്ല ചിന്തകൾ പകർന്നു കൊടുക്കുന്ന Y- Talks ഇത്തവണയും പ്രസിദ്ധീകരിക്കുന്നു. സോഷ്യൽ മീഡിയ മുഖേന നൽകുന്ന നോമ്പുകാല ചിന്തകൾക്ക് പ്രോത്സാഹനം നൽകുമല്ലോ.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# കുടുംബ കൂട്ടായ്മ

## മേഖല സംഗമങ്ങൾ

താമരശ്ശേരി രൂപതയുടെ എല്ലാ ഫൊറോനകളിലും ഓരോ ഇടവകകളിലും നിന്നുമുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം 2022 ജുലൈ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ നടത്തി. അഭിവന്ദ്യ റെമിജിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ട സംഗമങ്ങളിൽ എല്ലാ ഇടവകകളിൽ നിന്നും ബഹുഭൂരിപക്ഷം കുടുംബകൂട്ടായ്മ ഭാരവാഹികളും പങ്കെടുത്തു. വിവിധ ഫൊറോനകളിൽ നടന്ന സംഗമങ്ങളിൽ ഫാ. ഡോ. ടോം ഓലികരോട്ട്, ഫാ. നോബിൾ പാറക്കൽ, ഫാ. ഡോ. മാത്യു കുളത്തിങ്കൽ, ശ്രീ. തോമസ് വലിയപറമ്പിൽ എന്നിവർ 'സഭയുടെ വളർച്ചയിൽ കുടുംബ കൂട്ടായ്മകളുടെ പ്രസക്തി', 'കുടുംബകൂട്ടായ്മകളുടെ പ്രായോഗിക പ്രവർത്തന സാധ്യതകൾ' എന്നീ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു. ഈ സംഗമങ്ങൾ സുഗമമായി നടത്താൻ സ്നേഹപൂർവ്വം സഹകരിച്ച എല്ലാ ഫൊറോന വികാരിമാർക്കും, ഈ സമ്മേളനങ്ങളിലേക്ക് കുടുംബ കൂട്ടായ്മ ഭാരവാഹികളെ പറഞ്ഞയച്ച ഇടവക വികാരിയാച്ചന്മാർക്കും, പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## യൂട്യൂബ് ചാനൽ : ഫമീലിയ എക്ലേസിയ (Familia Ecclesia)

താമരശ്ശേരി രൂപത കുടുംബ കൂട്ടായ്മകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഫമീലിയ എക്ലേസിയ (Familia Ecclesia) എന്നൊരു യൂട്യൂബ് ചാനൽ ആരംഭിച്ചു. ഓരോ ഇടവകകളിലും നിന്നും ലഭിക്കുന്ന വിവിധങ്ങളായ മികച്ച പരിപാടികൾ ഇതുവഴി സംപ്രേക്ഷണം ചെയ്യുന്നു. ഇതിനോടകം കക്കാടംപൊയിൽ, വേനപ്പാറ, ചേവായൂർ എന്നീ ഇടവകകളിലെ മനോഹരങ്ങളായ പരിപാടികൾ ഈ യൂട്യൂബിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. എല്ലാം കുടുംബയൂണിറ്റ് ഭാരവാഹികളും ഈ ചാനൽ സബ്സ്ക്രൈബ് ചെയ്യുകയും, ഓരോ കുടുംബ കൂട്ടായ്മകളിലെയും എല്ലാ കുടുംബാംഗങ്ങളോടും ഇത് സബ്സ്ക്രൈബ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. കുടുംബ കൂട്ടായ്മകളിൽ നടത്തപ്പെടുന്ന നല്ല പരിപാടികൾ റെക്കോർഡ് ചെയ്ത് രൂപതാ കുടുംബക്കൂട്ടായ്മ ഓഫീസ് വാട്ട്സ്ആപ്പ് നമ്പറിലേക്ക് അയച്ചാൽ അവ ഈ യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നതാണ്.

## ഇടവക സന്ദർശനങ്ങളും, സംഗമങ്ങളും

2023 ജനുവരി മാസം മുതൽ കുടുംബ കൂട്ടായ്മ രൂപതാ ഡയറക്ടർ വിവിധ ഇടവകകൾ സന്ദർശിക്കുകയും, ഇടവക യൂണിറ്റ് ഭാരവാഹികളുടെ സംഗമങ്ങൾ

നടത്തുകയും ചെയ്യുന്നു. ഓരോ ഇടവകയിലെയും കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്താനും, അവയെ രൂപത തലത്തിൽ ഏകോപിപ്പിക്കാനും ഇതുവഴി ലക്ഷ്യമിടുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഓരോ ഇടവകയിലും കുടുംബ കൂട്ടായ്മകളുടെ ഇടവക സമിതി (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിൻ സെക്രട്ടറി എന്നിവർ അടങ്ങുന്നത്) രൂപീകരിക്കുകയും, അവരുടെ പേര് വിവരങ്ങൾ ഫോൺ നമ്പർ സഹിതം രൂപത കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതുമാണ്. അതോടൊപ്പം ഇടവകയിലെ മുഴുവൻ യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റും (പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി) ഫോൺ നമ്പർ സഹിതം രൂപതാകേന്ദ്രത്തിലേക്ക് നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കുടുംബക്കൂട്ടായ്മകളുടെ രൂപതതല ഓഫീസിന്റെ പുതിയ നമ്പർ ഇതോടൊപ്പം നൽകുന്നു : 7907833194.

**ഫാ. മാത്യു കുളത്തിങ്കൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# ജീസസ് ഫ്രട്ടേണിറ്റി

**ജയിൽ സന്ദർശനങ്ങൾ**

കോഴിക്കോട് സോണിന്റെ പ്രവർത്തന പരിധിയിലുള്ള 10 ജയിലുകളിലും ജയിൽ അധികാരികൾ നിശ്ചയിച്ചു തന്നിട്ടുള്ള ദിവസങ്ങളിൽ സോണൽ ഡയറക്ടർ ബഹുമാനപ്പെട്ട സായിയച്ചന്റെ നേതൃത്വത്തിൽ കൃത്യമായി സന്ദർശനങ്ങൾ നടത്തി വരുന്നു.

**ബോധവൽക്കരണം**

മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, ആത്മഹത്യാ പ്രവണത എന്നിവയിൽ നിന്നും എങ്ങനെ മുക്തി നേടാം എന്ന വിഷയത്തെക്കുറിച്ച് ജയിലുകളിൽ ക്ലാസുകൾ നടത്തി.

**ആഘോഷങ്ങൾ**

സോണിന് കീഴിലുള്ള എല്ലാ ജയിലുകളിലും ക്രിസ്മസ്, റിപ്പബ്ലിക് ഡേ എന്നിവ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. കേക്കും മധുര പലഹാരങ്ങളും വിതരണം ചെയ്യുകയും ചെയ്തു. ജില്ലാ ജയിലിൽ മനോഹരമായ പുൽക്കൂട് നിർമ്മിക്കുകയും വാദ്യമേള അകമ്പടിയോടെ കരോൾ നടത്തുകയും ചെയ്തു. പാറോപ്പടി ഫൊറോന വികാരി ഫാ. ജോസഫ് കളരിക്കൽ ക്രിസ്മസ് സ

ന്ദേശം നൽകി. തവനൂർ സെൻട്രൽ ജയിലിൽ ഫാ. ബോബി പൂവത്തിങ്കലും തിരൂർ ജയിലിൽ ഫാ. സെബാസ്റ്റ്യൻ വടക്കേലും കോഴിക്കോട് സബ്ജയിൽ അഭിവന്ദ്യ ചക്കാലക്കൽ പിതാവും ക്രിസ്മസ് സന്ദേശങ്ങൾ നൽകി.

തവന്നൂർ സെൻട്രൽ ജയിലിലെ ജയിൽക്ഷേമദിനാഘോഷത്തിൽ ബഹുമാനപ്പെട്ട സായി അച്ചൻ ആശംസകളറിയിച്ചു സംസാരിച്ചു.

തവന്നൂർ സെൻട്രൽ ജയിലിൽ എല്ലാ ഞായറാഴ്ചയും വിശുദ്ധ ബലി അർപ്പിക്കാനുള്ള അനുവാദം ലഭിച്ചു.

**കൗൺസിലിംഗ്**

മാനസിക അസ്വസ്ഥതകൾക്കും പിരിമുറക്കത്തിനും പരിഹാരമായി എല്ലാ ജയിലുകളിലും തടവുകാർക്കായി വ്യക്തിപരമായ കൗൺസിലിംഗ് നൽകാനുള്ള അനുവാദം ജയിൽ മിനിസ്ട്രിക്ക് ലഭിച്ചിട്ടുണ്ട്. അത് കൃത്യമായി ചെയ്തു വരുന്നു.

**സ്പോൺസറിങ്**

ജയിലധികാരികൾ ആവശ്യപ്പെടുന്ന പ്രകാരം സുമനസുകളുടെ സഹായത്തോടെ അത്യാവശ്യ സാധനങ്ങൾ ജയിലുകളിലേക്ക് സ്പോൺസർ ചെയ്യാറുണ്ട്. തവനൂർ സെൻട്രൽ ജയിലിലേക്ക് ശ്രീമതി അമ്പിളിയുടെ സഹായത്തോടെ ഒരു സൗണ്ട് സിസ്റ്റവും തിരൂർ ജയിലിൽ താമരശ്ശേരി ആരാധന പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും 50 കസേരകളും കോഴിക്കോട് ജില്ലാ ജയിലിൽ രൂപത മാതൃവേദിയുടെ വകയായി 30 ബക്കറ്റുകളും നൽകിയിട്ടുണ്ട്.

**യൂണിറ്റ് സംഗമം**

എല്ലാമാസവും താമരശ്ശേരി യൂണിറ്റിലെ അംഗങ്ങൾ ബഹുമാനപ്പെട്ട സായിയച്ചന്റെ നേതൃത്വത്തിൽ കരുണ ഹോസ്റ്റലിൽ ഒന്നിച്ചു കൂടി ആരാധന നടത്തി വിശുദ്ധ കുർബാനയും അർപ്പിക്കുന്നു. തുടർന്ന് മീറ്റിംഗ് നടത്തി അതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നു.

മൂന്നുമാസത്തിൽ ഒരിക്കൽ നടത്തുന്ന സോണൽ മീറ്റിങ്ങുകളിൽ കോഴിക്കോട് മാനന്തവാടി താമരശ്ശേരി രൂപതകളിലെ ഡയറ ക്ടേഴ്സും പ്രവർത്തകരും പങ്കെടുത്ത് തുടർ പ്രവർത്തനങ്ങളും ചർച്ച ചെയ്യുകയും കൂട്ടായ്മകൾ കൂടുതൽ ഊർജ്ജസ്വലമാക്കുകയും ചെയ്യുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഫെബ്രുവരി 11-ാം തീയതി രൂപതാ സെന്ററൽ കൗൺസിൽ ദേവഗിരി ഹോസാനാം ഭവനിൽ കൂടുകയുണ്ടായി. ബോർഡ് മെമ്പർമാരും ഏരിയാ കൗൺസിൽ പ്രസിഡന്റുമാരുമായി 25 പേർ പങ്കെടുത്തു. പാറോപ്പടി ഇടവക യിൽ രൂപീകരിച്ച പുതിയ കോൺഫ്രൻസ് അംഗങ്ങൾ ജനുവരി 22-ാം തീയതി നടത്തിയ ജോബ് ഫെയർ വലിയ വിജയമായിരുന്നെന്ന് കോൺഫ്രൻസ് പ്രിസി ഡന്റും സെൻട്രൽ കൗൺസിൽ യൂത്ത് കോർഡിനേറ്ററുമായ ബ്രദർ മെൽവിൻ പാലേംതട്ടേൽ അറിയിച്ചു. പങ്കെടുത്ത 260 പേരിൽ 255 പേർക്കും തൊഴിൽ നൽകാൻ സാധിച്ചു എന്നും, 3 മാസം കഴിഞ്ഞാൽ വീണ്ടും ഒരു ജബ് ഫെയർ നടത്തുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി.

വാ. കാർലോ അകിറ്റസ്സിന്റെ പേരിൽ ആരംഭിച്ച പാറോപ്പടിയിലെ 4-ാ മത്തെ കോൺഫ്രൻസിന് എല്ലാവിധ നന്മകളും തുടർന്നും ഉണ്ടാകട്ടെ എന്ന് ഫൊറോന വികാരി റവ. ഡോ. ജോസഫ് കളരിക്കലച്ചൻ ആശംസിച്ചു.

ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച കുളത്തുവയൽ ഏരിയാ കൗൺസി ലിന്റെ വാർഷിക സെമിനാർ കരികണ്ടൻപാറ സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് നടക്കുകയുണ്ടായി.

ഇടവക വികാരി ബഹു. അഗസ്റ്റിൻ പാലത്തുംതലയ്ക്കൽ അച്ചൻ ദിവ്യബ ലിയർപ്പിച്ചു. തുടർന്ന് നടന്ന സെമിനാർ വികാരിയച്ചൻ ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബ്രദർ ജോൺ പുതിയാ മഠത്തിൽ ക്ലാസ്സ് എടുത്തു. ഏകദേശം 80 പേർ പങ്കെടുത്ത സെമിനാർ സ്നേഹ വിരുന്നോടെ സമാപിച്ചു.

ഫെബ്രുവരി 19-ാം തീയതി മരുതോങ്കര ഫൊറോന ഏരിയാ കൗൺസിലിലെ മുഴുവൻ കോൺഫ്രൻസുകളും സി.സി. പ്രസിഡന്റ് സന്ദർശിക്കുകയുണ്ടായി.

25-ാം തീയതി തിരുവമ്പാടി പള്ളിയിൽ നടക്കുന്ന രൂപതയിലെ എല്ലാ വനിതാ അംഗങ്ങൾക്കും വേണ്ടി ഒരു വനിതാ സെമിനാർ നടക്കുന്നുണ്ടെന്നും, എല്ലാ വനിതാ കോൺഫ്രൻസ് അംഗങ്ങളും പങ്കെടുക്കേണ്ടതാണെന്നും വനിതാ പ്രതിനിധി അറിയിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

2023 ജനുവരി 5 ന് പി.എം.ഒ.സി. യിൽ കൂടിയ സർവ്വീസ് ടീമിൽ എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള പരിശ്രമങ്ങൾ സോണിലും സബ്സോണിലും നടത്തിവരുന്നു. ഇപ്പോൾ സോണിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 8 മിനിസ്ട്രികളിലും രണ്ട് കൗൺസിലുകളിലും പതിനൊന്ന് സബ്സോണുകളിലും നടപ്പിൽ വരുത്താനുള്ള തീവ്രശ്രമത്തിലാണ് നേതൃത്വം. ക്രിസ്റ്റീൻ മിനിസ്ട്രിക്ക് 11 സബ്സോണുകളിലും സർവ്വീസ് ടീം ആയിട്ടുണ്ട്. കൂടാതെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും കെരിഗ്മക്കും 9 സബ്സോണുകളിൽ സർവ്വീസ് ടീം രൂപീകൃതമായി. നോമ്പ് കാലത്ത് എല്ലാ ഇടവകകളിലും ധ്യാനം നടത്തുവാനായിട്ടും ഗ്രൂപ്പുകൾ ഇല്ലാത്ത ഇടങ്ങളിൽ ഗ്രൂപ്പുകൾ സ്ഥാപിക്കാനായിട്ടും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

2023 ജനുവരി 28 ന് സോണൽ കൂട്ടായ്മ ഓൺലൈനിൽ നടത്തുകയുണ്ടായി. ലീഡേഴ്സിനെ ഉണർത്തുന്നതിനും ഭാവിയിലേക്കുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനും കൂട്ടായ്മ ഉപകാരപ്രദമായി മുൻ കെഎസ്ടി വൈസ് ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻതാന്നിക്കൽ ക്ലാസ്സ് നയിച്ചു. തൊണ്ണൂറോളം പേർ പ്രോഗ്രാമിൽ പങ്കെടുക്കുകയുണ്ടായി. സബ്സോൺ കോർഡിനേറ്റർമാരും മിനിസ്ട്രി കോർഡിനേറ്റർമാരും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

2023 ഫെബ്രുവരി 17-ാം തീയതി കെസിഎസ്സി യുടെ (കേരള കരിസ്മാറ്റിക് സേവന സമിതി) സോണൽ സന്ദർശനം പിഎംഒസി യിൽ വച്ച് നടക്കുകയുണ്ടായി. സോണൽ നേതൃത്വത്തിലുള്ള 135 പേർ മീറ്റിംഗിൽ പങ്കെടുത്തു. കെസിഎസ്സി കോർഡിനേറ്റർ ബഹു. ജോസഫ് താമരവെളി അച്ചൻ വൈസ് കോർഡിനേറ്റർ ശ്രീ. സന്തോഷ് തലച്ചിറ, കെസിഎസ്സി അംഗം ശ്രീ. സണ്ണി, ശ്രീ. ബിജു ആന്റണി എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. കെസിഎസ്സി നേതൃത്വത്തിനും പങ്കെടുത്ത എല്ലാവർക്കും ബഹു. സൈമൺ അച്ചൻ സ്വാഗതം ആശംസിച്ചു.

കെസിഎസ്സി കോർഡിനേറ്ററുടെ വചനസന്ദേശം പങ്കെടുത്ത എല്ലാവരെയും ജ്വലിപ്പിക്കുന്നതായിരുന്നു. അഗ്നി എപ്രകാരം ഒരു വസ്തുവിനെ ശുദ്ധീകരിക്കുന്നവോ, രൂപാന്തരീകരണം വരുത്തുന്നുവോ അതുപോലെ ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് എല്ലാവരെയും നവീകരിക്കട്ടെയെന്നും രൂപാന്തരപ്പെടുത്തട്ടെയെന്നും ആശംസിച്ചു. ഇത് വ്യക്തികളെ മാത്രമല്ല കുടുംബങ്ങളെയും ഇടവകയെയും സ്ഥാപനങ്ങളെയും സഭയെയും ലോകത്തെയും ചലിപ്പിക്കുന്ന തരത്തിൽ നവീകരണത്തിൽ വന്ന ഓരോരുത്തരും രൂപപ്പെടണമെന്ന് ഓർമ്മിപ്പിച്ചു. നവീകരണത്തിലേക്കും നേതൃത്വത്തിലേക്കുമുള്ള വിളി പുളിമാവും ഉപ്പും പ്രകാശവും

ആയി പ്രവർത്തനനിരതമാകേണ്ടതാണെന്നുകൂടി അനുസ്മരിപ്പിച്ചു.

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പിഎംഒസി യിലെ ഹാളിൽ അംഗങ്ങളുടെ നിറസാന്നിദ്ധ്യത്തെ പ്രശംസിച്ച് സംസാരിച്ചു. സോണിന്റെ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾ സബ്സോണുകളിലേക്ക് വ്യാപിപ്പിക്കണമെന്നും എല്ലാവരും അതിനായി പ്രവർത്തിക്കണമെന്നും ഓർമ്മിപ്പിച്ചു. സോണിന്റെ നേതൃത്വത്തെ ഒരുമിച്ച് കാണാൻ കഴിഞ്ഞതിലുള്ള സന്തോഷവും പിതാവ് പങ്കുവച്ചു. സമൂഹത്തിലെ എല്ലാ തലത്തിലുള്ളവരെയും ചേർത്തുപിടിക്കണമെന്നും കുട്ടികളെയും യുവജനങ്ങളെയും പ്രത്യേകം കരുതണമെന്നും പറഞ്ഞു. പിതാവിന്റെ അനുഗ്രഹവും പ്രാർത്ഥനയും ശ്ലൈഹിക ആശീർവാദവും എല്ലാവർക്കും നൽകി.

വിശുദ്ധ കുർബാനക്കും ഉച്ചഭക്ഷണത്തിനുശേഷം ഒരുമിച്ചുകൂട്ടിയത് എൽഎസ്എസ് സെമിനാറിന്റെ നന്മകളും പ്രാധാന്യവും അതിന്റെ അനിവാര്യതയും സജീവമാകേണ്ടതിന്റെ ഓർമ്മപ്പെടുത്തലിനായിരുന്നു. മാമ്മോദീസായിലൂടെ കിട്ടിയ ഫലങ്ങൾ അനുഭവിച്ചുകൊണ്ട് അത് സമൂഹത്തിന് പകർന്ന് നൽകേണ്ടവരാണ് ഓരോ ക്രൈസ്തവനും എന്ന് ഓർമ്മിപ്പിച്ചു. അതിനുവേണ്ടി എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന പ്രതിജ്ഞയോടെയും നന്ദി പ്രകാശനത്തോടെയും മീറ്റിംഗ് അവസാനിച്ചു.

നാല് മണിക്കുശേഷം കെസിഎസ്സി അംഗങ്ങൾ സോണിലെ വിവിധ സബ്സോണുകളിലും നിന്നും വന്ന yu4c അംഗങ്ങളോടൊപ്പം ഇരിക്കുകയും അവരെ കേൾക്കുകയും ചെയ്തു. സോണിലും സബ്സോണുകളിലും സർവ്വീസ് ടീം രൂപപ്പെടുത്താനുള്ള ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും നന്ദിപ്രകാശനത്തോടെയും കൂട്ടായ്മ സമാപിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

തിരുനാൾ ആഘോഷങ്ങളുടെ തിരക്കിൽ നിന്നും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റേയും ദിവസങ്ങളിലേക്ക് നാം കടക്കുമ്പോൾ ബഥാനിയായ്ക്ക് തിരക്കിന്റെ നാളുകളാണിത്. വലിയ നോമ്പിന്റെ പ്രത്യേക ശുശ്രൂഷകളിൽ അനേകരാണ് ബഥാനിയായിൽ വന്ന് പങ്കെടുക്കുന്നത്.

## ധ്യാനങ്ങൾ

ഫെബ്രുവരി മാസത്തിൽ ബഥാനിയായിൽ രണ്ട് ധ്യാനങ്ങളാണ് നടന്നത്. 10 മുതൽ 13 വരേയും 24 മുതൽ 27 വരെയുമായിരുന്നു ധ്യാനങ്ങൾ. സഭയുടെ ഔദ്യോഗിക ഡെലിവറൻസ് ശുശ്രൂഷയെ അടിസ്ഥാനമാക്കി നടക്കുന്ന ധ്യാനത്തിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് വന്ന് പങ്കെടുക്കുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ധ്യാനങ്ങൾ ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കലും ടീമുമാണ് നയിച്ചത്.

## ഇടവകധ്യാനങ്ങൾ

ഈ മാസം രണ്ട് ഇടവകകളിൽ ബഥാനിയ ടീമിന്റെ ധ്യാനം ഉണ്ടായിരുന്നു. താമരശ്ശേരി രൂപതയിലെ ചാപ്പൻതോട്ടം ഇടവകയിലും മാനന്തവാടി രൂപതയിലെ കാവുംമന്ദം ഇടവകയിലുമായിരുന്നു ബഥാനിയായുടെ ധ്യാനങ്ങൾ. രണ്ട് ഇടവകകളിലേയും ബഹു. വികാരിയച്ചന്മാർ പ്രാർത്ഥനകളിലൂടെ ദൈവജനത്തെ നന്നായി ഒരുക്കിയിരുന്നതിനാൽ ധ്യാനത്തിന് നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു. ഈ ധ്യാനങ്ങളിലൂടെ നൽകിയ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി പറയുന്നു.

## ഏകദിന കൺവെൻഷൻ

ഫെബ്രുവരിയിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരേയുള്ള ശുശ്രൂഷകളിൽ എല്ലാ വെള്ളിയാഴ്ചകളിലും ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. ആദ്യവെള്ളിയാഴ്ച ആവേമരിയഹാളിൽ നടന്ന ശുശ്രൂഷകളിൽ പ്രത്യേകനിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്ന ആയിരങ്ങളാണ് വിശ്വാസപൂർവ്വം പങ്കെടുക്കുന്നത്. അന്നത്തെ ശുശ്രൂഷകളുടെ സമാപനത്തിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ഹല്ലേലൂയ്യ വിളികളോടെയാണ് വിശ്വാസികൾ ഈശോയെ എതിരേറ്റത്.

വി. കുരിശിന്റെ വഴി പ്രാർത്ഥന, ജപമാല, ദിവ്യാകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബ്ബാന, വി. കുസാരം, സ്പിരി ചൽ ഷെയറിംഗ്, തുടങ്ങിയവയാണ് വെള്ളിയാഴ്ച കൺവെൻഷനിൽ നടക്കുന്ന ശുശ്രൂഷകൾ.

### സ്പിരിചൽ ഷെയറിംഗ്

എല്ലാ വെള്ളിയാഴ്ചകളിലും ബുധനാഴ്ചകളിലും സ്പിരിചൽ ഷെയറിംഗ് നടന്നു. ബുധനാഴ്ചകളിൽ മുൻകൂട്ടി ബുക്കുചെയ്യുന്നവർക്കുവേണ്ടി മാത്രമാണ് ഈ ശുശ്രൂഷ ജീവിത പ്രതിസന്ധികളിൽപ്പെട്ടുഴലുന്നവർക്ക് ആശ്വാസകരമാണ് സ്പരിചൽ ഷെയറിംഗ്.

### വലിയ നോമ്പിലെ ശുശ്രൂഷകൾ

ഫെബ്രുവരി 20 ന് ആരംഭിച്ച വലിയ നോമ്പിൽ ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ മൂന്നു വി. കുർബാനകൾ ഉണ്ടായിരുന്നു. രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും ആയിരുന്നു വി. കുർബാനകൾ. എല്ലാദിവസവും വി. കുർബാനയോടനുബന്ധിച്ച് വി. കുരിശിന്റെ പ്രാർത്ഥന നടന്നു. വൈകുന്നേരം 6.30 ന് കുരിശിന്റെ വഴി ഗാർഡനിലാണ് പ്രാർത്ഥന നടക്കുന്നു. തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് വ്യക്തിപരമായി കുരിശിന്റെ വഴി പ്രാർത്ഥന നടത്തുന്ന അനേകരെ കുരിശിന്റെവഴി ഗാർഡനിൽ കാണാമെന്നത് ഒരു പ്രത്യേകതയാണ്. വലിയ നോമ്പിലെ ആദ്യ നാൽപത് രാത്രികളിലും നിത്യാരാധന ചാപ്പലിൽ ജപമാല, കരുണകൊന്ത, കുരിശിന്റെ വഴി എന്നിവ നടക്കുന്നു.

### മദ്ധ്യസ്ഥപ്രാർത്ഥന

ബഥാനിയായിലെ എല്ലാ ചാപ്പലുകളിലും മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടന്നു. ബഥാനിയായ്ക്കുവേണ്ടിയും, സമർപ്പിക്കപ്പെടുന്ന നിയോഗങ്ങൾക്കുവേണ്ടിയും തിരുസ്സഭയ്ക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് പ്രാർത്ഥിക്കുന്നത്.

### മാർച്ച് മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| 3 ആദ്യവെള്ളി | : | ഏകദിനകൺവെൻഷൻ |
| 4 ശനി | : | 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് പരീക്ഷ ഒരുക്ക പ്രാർത്ഥന (രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ) |
| 10 വെള്ളി | : | ഏകദിനകൺവെൻഷൻ |
| | | ജീവിതവിശുദ്ധീകരണ ധ്യാനം (10-13) |
| 17 വെള്ളി | : | ഏകദിനകൺവെൻഷൻ |

18 ശനി : ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

24 വെള്ളി : ഏകദിന കൺവെൻഷൻ

ജീവിത വിശുദ്ധീകരണ ധ്യാനം (24-27)

31 വെള്ളി : ഏകദിന കൺവെൻഷൻ

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## വാർഷികാഘോഷം

കാറ്റുള്ളമല ദർശന മഹിളാസമാജം വാർഷികാഘോഷത്തോടൊപ്പം ന്യൂ ഇയർ ആഘോഷവും നടത്തി. സമാജം പ്രസിഡന്റ് മറിയ മാത്യു അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഗീത ബിജു വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ ആശംസയർപ്പിച്ചു. പിന്നീട് ഹാജറിനുള്ള സമ്മാനങ്ങൾ നല്കി. തുടർന്ന് കേക്ക് മുറിച്ചു ന്യൂ ഇയർ ആഘോഷിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. അതിനുശേഷം സ്നേഹ വിരുന്നു നടത്തി.

## ന്യൂ ഇയർ ആഘോഷം

COD യുടെ വിവിധ പ്രദേശങ്ങളിലുള്ള ഗ്രാമ വികസന സമിതികൾ, സ്വാശ്രയ സംഘങ്ങൾ, M.C.C. കൾ എന്നിവിടങ്ങളിൽ കേക്ക് മുറിച്ചു ന്യൂ ഇയർ ആഘോഷം നടത്തി. COD ഏരിയ കോ-ഓർഡിനേറ്റർസ്, ഗ്രാമ വികസന സമിതി ഭാരവാഹികൾ, അംഗങ്ങൾ എന്നിവർ പങ്കെടുത്തു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കൂടാതെ സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## ആശാകിരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD താമരശ്ശേരിയും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയും, പുല്ലാഞ്ഞിമേടുള്ള യേശുഭവൻ MSJ സിസ്റ്റേഴ്സിന്റെ സഹായത്തോടെ ജനുവരി 19 ന് പുല്ലാഞ്ഞിമേട് യേശുഭവനിൽ നടത്തപ്പെട്ടു. ക്യാമ്പിൽ 10 പേർ പങ്കെടുത്തു. അടുത്ത ക്യാമ്പ് 2023 ഫെബ്രുവരി 14 ന് നടത്തപ്പെടും.

## 'ഷീറോ' ബോധവൽക്കരണ ക്ലാസ്

ഇന്ത്യയിലെ ആദ്യ ബ്രാൻഡഡ് ഹോം ഫുഡ് പ്ലാറ്റ്ഫോം 'ഷീറോ' COD

യുടെ ആഭിമുഖ്യത്തിൽ ജനുവരി 13 വെള്ളിയാഴ്ച 10.30 ന് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്റർ സെന്ററിൽ വച്ച് ഷീറോ പ്രതിനിധികൾ ബോധവൽക്കരണ സെമിനാർ നടത്തി. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ ഉദ്ഘാടനം ചെയ്തു. 'ഷീറോ' പ്രതിനിധികൾ ശ്രീ. സന്തോഷ് നാരായൺ, നിമ്മി വർഗീസ് എന്നിവർ ക്ലാസ്സെടുത്തു. ഈ പ്ലാറ്റ്ഫോം മുന്നോട്ടുവയ്ക്കുന്ന സേവനങ്ങളെക്കുറിച്ചു സംസാരിച്ചു. പരിശീലനത്തിനു തയ്യാറായവരിൽ നിന്ന് അപേക്ഷ സ്വീകരിക്കുകയും ചെയ്തു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നായി 65 പേർ പങ്കെടുത്തു.

### ജെ.എൽ.ജി. വായ്പ പുതുക്കൽ

കാർഷികവികസന പദ്ധതിയുടെ ഭാഗമായി ഭക്ഷ്യവിളകൃഷിക്കായി കനറാ ബാങ്ക് മുഖേന സി.ഒ.ഡി.യുടെ നേതൃത്വത്തിൽ 308 കർഷകർക്കായി വിതരണം ചെയ്ത 2 കോടി 31 ലക്ഷം പുതുപ്പാടി, കൂരാച്ചുണ്ട് സ്ഥലങ്ങളിൽ വച്ച് ബാങ്ക് അധികൃതരുടെ നേതൃത്വത്തിൽ (231 ലക്ഷം) രൂപയുടെ വായ്പ പുതുക്കി. സി .ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ, ജോയ് കെ.സി, COD ഏരിയ കോ-ഓർഡിനേറ്റർമാർ എന്നിവർ നേതൃത്വംനല്കി.

### ഹരിത ചട്ടം സെമിനാർ സംഘടിപ്പിച്ചു

COD യും കേരള മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സോഷ്യൽ സർവീസ് ഫോറം (KSSF) ചേർന്ന് ഹരിത ചട്ടം സെമിനാർ സംഘടിപ്പിച്ചു. താമരശ്ശേരിരൂപത സെമിനാർഹാളിൽ 'പ്രകൃതി പരിപോഷണം നമ്മുടെ കടമ' എന്ന ശീർഷകത്തിൽ നടന്ന സെമിനാർ രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ അധ്യക്ഷത വഹിച്ചു. KSSF കോ-ഓർഡിനേറ്റർ ജിത്തു ജോസഫ് ക്ലാസ് നയിച്ചു . രൂപതയുടെ കീഴിലുള്ള 10 സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. അൽഫോൻസാ മൈനർ സെമിനാരി റെക്ടർ ഫാ. ജേക്കബ് അരീത്തറ. COD പ്രോഗ്രാം കോ- ഓർഡിനേറ്റർ ജോയ് കെ.സി, കോർഡിനേറ്റർ പി .സി. ഷിനോജ്എന്നിവർ പ്രസംഗിച്ചു. ഹരിത ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങളിൽ ഹരിത ചട്ടം ബോധവത്കരണ ബോർഡ്, മാലിന്യ നിക്ഷേപ ബോക്സ് എന്നിവ സ്ഥാപിക്കുകയും ചെയ്തു.

### കാവൽ പദ്ധതി

COD കാവൽപദ്ധതി കേസ് വർക്കർ ടീന വിൽസൺ പുതിയ മേഖലയിലേക്ക് പോകുന്നതിന്റെ ഭാഗമായി രാജിവച്ച ഒഴിവിലേക്ക് ഇന്റർവ്യൂ പാനൽ നാലാം റാങ്കുകാരി അശ്വന സന്തോഷിനെ പുതിയ കാവൽ പദ്ധതി കേസ് വർക്കർ ആയി COD കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു.

## പുസ്തക പ്രകാശനം

കോഴിക്കോട് ജില്ലയിൽ COD താമരശ്ശേരിയുടെ കാവൽ പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചുകവി രചിച്ച 'ചെകുത്താൻ ചിരിക്കുന്നു' എന്ന കവിതാസമാഹാരം ജനുവരി 30 ന് ബാലുശ്ശേരി പഞ്ചായത്ത് ഹാളിൽ വച്ച് പുസ്തക പ്രകാശനം നടത്തി. ബാലുശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രൂപലേഖ അധ്യക്ഷത വഹിച്ചു. പനങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.എം കുട്ടികൃഷ്ണൻ ചടങ്ങു ഉദ്ഘാടനം ചെയ്തു. പ്രമുഖ കവി ശ്രീ. പവിത്രൻ തീക്കുനി ചെറുകഥാകൃത്ത് ശ്രീ. വി.പി. ഏലിയാസിന് നൽകികൊണ്ട് പുസ്തകത്തിന്റെ പ്രകാശനം നടത്തി. ശ്രീ. ഓണിൽ രവീന്ദ്രൻ പുസ്തക പരിചയം നടത്തി. ബ്ലോക്ക് പഞ്ചായത്ത് മെമ്പറും, ജില്ല ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ. കെ.പി. സഹീർ, പി.കെ.എസ്. ജില്ലാ സെക്രട്ടറി അഡ്വ. ഒ.എം. ഭരദ്വാരാജ്, കോക്കല്ലൂർ ഹയർ സെക്കണ്ടറി സ്കൂൾ റിട്ട. പ്രിൻസിപ്പാൾ ശ്രീ. എം.കെ ഗണേശൻ, പഞ്ചായത്ത് വാർഡ്മെമ്പർ ശ്രീ. ഹരീഷ് നന്ദനം, ശ്രീ. കെ.പി. ദിലീപ് കുമാർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കൊച്ചുകവി എല്ലാവർക്കും നന്ദി അർപ്പിച്ചു സംസാരിച്ചു. പുസ്തകത്തിന്റെ 100 കോപ്പി വിതരണം നടത്തുകയും ചെയ്തു. കാവൽ പദ്ധതി കോ-ഓർഡിനേറ്റർ അമൽ പങ്കജാക്ഷൻ, കേസ് വർക്കർ അശ്വന സന്തോഷ് എന്നിവർ പങ്കെടുത്തു.

## ജല ജീവൻ പദ്ധതി

ജനുവരി 4 ന് താമരശ്ശേരി പഞ്ചായത്ത് ഹാളിൽ വെച്ച് ജല ജീവൻ പദ്ധതി ഭാഗമായി PRA നടത്തി. ടീം ലീഡർ ആഷിഖ സ്വാഗതം പറഞ്ഞു. COD സ്റ്റാഫ് അംഗം ശ്രീ. ജോയ് PRA ആക്ടിവിടിയെ കുറിച്ച് വിശദീകരിച്ചു. പഞ്ചായത്തിലെ എല്ലാ മെമ്പർമാരും COD യിലെ മറ്റു ISA സ്റ്റാഫ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

## ജലശ്രീ ക്ലബ് രൂപീകരണം

താമരശ്ശേരി പഞ്ചായത്ത് ജല ജീവൻ പദ്ധതി ഭാഗമായി GUP സ്കൂൾ താമരശ്ശേരി, MMALPS കെടവൂർ, GMUP സ്കൂൾ പള്ളിപ്പുറം, തെക്കുംതോട്ടം എൽ പി സ്കൂളിൽ, GLPS ചെമ്പ്രയിൽ, AMUPS അണ്ടോണ, ജി എം എച് എസ് രാരോത് എന്നീ സ്കൂളുകളിൽ ജലശ്രീക്ലബ് രൂപീകരിച്ചു. പ്രൊജക്റ്റ് കോർഡിനേറ്റർ ആൽബിനും ടീം ലീഡർ ആഷിഖയും കുട്ടികൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## കലണ്ടർ വിതരണം ചെയ്തു

കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ പദ്ധതി ഭാഗമായി കലണ്ടറുകൾ വിതരണം ചെയ്തു. 2023 വർഷത്തിലെ ആർട്ട് കലണ്ടർ (100എണ്ണം), കലണ്ടർ (500എണ്ണം) എന്നിവയാണ് വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം കൂ

ടരഞ്ഞി പഞ്ചായത്ത് പ്രസിഡന്റ് ആദർശ് ജോസഫ് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർമാരായ സുരേഷ് ബാബു, വി. എസ്. രവീന്ദ്രൻ, റോസിലി ജോസ് എന്നിവർ സംസാരിച്ചു. പഞ്ചായത്തു ഓഫീസ്, സി ഡി എസ് ഓഫീസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വില്ലേജ് ഓഫിസ്, കൃഷിഭവൻ, പ്രാഥമിക ആരോഗ്യ കേന്ദ്രം , അംഗൻവാടികൾ എന്നിവിടങ്ങളിൽ കലണ്ടറുകൾ വിതരണം ചെയ്തു. ജൽജീവൻ മിഷൻ സഹായ സങ്കടനയായ സെന്റർ ഫോർ ഓവറോൾ ഡെവലപ്പ്മെന്റിന്റെ നേതൃത്വത്തിൽ ആയിരുന്നു കലണ്ടർ വിതരണം.

താമരശ്ശേരി പഞ്ചായത്ത്  ജലജീവൻ പദ്ധതിയുടെ ഭാഗമായി കലണ്ടറുകൾ അംഗനവാടികൾ, സ്കൂളുകൾ, പഞ്ചായത്ത് കുടുംബശ്രീ ADS, CDS, പഞ്ചായത്ത് വാർഡ് മെമ്പേഴ്സ്, തൊഴിലുറപ്പു പദ്ധതി ഓഫിസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്,  തുടങ്ങിയ ഇടങ്ങളിൽ കൊടുത്തു. ജലജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള  പൈപ്പ് കണക്ഷനുള്ള  അപേക്ഷാഫോം വിതരണത്തിനായി ഓരോ വാർഡിൽ നിന്നും വോളന്റിയേഴ്സിനെ നിയോഗിച്ചു.

ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി കലണ്ടറുകൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം ഓമശ്ശേരി പഞ്ചായത്ത് പ്രസിഡന്റണ്ടു അബ്ദുൾ നാസർ ഉദ്ഘാടനംചെയ്തു. വാർഡ് മെമ്പർമാരായ ഗംഗാതരൻ, ഷീജ, ഇബ്രാഹിം ഹാജി എന്നിവർ സംസാരിച്ചു. പഞ്ചായത്തു ഓഫീസ്, സി ഡി എസ് ഓഫീസ്,  വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വില്ലേജ് ഓഫിസ്, കൃഷിഭവൻ, പ്രാഥമിക ആരോഗ്യ കേന്ദ്രം, അംഗൻവാടികൾ എന്നിവിടങ്ങളിൽ  കലണ്ടറുകൾ വിതരണം ചെയ്തു.

### പഠനോപകരണങ്ങൾ വിതരണം ചെയ്തു

കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ ജലജീവൻ മിഷന്റെ ഭാഗമായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. പഠനോ പകരണങ്ങളുടെ വിതരണ ഉദ്ഘാടനം സെന്റ്. സെബാസ്റ്റ്യൻസ്ഹൈസ്കൂളിൽ വെച്ച് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീ. വി. എസ്. രവീന്ദ്രൻ നിർവഹിച്ചു.   പ്രധാന അദ്ധ്യാപകൻ ശ്രീ. സജി, ജലജീവൻ ടീം ലീഡർ എന്നിവർ പ്രസംഗിച്ചു. ജലജീവൻ ടീം ലീഡറുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ നല്കി.

ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ ജൽജീവൻ  മിഷന്റെ ഭാഗമായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. പഠനോപകരണങ്ങളുടെ വിതരണ ഉദ്ഘാടനം പുത്തൂർ ഗവണ്മെന്റ് യു പി സ്കൂളിൽ വെച്ച് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീ. സൈനുദീൻ കൊളത്തക്കര നിർവഹിച്ചു. പ്രധാന അദ്ധ്യാപകൻ പി ഹുസൈൻ, ജലജീവൻ ടീം ലീഡർ എന്നിവർ പ്രസംഗിച്ചു. ജലജീവൻ ടീം ലീഡറുടെ നേതൃത്വത്തിൽ

പഠനോപകരണങ്ങൾ വിതരണം പൂർത്തീകരിച്ചു.

തിരുവമ്പാടി പഞ്ചായത്തിൽ ജലജീവൻപദ്ധതിയുടെ ഭാഗമായിഎൽ.പി, യു .പി, ഹൈസ്കൂൾ പുന്നക്കൽ, തിരുവമ്പാടി ഹൈസ്കൂൾ, യു.പി.സ്കൂൾ ആന ക്കാംപൊയിൽ, യു.പി.സ്കൂൾ പൊന്നാങ്കയം, യു.പി, ഹൈസ്കൂൾ പുല്ലൂരാം പാറ എന്നിവിടങ്ങളിലെ ജലശ്രീ ക്ലബ് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിത രണം ചെയ്തു. ടീം ലീഡർ റെനി സാബു നേതൃത്വം നല്കി.

കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ ജല ജീവൻ മിഷന്റെ ഭാഗമായി ടീം ലീഡറുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം പൂ ർത്തീകരിച്ചു. പഠനോപകരണങ്ങളുടെ വിതരണ ഉദ്ഘാടനം വലിയപറമ്പ് AMLPS സ്കൂളിൽ വെച്ച് പഞ്ചായത്ത പ്രസിഡണ്ട് പി പി നസ്റിൻ ഉദ്ഘാടനം ചെയ്തു . പ്രധാന അദ്ധ്യാപകൻ അബ്ദു റഹ്മാൻ, ജലജീവൻ ടീം ലീഡർ എന്നിവർ പ്രസം ഗിച്ചു.

## സ്കൂൾതല ചുവരെഴുത്ത്

തിരുവമ്പാടി പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി എൽ.പി, യു.പി, ഹൈസ്കൂൾ പുന്നക്കൽ, തിരുവമ്പാടി ഹൈസ് കൂൾ, യു.പി.സ്കൂൾ ആ നക്കാംപൊയിൽ, യു.പി.സ്കൂൾ പൊന്നാങ്കയം, യു.പി, ഹൈസ്കൂൾ പുല്ലൂരാം പാറ എന്നിവിടങ്ങളിൽ സ്കൂൾതല ചുവരെഴുത്തു നടത്തപ്പെട്ടു. ടീം ലീഡർ റെനി സാബുവിന്റെ നേതൃത്വത്തിൽ ഡെനിൽ പുല്ലൂരാംപാറ ചുവരെഴുത്ത് നടത്തി.

## ജല ഓഡിറ്റ് & ബജറ്റ് പരിശീലനം

ഓമശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ പദ്ധതിയുടെ ഭാഗ മായി ഓമശ്ശേരി കമ്മ്യൂണിറ്റി ഹാളിൽ പഞ്ചായത്ത്തല ജല ഓഡിറ്റും ബജറ്റ് പരി ശീലനവും സംഘടിപ്പിച്ചു. പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർ മാൻ യൂനുസ് അമ്പലക്കണ്ടി ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാ ൻഡിങ് കമ്മിറ്റി ചെയർമാൻ സൈനുദീൻ കൊളത്തക്കര അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഒ.പി. സുഹറ മുഖ്യ പ്രഭാ ഷണം നടത്തി. ടീം ലീഡർ ജ്യോതിസ് ജോസ് സ്വാഗതം പറഞ്ഞു. പഞ്ചായത്ത് അംഗങ്ങളായ ഷീജ ബാബു, കെ. കരുണാകരൻ, പി.കെ. ഗംഗാധരൻ, സി.എ. ആയിഷ, എം ഷീല, ജലജീവൻ കോ-ഓർഡിനേറ്റർ ആൽബിൻ ടോമി ISA പ്ര തിനിധികളായ ഷാദിയ, ആഷിക എന്നിവർ സംസാരിച്ചു. ബിജു നെന്മേനി പരി ശീലനത്തിന് നേതൃത്വം നല്കി. ജലത്തിന്റെ ഉപയോഗം കുറക്കുന്നതിനെക്കുറി ച്ചും ജലം നല്ല രീതിയിൽ വിനിയോഗിക്കുന്നത് സംബന്ധിച്ചു പരിശീലന പരി പാടിയിൽ വിശദീകരിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# യേശുനിധി

21.01.2023 മുതൽ 20.02.2023 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Kakkadampoil | 10,000.00 |
| 2 | Kunnamangalam | 10,000.00 |
| 3 | Kuppayakode | 8,000.00 |
| 4 | Perambra | 8,000.00 |

**Home**

| | | |
|---|---|---|
| 5 | Chundathumpoil | 15,000.00 |
| 6 | Kalikavu | 15,000.00 |
| 7 | Koomully | 10,000.00 |
| 8 | Nayadampoil | 15,000.00 |
| 9 | Passukadave | 15,000.00 |
| 10 | Peruvannamuzhi | 15,000.00 |
| 11 | Poozhithode | 15,000.00 |
| 12 | Puthuppady | 10,000.00 |
| 13 | Vettilappara | 10,000.00 |

**Medical**

| | | |
|---|---|---|
| 14 | Anackampoil | 10,000.00 |
| 15 | Kannoth | 10,000.00 |
| 16 | Kannoth | 8,000.00 |
| 17 | Kattipara | 10,000.00 |
| 18 | Koodaranji | 10,000.00 |
| 19 | Kulathuvayal | 8,000.00 |
| 20 | Kunduthode | 10,000.00 |
| 21 | Mariapuram | 8,000.00 |
| 22 | Muthappanpuzha | 10,000.00 |
| 23 | Pedikappara | 10,000.00 |
| 24 | Pulloorampara | 15,000.00 |
| 25 | Thottumukkam | 15,000.00 |
| 26 | Valillapuzha | 10,000.00 |
| 27 | Vilangad | 10,000.00 |
| 28 | Vilangad | 15,000.00 |

**Marriage**

| | | |
|---|---|---|
| 29 | Kattipara | 10,000.00 |
| 30 | Pathippara | 20,000.00 |
| 31 | Thekkumkutty | 15,000.00 |
| | **Total** | **360,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

ഫെബ്രുവരി 2023

01-02 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

02 വൈകുന്നേരം, ബാംഗ്ലൂർ ബെനഡിക്ടൈൻ ആശ്രമാധിപൻ ഫാ. ജെറോം നടുവത്താനിയിലിനെ സന്ദർശിക്കുകയും ആശ്രമത്തിൽ വിശ്രമിക്കുകയും ചെയ്തു.

03 രാവിലെ, ബാംഗ്ലൂർ ആശീർവനം ബെനഡിക്ടൈൻ തീർത്ഥാടനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു.

04 രാവിലെ, ബാംഗ്ലൂർ കോത്തന്നൂർ സെന്റ് മേരീസ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് ആദ്യകുർബാനയും സ്ഥൈര്യലേപനവും നല്കി. തുടർന്ന് തിരുനാളിനോടനുബന്ധിച്ച് പതാക ഉയർത്തി.

05 വൈകുന്നേരം, അമലാപുരി സെന്റ് തോമസ് ഇടവകപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.

06 വൈകുന്നേരം, താമരശ്ശേരി ചാവറ ഹോസ്പിറ്റലിൽ കപ്പേളയിൽ സന്യാസവ്രത വാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. നിർമ്മല, രജതജൂബിലി ആഘോഷിക്കുന്ന സി. സ്റ്റെല്ല എന്നിവരുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ് തു.

07 രാവിലെ, മുതുകാട് ഇടവകയിൽ കപ്പൂച്ചിൻ സന്യാസസമൂഹാംഗം ഡീക്കൻ മാത്യു പാലക്കലിന് പൗരോഹിത്യപട്ടം നല്കി.

വൈകുന്നേരം, കോഴിക്കോട് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ വർഗീസ് ചക്കാലയ്ക്കൽ പിതാവിന്റെ 70-ാം ജന്മദിനാഘോഷത്തിൽ പങ്കുചേരുകയും ആശംസകൾ നേരുകയും ചെയ്തു.

08 രാവിലെ, പന്തല്ലൂർ ഇടവകപള്ളിയിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി. തുടർന്ന് കടുക്കാസിറ്റിയിൽ പുതുതായി പണിയുന്ന കുരിശുപള്ളിയ്ക്ക് തറക്കല്ലിട്ടു.

ഉച്ചയ്ക്ക്, പുല്ലൂരാംപാറ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ്നേരി ജനറലേറ്റ് കപ്പേളയിൽ എതാനും

അർത്ഥിനികളുടെ നോവിഷ്യേറ്റ് പ്രവേശനത്തിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

09 രാവിലെ, പൂവാറൻതോട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും തിരുനാളിന് കൊടി ഉയർത്തുകയും ചെയ്തു. തുടർന്ന് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന് തറക്കല്ലിട്ടു.

രൂപതഭവനിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ച്യുറൽ ആന്റ് ഫുഡ് എത്തിക്സ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ശ്രീ. ജോസഫ് കിഴക്കേലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, വേനപ്പാറ ഹോളി ഫാമിലി യു.പി. സ്കൂളിൽ പരിസ്ഥിതി സൗഹൃദ പഠന ഭാഗത്തോടനുബന്ധിച്ച് നിർമ്മിച്ച ഏറുമാടവും പുതുതായി നിർമ്മിച്ച വീഥിയും ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, വേനപ്പാറ ഇടവകയിൽ വയോജന സംഗമത്തിൽ പങ്കെടുക്കുകയും കലാപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

10 രാവിലെ, കോഴിക്കോട് പി.എം.ഒ.സി.യിൽ പ്രീകാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ ഊരകം സെന്റ് അൽഫോൻസ സ്കൂൾ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, ഊരകം സെന്റ് അൽഫോൻസ സ്കൂൾ വാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

വൈകുന്നേരം, ചേവരമ്പലം സ്റ്റാർട്ടിൽ കത്തോലിക്കാ കോൺ ഗ്രസ് നേതൃസംഗമം ഉദ്ഘാടനം ചെയ്തു.

11 രാവിലെ, ആനക്കാംപൊയിൽ ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിക്കുകയും ചെയ്തു.

താമരശ്ശേരി ആരാധനസന്യാസ സമൂഹ പ്രൊവിൻഷ്യൽ ഭവന കപ്പേളയിൽ സന്യാസവ്രത വാഗ്ദാനത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന സഹോദരിമാർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

വൈകുന്നേരം, തലയാട് ഇടവക ദൈവാലയത്തിൽ ജൂബിലി ആഘോഷി

ക്കുന്ന വടക്കേൽ ജോസഫ്- റോസമ്മ ദമ്പതികളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിലും, ദമ്പതികളുടെ മകൾ സി. മേഴ്‌സി ലിറ്റിന്റെ വ്രത നവീകരണത്തിന്റെ രജതജൂബിലി ആഘോഷത്തിലും പങ്കെടുത്തു.

12 രാവിലെ, തളിപ്പറമ്പ് പിലാത്തറയിൽ നടന്ന ബൈബിൾ കൺവെൻഷൻ സമാപനത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

13 രാവിലെ, തോട്ടുമുക്കം ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഒരു ഭവനത്തിലെ മൂന്നാമത്തെയും നാലാമ ത്തെയും കുഞ്ഞുങ്ങൾക്കും മറ്റു രണ്ടു ഭവനത്തിലെ നാലാമത്തെ കുഞ്ഞുങ്ങൾക്കും പ്രാരംഭകൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജിൽ വെച്ച് നടന്ന ന്യൂ എജ്യുക്കേഷൻ പോളിസി ആന്റ് ഹയർ എജ്യുക്കേഷൻ ദേശീയ സെമിനാറിന്റെ സമാപന സമ്മേളനത്തിൽ ആദ്ധ്യ ക്ഷ്യം വഹിച്ചു.

വൈകുന്നേരം, തിരുവമ്പാടി സി.എം.സി. സന്യാസിനിസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിച്ചു.

കോടഞ്ചേരിയിൽ പരേതനായ മാത്യു പുന്നത്താനത്തിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 രാവിലെ, പാറോപ്പടി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും ഒരു ഭവനത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, രൂപത ഭവനിൽ നടന്ന രൂപത എപ്പാർക്കിയൽ അസംബ്ലി സംഘടിപ്പിക്കുന്നതിനുള്ള ചർച്ചയിൽ സംബന്ധിച്ചു.

വൈകുന്നേരം, പാറോപ്പടി എം.എസ്.എം.ഐ. കപ്പേളയിൽ പരേതയായ സി. ബിൻസി എം.എസ്.എം.ഐ.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

15 രാവിലെ, മഞ്ഞുവയൽ ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കുകയും ചെയ്തു.

തോട്ടുമുക്കം ഇടവക ദൈവാലയത്തിൽ പരേതയായ റോസമ്മ ഓലിയക്കാട്ടിലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

16 രാവിലെ, കണ്ണോത്ത് ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കുകയും ചെയ്തു.

ചക്കിട്ടപാറ ഇടവക ദൈവാലയത്തിൽ പരേതനായ ബഹു. ഫാ. മെൽബിൻ പള്ളിത്താഴത്തലിനുവേണ്ടി ദിവ്യബലിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

വൈകുന്നേരം, പടത്തുകടവ് ഹോളി ഫാമിലി യു.പി. സ്കൂൾ സ്ഥാപനത്തിന്റെ 75-ാം ജൂബിലിവർഷാരംഭ ഉദ്ഘാടന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

17 രാവിലെ, തെയ്യപ്പാറ ക്രിസ്തുദാസി സന്യാസിനിസമൂഹത്തിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും പുതിയ അൾത്താര കൂദാശ ചെയ്യുകയും ചെയ്തു.

മേരിക്കുന്ന് പി.എം.ഒ.സി.യിൽ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരുടെ സംഗമത്തെ അഭിസംബോധന ചെയ്തു.

വെകുന്നേരം, കോഴിക്കോട് അശോകപുരം ഹോളിക്രോസ് കോളേജിൽ നടന്ന നാഷണൽ ലെവൽ ഇന്റർ കോളേജിയേറ്റ് ഫെസ്റ്റ് -COMIENZO' 23 ഉദ്ഘാടനം ചെയ്തു.

18 രാവിലെ, തിരുവമ്പാടി സി.എം.സി. സന്യാസിനിസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഭവന കപ്പേളയിൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സഹോദരിമാർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

ഉച്ചയ്ക്ക് കൂടത്തായ് ഇടവക ദൈവാലയത്തിൽ ഒരു വിവാഹ വാഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

19 രാവിലെ, കൂരോട്ടുപാറ ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

കോഴിക്കോട് ഒരു ദന്താശുപത്രി വെഞ്ചരിച്ചു.

വൈകുന്നേരം, പാലൂർകോട്ട ഇടവക ദൈവാലയത്തിൽ ചെന്നിക്കര ജോസ്-മേരി ദമ്പതികളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലിയോടനബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

വൈകുന്നേരം, തോട്ടുമുക്കം ഇടവകയിൽ മുണ്ടംപ്ലാക്കൽ പരേതയായ മറിയത്തിനുവേണ്ടി ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതി തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

23 രാവിലെ, രൂപത ഭവനിൽ കോർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, രൂപത ഭവനിൽ നടന്ന മാസധ്യാനത്തിൽ സംബ ന്ധിച്ചു.

24 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ ചാച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

25 രാവിലെ, തിരുവമ്പാടിയിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ സമ്മേളനം ഉദ് ഘാടനം ചെയ്തു.

വൈകുന്നേരം, കട്ടിപ്പാറ ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന വാർഷികാ ഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

26 രാവിലെ, കോനൂർകണ്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, പുല്ലാഞ്ഞിമേട് ഒയാസിസ് സീനിയർ കെയർഹോമിൽ ബഹു. കുര്യൻ തലച്ചിറക്കുഴിയച്ചന്റെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് നടന്ന ആഘോഷത്തിൽ സംബന്ധിച്ചു.





# "MONTHLY INTENTIONS"

## 2023 July to December



### *July - For a Eucharistic life*

We pray that Catholics may place the celebration of the Eucharist at the heart of their lives, transforming human relationships in a very deep way and opening to the encounter with God and all their brothers and sisters.

### *August - For World Youth Day*

We pray the World Youth Day in Lisbon will help young people to live and witness the Gospel in their own lives.

### *September - For people living on the margins*

We pray for those persons living on the margins of society, in inhumane life conditions; may they not be overlooked by institutions and never considered of lesser importance.

### *October - For the Synod*

We pray for the Church, that she may adopt listening and dialogue as a lifestyle at every level, and allow herself to be guided by the Holy Spirit towards the peripheries of the world.

### *November - For the Pope*

We pray for the Holy Father; as he fulfills his mission, may he continue to accompany the flock entrusted to him, with the help of the Holy Spirit.

### *December - For persons with disabilities*

We pray that people living with disabilities may be at the center of attention in society, and that institutions may offer inclusive programs which value their active participation.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 28-02-2023 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 03, March 2023, Pages 98.